കൊടുങ്ങല്ലൂർ

കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ

കൃതികൾ

ബുക്ക് ൨

കൊടുങ്ങല്ലൂർ

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ

കൃതികൾ

പുസ്തകം ൨

പ്രസാധകൻ

പി. വി. കൃഷ്ണവാരിയർ

കേരളസാഹിത്യ അക്കാദമി

ലക്ഷ്മീസഹായം അച്ചുക്കൂടം

കോട്ടക്കൽ

1102

വില 1ക.

വിഷയാനുക്രമണിക

പ്രസ്താവന ... ... 1—2

പി. വി. കൃഷ്ണവാരിയർ

മുഖവുര ... ... i—xxiv

കെ. സി. വീരരായൻരാജാ ബി. ഏ., എൽ. ടി.

ശ്രീസ്തുതി 1

കവിഭാരതം 5

കൂടൽമാണിക്യം 18

ഒരു കരാർ 28

ഒരു ചരിത്രകഥ 38

ഗർവ്വശമനം 44

ശ്രീഭൂതപുരത്തപ്പൻ (പാന) 47

ശ്രീശങ്കരഗുരുചരിതം (സംസ്കൃതകൃതി) ... 52

സന്താനഗോപാലം—നാടകം 62

ദ്വിതീയാക്ഷരപ്രാസം 137

ഉദയസിംഹൻ 139

ഭദ്രകാളീസ്തവം 148

കേരളസാഹിത്യ അക്കാദമി

പ്രസ്താവന

സാഹിത്യസാമ്രാജ്യത്തിൽ ലബ്ധപ്രതിഷ്ഠനായ നമ്മുടെ (കവികുല) ചക്രവർത്തികളുടെ അപദാനങ്ങളെ എത്രതന്നെ എടുത്തുപാടിയാലും ഒട്ടും ഏറിപ്പോകുമെന്നു തോന്നുന്നില്ല. സമകാലികന്മാരായ സകലമഹാകവികളും ഐകകണ്ഠ്യേന ശ്ലാഘിക്കുന്ന ഉത്തമശ്ലോകനായ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു മാത്രമാണ്. ആധുനികമഹാകവികളിൽ പ്രശസ്തനായ വള്ളത്തോൾ നമ്മുടെ മഹാകവിയെപ്പററി പറയുന്നതു നോക്കുക:—

"ശബ്ദങ്ങളെദ്ദാസരെയെന്നപോലെ
ശരിക്കു കീഴ്നിർത്തിയ ശക്തിയുക്തൻ,
തനിച്ചു മുവ്വാണ്ടിടകൊണ്ടു സാക്ഷാൽ
ശ്രീഭാരതം തർജ്ജമചെയ്ത ധീരൻ,

കാളീകടാക്ഷഭ്രമരക്കളിപ്പൂ-
ക്കാവായ കല്യൻ കവിസാർവ്വഭൗമൻ
കുലാഭിമാനപ്രദകീർത്തി 'കുഞ്ഞി-
ക്കുട്ടക്ഷിതീശൻ' ——————" എന്നും,

"ആരിന്നി നമ്മൾക്കു ഹിതോപദേഷ്ടാ-
വ,സ്സൗമ്യനസ്മൽഗുരു സർവ്വമാന്യൻ"

എന്നും ഭക്തിബഹുമാനപുരസ്സരം സ്മരിക്കുന്ന വള്ളത്തോൾ മഹാകവി,

"ചിക്കെന്നു വിജ്ഞാനവിശേഷരത്ന-
ച്ചെപ്പായിരുന്നാത്തല ചാമ്പലായീ!
നിനക്കുവയ്യെൻ മലയാളഭാഷേ!
നിർഭാഗ്യയാം നിൻഗതിയെന്തു മേലിൽ".

എന്നു കഠിനമായി സംഭ്രമിച്ചുകൊണ്ട്,

"വൈധവ്യമാർന്നൂ കവിതാവധൂടി,
ഹാ കൈരളിപ്പെണ്ണിനു കണ്ണുപൊട്ടി!!"

എന്നു് ഉള്ളിൽത്തട്ടി വിലപിക്കതന്നെ ചെയ്യുന്നു.

മഹാകവി ഉള്ളൂർ പരമേശ്വരയ്യരവർകളാകട്ടെ, 'സരസ്വതീകവികിരീടമണി'യെന്നും, 'സാക്ഷാൽ കേരളവ്യാസ'നെന്നുമുള്ള ബിരുദങ്ങളാൽ വിദിതനായ കുഞ്ഞിക്കുട്ടൻതമ്പുരാൻതന്നെ "മഹാകവിമൂർദ്ധന്യൻ" എന്നു്, ഇതിനുമുമ്പു പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിന്റെ ആദ്യപ്രോപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇങ്ങിനെ മഹാകവികൾ മാത്രമല്ല, പണ്ഡിതപാമരഭേദംകൂടാതെ സകലജനങ്ങളും ഒരുപോലെ ശ്ലാഘിക്കുന്ന ഒരു മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തന്നെയാകുന്നു.

അപാരമായ ഒരു രത്നാകരമാണു്, ഈ മഹാൻ സാഹിത്യലോകത്തിൽ സൃഷ്ടിച്ചു നമ്മെ അനുഗ്രഹിച്ചിട്ടുള്ളതു്. അതിൽ അനർഘങ്ങളായ അനവധി രത്നങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നതിൽനിന്നു കഴിയുന്നത്തും തപ്പിയെടുത്തു പുറത്തുകൊണ്ടുവരുവാൻ ഒരു പന്തീരാണ്ടിലധികം കാലമായി ഞാൻ പരിശ്രമിച്ചുവരികയാണു്. എന്റെ അശക്തികൊണ്ടും, അമാന്തംകൊണ്ടും രണ്ടു സഞ്ചികയേ ഇതിനു മുമ്പു പുറത്തു പ്രകാശിപ്പിക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇപ്പോൾ മൂന്നാംസമ്പുടം ഇതാ പൊതുജനസമക്ഷം കൊണ്ടുവരുന്നു. ഇതിലടങ്ങിയിരിക്കുന്ന രത്നങ്ങളുടെ ഗുണദോഷങ്ങൾ, തമ്പുരാൻ തിരുമനസ്സിലെ ഒരു 'ബോസ്വെ'ലും നല്ലൊരു സാഹിത്യരസികനുമായ കെ. സി. വീരരായൻരാജാ അവർകൾ ബി. ഏ., എൽ. ടി. മുഖവുരയിൽ വിവരിച്ചുകാണിച്ചിട്ടുള്ളതുകൊണ്ടു് ഞാനിനി വിശേഷിച്ചൊന്നും വിശദമാക്കേണ്ടതായിട്ടില്ല. മണിപ്രവാളവ്യാപാരികളായ മഹാജനങ്ങൾ ഇതും സന്തോഷപൂർവ്വം സ്വീകരിക്കുമെന്നാണെന്റെ വിശ്വാസം.

കോട്ടക്കൽ
1102 കൎക്കടകം ൨൭-ാം } പി. വി. കൃഷ്ണവാരിയർ.

മുഖവുര

ഇംഗ്ലാണ്ടിൽ ജോൺസൺ എന്നു പേരായിട്ടൊരു മഹാവിദ്വാനുണ്ടായിരുന്നു. അദ്ദേഹത്തിനു ശിഷ്യനെന്നോ, സേവകനെന്നോ, സുഹൃത്തെന്നോ, എന്താണ് പറയേണ്ടതെന്നു നല്ല തീർച്ചയില്ലാതെ, ബോസ്വൽ എന്നു പേരായിട്ടൊരു സഹചരനുമുണ്ടായിരുന്നു. ഇയ്യാൾക്കു ജോൺസനെക്കുറിച്ചുള്ള ഭ്രമത്തിന്നു കണക്കുണ്ടായിരുന്നില്ല. സകലസമയത്തും ഇയ്യാൾ ആ മഹാന്റെ ഒരുമിച്ചൊരു സേവന്റെ നിലയിലുണ്ടായിരിക്കും. അദ്ദേഹത്തിന്റെ വായിൽനിന്നു വല്ലതും ഒരു വാക്കു പുറപ്പെട്ടാൽ അതിയ്യാളൊരു നോട്ടുപുസ്തകത്തിൽ പകർത്തി സൂക്ഷിക്കും. വല്ലതും ഒരു പ്രവൃത്തി ചെയ്യാൽ അതും ഇയ്യാളുടെ നോട്ടുപുസ്തകത്തിലായി. ഇങ്ങിനെ ജീവപര്യന്തം ഒപ്പം നടന്നു കുറിച്ചിട്ടുള്ള കുറിപ്പുകളെല്ലാം നോക്കി ഇയ്യാൾ ഒടുവിൽ ജോൺസന്റെ ഒരു ജീവചരിത്രമെഴുതി പ്രസിദ്ധപ്പെടുത്തി. ഇന്നും ഇംഗ്ലീഷ് ഭാഷയിലുള്ള സകലജീവചരിത്രങ്ങളിലുംവെച്ച് ഈ കൃതിയാണൊന്നാമതായി നില്ക്കുന്നത്.

ഇങ്ങിനെയൊരു ബോസ്വൽ നമ്മുടെ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനും ഉണ്ടായിരുന്നാൽ നന്നാകുമായിരുന്നു എന്ന് എനിക്കെപ്പോഴും തോന്നാറുണ്ട്. എന്നാൽ ഇദ്ദേഹത്തിന്റെ ജീവിതസമ്പ്രദായംകൊണ്ട് ആ ബോസ്വൽ സ്ഥാനത്തേക്കൊരാളെക്കൊണ്ടു മാത്രം കഴികയില്ലെന്നുള്ള

നിലയായിരുന്നു. പക്ഷേ അങ്ങിനെയൊരു പെരുംബൊസ്വലുണ്ടാവുന്നതിന്നു പകരം സർവ്വതോഗാമിയായിരുന്ന അദ്ദേഹം ചെന്നദിക്കിലെല്ലാം അനേകം ചില്ലറ ബോസ്വൽമാരുണ്ടാവുകയായിരുന്നു പതിവ്. അവരുടെ എല്ലാവരുടേയും ഓർമ്മക്കുറിപ്പുകളിൽ അദ്ദേഹത്തെപ്പററി കുറച്ചു വല്ലതും കുറിച്ചിട്ടിട്ടുമുണ്ടാവും. ഇങ്ങിനെയുള്ള സ്ഥിതിക്ക് അവരെല്ലാവരുംകൂടി യോജിച്ചാൽ അദ്ദേഹത്തിന്നൊരു പെരുംബോസ്വലില്ലെന്നുള്ള ന്യൂനത ഒരുവിധം പരിഹരിക്കാമെന്നാണെന്റെ പക്ഷം. ഈ വിചാരത്തിന്മേലാണ് ഞാൻ പി. വി. കൃഷ്ണവാരിയരുടെ അപേക്ഷയനുസരിച്ചു കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കൃതികളുടെ മൂന്നാംപുസ്തകത്തിന്റെ മുഖവുരയായി താഴെ പറയുന്ന എന്റെ സ്മരണകളെഴുതുന്നതു്.

സർവ്വമാന്യയും സുമനോലാളിതയുമായിരുന്ന വിദ്യാവിനോദിനിയുടെ യൌവനകാലത്ത് അവളെ അലങ്കരിച്ചും ളിച്ചും പോന്ന വിദ്വാന്മാരുടെ കൂട്ടത്തിൽ കുറേ മുമ്പുതന്നെ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പേർ കണ്ടു പരിചയമുണ്ടായിരുന്നുവെങ്കിലും കൊല്ലവർഷം 1069-ൽ കോഴിക്കോട്ടുവെച്ചുകൂടിയ ഭാഷാപോഷിണീയോഗത്തിൽ വെച്ചാണ് ആദ്യം എനിക്കദ്ദേഹത്തെക്കണ്ടു പരിചയമാവാനിടയായത്. കടത്തനാട്ട് ഉദയവർമ്മരാജാ, വിദ്വാൻ മാനവിക്രമ ഏട്ടൻ തമ്പുരാൻ, കുമാരമംഗലസ്സ നമ്പൂതിരിപ്പാട്, വർഗ്ഗീസ്സുമാപ്പിള, കറുത്തപാറ ദാമോദരൻനമ്പൂതിരി, കെ. സി. നാരായണൻ നമ്പ്യാർ, കുന്നേഴത്തു പരമേശ്വരമേനോൻ, ഒട്ടുവിൽ കുഞ്ഞികൃഷ്ണമേ

നോൻ, വള്ളത്തോൾ നാരായണമേനോൻ മുതലായ കവിവൎയ്യരും അന്നവിടെ സന്നിഹിതരായിരുന്നു. എന്നാൽ ഇപ്പറഞ്ഞ യോഗ്യന്മാരും കുഞ്ഞിക്കുട്ടൻ തമ്പുരാനും തമ്മിൽ ഒരു ഭേദം എനിക്കന്നുതന്നെ തോന്നി. അതെന്തെന്നാൽ മേൽപറഞ്ഞവൎക്കെല്ലാവൎക്കും കവിജനസാധാരണമായിട്ടുള്ള ഒരു മനോരാജ്യം, മാനംനോക്കൽ, മൌനഭാവം, മന്ദഗതി ഇതെല്ലാം കണ്ടിരുന്നു. കവിതാപത്തിന്റെ ഭാരം അവരറിഞ്ഞിരുന്നു എന്നുതോന്നും മുഖംകണ്ടാൽതന്നെ. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മുഖത്തു നോക്കിയാലാകട്ടെ അദ്ദേഹത്തിനങ്ങിനെയൊരു ഭാരമുണ്ടെന്നു തോന്നുകയേ ഇല്ല. മനോരാജ്യം വിശേഷിച്ചൊന്നുമില്ലെന്നുള്ളതിനു് നല്ല ലക്ഷണമായ ഒരു മന്ദസ്മിതവും പ്രസന്നതയുമാണദ്ദേഹത്തിന്റെ മുഖത്തെ സ്ഥായി. അടുത്തുചെന്നു കുശലപ്രശ്നം ചെയ്യുന്നവരോടു് തുറന്നു സംസാരിക്കുക, പ്രായവ്യത്യാസംകൊണ്ടോ അവസ്ഥാഭേദംകൊണ്ടോ അങ്ങോട്ടു കടന്നുസംസാരിപ്പാൻ മടിക്കുന്നവരുടെ അടുക്കലേക്കിങ്ങോട്ടു വന്നു വൎത്തമാനം ചോദിക്കുക ഇതിലൊന്നും അദ്ദേഹത്തിനു യാതൊരു തടസ്സവുമില്ലായ്മ കേമമായിരുന്നു. അന്നു കണ്ടിട്ടുള്ള ആ ബുദ്ധിലാഘവം അദ്ദേഹം മരിക്കുന്നതുവരെയും ഞാനദ്ദേഹത്തിനു കണ്ടിട്ടുമുണ്ടു്.

1069 ആയപ്പോഴേക്കും ഭാഷാപോഷിണിസഭയിൽവെച്ചു കവിതാപരീക്ഷക്കു പോയി ബിരുദം നേടേണ്ടുന്ന ആവശ്യം കുഞ്ഞിക്കുട്ടൻതമ്പുരാനില്ലെന്നായിരിക്കുന്നു. അന്നു് അദ്ദേഹം ഒരു പരീക്ഷകനാവുകയാണുണ്ടായതു്. അതുകൊണ്ടു് അന്നാസ്സഭയിൽവെച്ചു് അദ്ദേഹത്തിന്റെ ആ കവിതാപാട

വമൊന്നും അധികം കാണാൻ തരമായില്ല. എങ്കിലും അക്കാലത്തു പകലത്തെ സഭാകാർയ്യങ്ങളെല്ലാം നിർവ്വഹിച്ചുകഴിഞ്ഞതിനുശേഷം സന്ധ്യക്കു മേൽപറഞ്ഞ യോഗ്യരെല്ലാവരുംകൂടി തളിയിൽ കോവിലകത്തെ പൂമുഖത്തൊരു യോഗം കൂടുക പതിവായിരുന്നു. അതിൽവെച്ച് മലയാളഭാഷയേയും സാഹിത്യത്തേയും സംബന്ധിച്ച പല കാർയ്യങ്ങളേയുംപറ്റി സംഭാഷണവും വാദപ്രതിവാദങ്ങളും ഉണ്ടാവുകയുംചെയ്തിരുന്നു. അങ്ങിനെയുള്ള അവസരങ്ങളിൽ ഭാഷാശുദ്ധി, യതിഭംഗം, ദ്വിതീയാക്ഷരപ്രാസം, വർണ്ണദ്വിത്വം, അരയുകാരം, സന്ധി മുതലായ ഓരോ കാർയ്യങ്ങളെക്കുറിച്ചു താൻ നിർണ്ണയിച്ചുവെച്ചിട്ടുള്ള സിദ്ധാന്തങ്ങളെ കുഞ്ഞിക്കുട്ടൻ തമ്പുരാൻ വിവരിക്കുന്നതു കേൾക്കേണ്ടതുതന്നെയായിരുന്നു. ഒരിക്കൽ കവിതയെപ്പറ്റിത്തന്നെ ആയിരുന്നു സംസാരം. "ഒരാളെ നല്ല കവിയാണെന്നു സമ്മതിക്കണമെങ്കിൽ ആയാൾക്ക് ഏതു വിഷയം കിട്ടിയാലും അതിന്റെ ഭംഗിയുള്ള ഭാഗം ഭംഗിയായി വർണ്ണിക്കാറായിരിക്കണം" എന്നായി കുമാരമംഗലസ്സു നമ്പൂതിരിപ്പാട്. "അതു ശരിയാണ്" എന്നു ഉദയവർമ്മത്തമ്പുരാൻ. "എന്നാലിപ്പോൾതന്നെ നോക്കാമല്ലോ. ഈ കത്തുന്ന വിളക്കിനെപ്പറ്റി നമ്മുടെ കൂട്ടത്തിലാർക്കാണൊരഷ്ടകമുണ്ടാക്കാൻ സാധിക്കുന്നതു്?" എന്നു നാരായണൻനമ്പ്യാരും. "അങ്ങിനെതന്നെ, അറിയാമല്ലോ" എന്നു പറഞ്ഞു മാനവിക്രമഏട്ടൻ തമ്പുരാൻ അപ്പോൾതന്നെ കുറേ പെൻസിലും കടലാസ്സും വരുത്തി അവിടെ കൊണ്ടുവെപ്പിക്കുകയും ചെയ്തു. മുമ്പെ അഷ്ടകമുണ്ടാക്കിക്കഴിഞ്ഞതു് ആരുടെയാണെന്നു പറയേണ്ട

തില്ലല്ലോ. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ അഷ്ടകം എഴുതിക്കഴിഞ്ഞപ്പോഴെക്കും ചിലൎക്കു മൂന്നുശ്ലോകം തീൎന്നു; ചിലൎക്കു രണ്ടായി; ചിലൎക്കൊന്നുമാത്രമേ ആയുള്ളു. ഒന്നും ഉണ്ടാവാത്തവരും ഉണ്ടായിരുന്നതാനും. ഇത്തരത്തിലുള്ള കവിതാവിലാസഗോഷ്ഠികൾ അന്നെല്ലാദിവസവും പതിവായിരുന്നു. അങ്ങിനെതന്നെ ആ ഭാഷാപോഷിണിക്കാലം മുഴുവനും ബഹുരസമായിക്കഴിഞ്ഞു.

മേൽപറഞ്ഞപ്രകാരം കുഞ്ഞിക്കുട്ടൻതമ്പുരാനും എനിക്കും തമ്മിലുണ്ടായ പരിചയം ക്രമേണ ദൃഢീഭവിച്ചു വലിയ വേഴ്ചയായിത്തീരത്തക്കൊരു സംഭവം പിന്നീടധികം താമസിയാതെയുണ്ടായി. എന്തെന്നാൽ, അദ്ദേഹം എന്റെ കുടുംബത്തിലൊരു തമ്പുരാട്ടിയുടെ ഭൎത്താവായി വരികയും, അന്നുമുതൽക്കെന്റെ ഒരു നാട്ടുകാരനെന്നു മാത്രമല്ല അടുത്തൊരു ഭ്രാതാവാകയും ചെയ്തു. അതിന്നു ശേഷമുണ്ടായ നിത്യപരിചയത്തിൽ ആദ്യമേ ഞാനദ്ദേഹത്തിനു കണ്ടൊരു വലിയ ഗുണം അദ്ദേഹത്തിന്റെ ബുദ്ധിയുടെ നവീനത്വമാകുന്നു. ബാല്യത്തിൽ അദ്ദേഹത്തിനുണ്ടായ വിദ്യാഭ്യാസം മുഴുവൻ സംസ്കൃതഭാഷയിലാണെന്നും, ഇംഗ്ലീഷുവിദ്യാഭ്യാസം ഒട്ടും ഉണ്ടായിട്ടില്ലെന്നും എല്ലാവൎക്കുമറിയാവുന്നൊരു സംഗതിയാണല്ലൊ. എന്നാൽ ആവിധം പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവരിൽ ഒട്ടധികംപേൎക്കും സാധാരണയായിക്കാണുംപോലെ ആധുനികപരിഷ്കാരം ഒട്ടും ഉള്ളിൽക്കടക്കാത്തമട്ടിൽ ബുദ്ധിക്കുള്ളൊരു സങ്കോചമോ, വൎത്തമാനചരിതസ്ഥിതികളൊന്നും ലവലേശം ഏശാത്തവിധം മനസ്സിന്നുള്ളൊരു ശിലീഭാവ

മോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. കാളിദാസപ്രഭൃതികളുടെ കാവ്യങ്ങളേയും നാടകങ്ങളേയുംപററി പാശ്ചാത്യവിദ്വാന്മാർ പുറപ്പെടുവിച്ചിട്ടുള്ള ഗുണദോഷനിരൂപണങ്ങളിൽ അദ്ദേഹത്തിനൊരുവിധം നല്ല അഭിജ്ഞതയുമുണ്ടായിരുന്നു. വേദങ്ങൾ, സ്മൃതികൾ, പുരാണങ്ങൾ ഇത്യാദികളെ ചരിത്രദൃഷ്ട്യാ സമീക്ഷിക്കുന്നതിന്നദ്ദേഹം വിരോധക്കാരനായിരുന്നില്ല. ആകപ്പാടെ പഴയ സമ്പ്രദായത്തിലും നടവടിയിലും നല്ല പ്രതിപത്തിയുണ്ടായിരുന്നുതാനും. നമ്പൂതിരിമാക്കും മററ സവൎണ്ണഹിന്തുക്കൾക്കും വേണ്ട കാൎയ്യങ്ങളിൽ അദ്ദേഹത്തിന്നു വൈദികന്മാരായ നമ്പൂതിരിമാരേക്കാൾ അധികം വ്യുല്പത്തിയുണ്ടായിരുന്നതിനാൽ ഇവിടങ്ങളിലുള്ള നമ്പൂതിരിമാൎക്കെല്ലാം അദ്ദേഹത്തിന്റെമേൽ വലിയ ഭക്തിവിശ്വാസവുമായിരുന്നു. ഈ സംഗതികളെല്ലാം കൂടിയതിനാൽ അദ്ദേഹം ഈ നാട്ടുകാൎക്കെല്ലാംകൂടിയൊരു പൊതുസ്വത്തായി തീരുകയും ചെയ്തു.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോട്ടക്കൽ താമസിച്ചിരുന്ന കാലങ്ങളിൽ ഇന്നാട്ടുകാൎക്കദ്ദേഹത്തിന്റെ കവിതാപാടവം പലപ്പോഴും കണ്ടത്ഭുതപ്പെടുവാൻ അവസരം കിട്ടിയിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ ലോകവ്യുല്പത്തികൊണ്ടാണവൎക്കു പ്രത്യേകം ഗുണമുണ്ടായിരിക്കുന്നത്. മുമ്പിവിടെ വളരെ നടപ്പില്ലാത്ത പല കാവ്യങ്ങളും നാടകങ്ങളും അദ്ദേഹംവഴിക്കാണിവിടുത്തുകാൎക്കു പരിചയമാവാനിടവന്നത്. എന്നുമാത്രമല്ല, അതുകൾ വായിച്ചനുഭവിക്കാനുള്ള രീതിയും അദ്ദേഹംമൂലമായി കുറെ പരിഷ്കരിച്ചിട്ടുണ്ടു്. ഇതുകളിൽനിന്നു് അതാതുകാലത്തെ ആസ്വപരിഷ്കാരത്തിന്റെ സ്ഥിതിഭേദ

തെപ്പററി അല്പമെങ്കിലും ചിലൎക്ക മനസ്സിലാക്കുമാറാക്കിയതു മുഖ്യമായി അദ്ദേഹത്തിന്റെ ഉത്സാഹമാണ്. അദ്ദേഹംതന്നെ ചെറുപ്പക്കാരെയെല്ലാം വിളിച്ചുകൂട്ടി ഈവക ഗ്രന്ഥങ്ങളെടുത്ത് വായിച്ചൎത്ഥം വിവരിക്കുന്ന സമ്പ്രദായം ഇടക്കിടെ ഇവിടെ കാണാവുന്നതായിരുന്നു. അങ്ങിനെയുള്ള സാഹിത്യപരിശ്രമങ്ങളിൽ പങ്കുകൊള്ളുന്നതു ശേഷമുള്ളവൎക്കൊക്കെ വളരെ രസപ്രദവും ഗുണകരവും ആയിരുന്നുതാനും. ചിലപ്പോഴ് ചില വാദങ്ങളും മററുമുണ്ടാകാറില്ലെന്നില്ല. ആവക സന്ദൎഭങ്ങളിലെല്ലാം അദ്ദേഹം സ്വപക്ഷം സാധിക്കാനായി അത്യാവേശത്തോടുകൂടി വാദിക്കില്ലെന്നുമില്ല. എന്നാൽ ദുരഭിമാനംനിമിത്തം വാദിച്ചുവാദിച്ചു പ്രതിപക്ഷക്കാരോടു മുഷിയുക എന്നുള്ള ദുശ്ശീലം മരണപൎയ്യന്തം ഒരിക്കലെങ്കിലും ഞാനദ്ദേഹത്തിന്നു കണ്ടിട്ടില്ല. ദുരഭിമാനമെവിടെ? ആ മനസ്വിയെവിടെ? അദ്ദേഹത്തിന്റെ ഉത്സാഹത്തിന്റെ ഫലമായി ഈദിക്കിലെ സംസ്കൃതവിദ്യാഭ്യാസത്തിന്നു കുറേ ഗുണം സിദ്ധിച്ചു. കവിതയും മററും പ്രകടിപ്പിപ്പാൻ ചിലൎക്കുത്സാഹം തുടങ്ങി. ഈവക ഉത്സാഹങ്ങളുടെ പ്രദൎശനത്തിന്നൊരു രംഗമായി "ഗീൎവ്വാണവാണീസഭ" യെന്നൊരു സമാജം ഏൎപ്പെടുത്തി. അതിൽ പലരും പല കവിതകളും, ഉപന്യാസങ്ങളും, ശ്ലോകവ്യാഖ്യാനങ്ങളും എഴുതി വായപ്പാനുംതുടങ്ങി. എന്നാൽ ആ സമാജത്തിന്റെ ജീവൻ നമ്മുടെ കവിവൎയ്യൻതന്നെ ആയിരുന്നു. അദ്ദേഹം അതിലേക്കുവേണ്ടി പലതും എഴുതുകയുണ്ടായിട്ടുണ്ട്. ജരാസന്ധവധവ്യായോഗം, സുഭദ്രാഹരണവ്യായോഗം, കിരാതവ്യായോഗം, കൃതജ്ഞസ്തുതഷ്ക്കഃ, വിളംബിമഞ്ജുഷാ എന്നു

തുടങ്ങി പലതും അതിൽ പെട്ടവയാകുന്നു. ഇവയെ ആദ്യം സഭയിൽ കൊണ്ടുവന്നു വായിച്ചസമയം സഭ്യന്മാൎക്കുണ്ടായ രസവും വിസ്മയവും ഓൎക്കുമ്പോൾ എല്ലാം എനിക്കിന്നലെ കഴിഞ്ഞതുപോലെ തോന്നുന്നുണ്ടു്. അദ്ദേഹത്തിന്നു ഭാഷാകവിതയിലേക്കാൾ ഒട്ടും പാടവക്കുറവു് സംസ്കൃതകവിതയിലുമുണ്ടായിരുന്നില്ലെന്നു സകലപേൎക്കും സമ്മതമായിക്കഴിഞ്ഞു. ഒഴുക്കിന്റെ കാൎയ്യത്തിൽ സംസ്കൃതകവിതകളെല്ലാം മെച്ചംകൂടിയിരുന്നുവെന്നുതന്നെ ആയിരുന്നു ചിലരുടെ അഭിപ്രായം. ഉദാഹരണത്തിന്നു ചിലതിവിടെ എടുത്തു കാട്ടാം:—

യദുപക്രമമേവ നാട്യശാസ്ത്രം
യദുപജ്ഞഞ്ച സഭാസഭാജനന്നഃ
ഭഗവൽഭവലബ്ധദിവ്യവിദ്യം
ഭരതന്തം പ്രണമാമി യോഗിരാജം:
[സുഭദ്രാഹരണവ്യായോഗം]

അൎജ്ജുനൻ സുഭദ്രയേയും കൊണ്ടു ചാടിപ്പോയ കഥ കേട്ടസമയം ബലഭദ്രൻ ശ്രീകൃഷ്ണനോടു്,

കിം കിം പ്രാഹ ഭവാൻ സ ഭീമസഹജോ
ഗാണ്ഡീവധന്വാ യതി-
വ്യാജാന്നശ്ചലയന്നഥാപഹൃതവാൻ
കന്യാം സുഭദ്രാമിതി!
നോ ശോചാമി കുരൂൻ ന സൌഹൃദഭിദഃ
കുന്തീസുതാൻ നാൎജ്ജുനം
കിന്തേനാം മൃതപൂരുഷാദ്വിപനതാം
ദൂയേ സ്മരൻ ദാരികാം.
[ടി. വ്യായോഗം]

മറെറാരു ഘട്ടത്തിൽ,

പ്രഥമമിഹ ഖലു പ്രഭുഃ പൃഥാത്മജഃ
പ്രതിഭടതാപ്രതിപാദനപ്രഗത്ഭാൻ
പ്രതിഭടപുരുഷം പ്രമോഹയൻ നഃ
പ്രകടിതവാൻ പ്രഥനാത്ഭുതപ്രപഞ്ചം.

[ടി. വ്യായോഗം]

ഈ ഒടുവിൽ കാണിച്ച ശ്ലോകത്തിലെ അനുപ്രാസം നോക്കുക.

ഓരോ കഥകളിലുള്ള പലതരം പാത്രങ്ങളെ നിർമ്മിക്കുന്ന കാര്യത്തിൽ നമ്മുടെ കവിയുടെ സാമർത്ഥ്യം കാണേണ്ടതുതന്നെയാണ്. ഓരോന്നു തമ്മിൽ അല്പാല്പം വ്യത്യാസമുള്ളതെല്ലാം പ്രയാസംകൂടാതെ പുറത്തുകാട്ടിക്കും. ശ്രീകൃഷ്ണഭഗവദാദികൾ യുദ്ധാർത്ഥികളായി ജരാസന്ധന്റെ മുമ്പിൽ ചെന്ന സമയം ആ വീരപുരുഷനെ കണ്ടപ്പോൾ അതിലോരോരുത്തനുമുണ്ടായ വിചാരം നോക്കുക—

അർജ്ജുനഃ—

ജലധിരിവ ഗഭീരഃ കേവലം മാനുഷാണാം
ജ്വലന ഇവ നിതാന്തം ദുഷ്പ്രധർഷോ രിപൂണാം
നിധിരിവ സുഖഭോഗ്യോ മാഗധോ യാചകാനാം
ജയതി ഹൃദയഹാരീ ഭാസ്വരാണാം ശശീവ.

[ജരാസന്ധവധവ്യായോഗം]

ഭീമഃ—

അയം സമരജാംഘികസ്സുദൃഢഗൂഢസന്ധിക്രമഃ
കൃശോദരമനോഹരോ വിതതപീവരോരസ്ഥലഃ

സുവൃത്തകഠിനായതസ്ഥിരവൃഷാംസബാഹുദ്വയോ
ഗഭീരവദനേക്ഷണോ ദിശതി മേ മുദം മാഗധഃ

[ടി. വ്യായോഗം]

വാസുദേവഃ—

മന്യേ വിനയഗാംഭീര്യ്യധൈര്യ്യൗദാര്യ്യാദിഭിർഗ്ഗുണൈഃ
അതിശേതേ നൃപാനന്യാൻ ശ്രൈഷ്ഠ്യമസ്യൈകഭൂഷണം

[ടി വ്യായോഗം]

കിരാതാർജ്ജുനീയവ്യായോഗത്തിലും രസമുള്ള ശ്ലോകങ്ങൾ അനേകം കാണാം. കിരാതമൂർത്തി അർജ്ജുനനെ തെറിപറഞ്ഞു കോപിപ്പിക്കുന്ന ഘട്ടത്തിൽ നോക്കുക—

പഞ്ചാനാമപി വഃ പ്രിയാം കുരുപതേ-
രാജ്ഞേതി ദുശ്ശാസനേ
കേശാകർഷികയാ വികൃഷ്യ മിഷതാം
യുഷ്മാകമേവാഗ്രതഃ
മദ്ധ്യേരാജസഭം മുഹുർമ്മുഹുരരോ-
ഘാതം രുദന്തിമഹോ
വസ്ത്രാക്ഷേപവിനോദിനി വ്യഥയതി
സ്പഷ്ടം ഹി വഃ പൗരുഷം!

പിന്നെ അടുത്തുതന്നെ യുദ്ധാരംഭഘട്ടത്തിൽ,

ഏഷ്യതപാം വിശിഖവിശീർണ്ണവർഷ്മഖണ്ഡ-
പ്രത്യഗ്രസ്രുതരുധിരാർദ്രമാംസപിണ്ഡം,
ആലഭ്യ പ്രിയപിശിതോപഹാരചര്യ്യാം,
കൈരാതീന്നന വനഭൈരവീം ധിനോമി.

ഇങ്ങിനെ ഉദാഹരണങ്ങളെടുക്കുകയാണെങ്കിൽ ഇനി

യും എത്രയായെങ്കിലും ആവാം. പക്ഷേ ദൈർഘ്യഭയംകൊണ്ടു ഞാനതു ചെയ്യുന്നില്ല.

ഇതുപോലെതന്നെ ഭാഷാകവിതയുടെ കാര്യത്തിലും പല കൃതികളും ഇക്കാലങ്ങളിൽ അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. ഹംസസന്ദേശം, ശുകസന്ദേശം ഭാഷ, കോകിലസന്ദേശം ഭാഷ, ഹാംലറ്റ ഒതെല്ലോ എന്നീ ഇംഗ്ലീഷുനാടകങ്ങളുടെ ഭാഷ മുതലായി അസംഖ്യം കൃതികൾ ഇക്കാലത്തുണ്ടായവയാണ്. കുഞ്ഞുക്കുട്ടൻതമ്പുരാന്റെ സകലകൃതികളിലും വെച്ചുത്തമമായതും, അദ്ദേഹം തന്റെ ജീവിതസാഫല്യമെന്നു കരുതിയിരുന്നതും, അദ്ദേഹത്തിന്റെ കവിതാകീർത്തിയുടെ മുഖ്യാസ്പദവുമായ ശ്രീമഹാഭാരതം ഭാഷയും ഇതിനെത്തുടർന്നുതന്നെയാണെഴുതപ്പെട്ടതു്. സാധാരണക്കാർക്കു തീരെ അസാദ്ധ്യമായിട്ടുള്ള ഈ അത്ഭുതകൃത്യത്തിന്റെ കഥ കുറച്ചൊന്നു പറയേണ്ടതായിട്ടുണ്ടു്. കൊല്ലവർഷം 1079-ൽ ചില യോഗ്യരെല്ലാവരുംകൂടി ക്ഷേമേന്ദ്രകവിയുടെ ഭാരതമഞ്ജരി ഭാഗിച്ചെടുത്തു തർജ്ജമചെയ്വാൻ നിശ്ചയിച്ചിരുന്നു. അതിൽ ദ്രോണപർവ്വം തർജ്ജമയ്ക്കുള്ള ഭാരം നമ്മുടെ കവിക്കായിരുന്നു. ഇതും കൊണ്ടാണു് ആത്തവണ അദ്ദേഹം കോട്ടയ്ക്കൽ വന്നതു്. ദിവസേന അതു കുറേശ്ശ തർജ്ജമ ചെയ്യും. ചെയ്തുകഴിഞ്ഞേടത്തോളം നിത്യവും ഞങ്ങളിൽ ചിലരെ വിളിച്ചുവരുത്തി വായിച്ചുകേൾപ്പിക്കയും ചെയ്യും. അങ്ങിനെ അല്പദിവസം കഴിഞ്ഞപ്പോഴേക്കും അതു തീർന്നുകഴിഞ്ഞു. കവിക്കാകട്ടെ ഭാരതത്തിലുള്ള രുചി നിന്നതുമില്ല. മഹാഭാരതംതന്നെ ഒന്നു പിടിച്ചുനോക്കിയെങ്കിലോ എന്നായി അദ്ദേഹത്തിനു മോഹം. ആ അഞ്ചാംവേ

ഭത്തിൻെറ അപാരമായ വലിപ്പം നോക്കുമ്പോൾ സ്വശക്തിയറിയാത്ത അദ്ദേഹത്തിനു ഭയവുമുണ്ടായിരുന്നു. മറെറുള്ളവരോട് ഇക്കാൎയ്യം പറയാൻതന്നെ അദ്ദേഹത്തിനു ധൈൎയ്യമുണ്ടായില്ലെങ്കിലും എന്നോടു ദിവസേന ഇതിനെപ്പററി വല്ലതും കുറച്ചു പറയാതിരിക്കയും പതിവില്ല. എന്നാൽ അപ്പോഴെല്ലാം ഞാനെന്നാൽകഴിയുന്നെടത്തോളം അദ്ദേഹത്തെ ധൈൎയ്യപ്പെടുത്തിയിരുന്നുവെങ്കിലും കുറച്ചുകാലത്തേക്കു സന്ദേഹമായിത്തന്നെ കഴിഞ്ഞുകൂടി. അങ്ങിനെയിരിക്കുമ്പോഴാണൊരുദിവസം ഒരു വലിയ കുറിയുടെ ആദ്യത്തെ നറുക്കിവിടെവെച്ചെടുത്തതു്. കുറി പന്ത്രണ്ടുസംവത്സരംകൊണ്ടു തീരുന്ന ഒന്നായിരുന്നു. ഇതു കണ്ടപ്പോൾ അദ്ദേഹത്തിനു ധൈൎയ്യംകൂടി. പന്ത്രണ്ടു കൊല്ലം ഈ കുറിക്കുവേണ്ടി യത്നിച്ചുകൊള്ളാമെന്നുള്ള ധൈൎയ്യത്തിന്മേലല്ലേ ഇതിപ്പോൾ തുടങ്ങിയിരിക്കുന്നതു്? ഇതുപോലെതന്നെ അഞ്ചാറുകൊല്ലം ഭാരതത്തിനുവേണ്ടി ഞാൻ യത്നിക്കുന്നതായാൽ അതും ഒരുവിധം കഴിയില്ലേ? എന്നായി കുഞ്ഞിക്കുട്ടൻതമ്പുരാൻെറ വിചാരം. "എന്നാലങ്ങോട്ടു തുടങ്ങുക" എന്നു ഞാൻ ഒന്നുകൂടി ഉത്സാഹിപ്പിക്കയും ചെയ്തു. "അങ്ങനെതന്നെ; ഉച്ച. മററന്നാൾ തുടങ്ങിക്കളയാം." എന്നദ്ദേഹവും പറഞ്ഞു. ഇങ്ങിനെയാണു് ശ്രീമഹാഭാരതം തൎജ്ജമയുടെ ആരംഭം.

ഒരുദിവസം പകലെയാണ് മേൽപറഞ്ഞപ്രകാരം നിശ്ചയിച്ചതു്. ഈ നിശ്ചയത്തിൻേറയും തൎജ്ജമയുടെ ആരംഭത്തിൻേറയും മദ്ധ്യേ ഉള്ള ഒന്നര ദിവസമാണ് ഞാൻ കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ മുഖത്തു് ഇദംപ്രഥമമായി ഒരു

കേരള സാഹിത്യ അക്കാദമി

ഭാരവാഹിയുടെ ഭാവം കണ്ടത്. അതിന്റെ ശേഷം അതൊട്ടു കണ്ടിട്ടുമില്ല. ആ മുഖത്തു സ്ഥായിയായിക്കിടന്നിരുന്ന ആ പ്രസന്നത തല്ക്കാലം വിട്ടുപോയി. കളിയില്ല, ചിരിയില്ല, പുസ്തകം വേണ്ട, ചതുരംഗംകൂടി വേണ്ട, വിചാരംതന്നെ;—വിചാരംതന്നെ. ഒന്നരദിവസത്തിൽ ഒരുദിവസം കഴിഞ്ഞു. ഒരു രാത്രി മാത്രമേ ഉള്ളൂ എന്ന ദിക്കായി. ആ രാത്രി അത്താഴവും കഴിഞ്ഞ് ഞാനെന്റെ ശയനഗൃഹത്തിന്റെ ഉമ്മറത്തങ്ങിനെ നടക്കുകയാണ്. അപ്പോൾ പിന്നിൽകൂടി നിശ്ശബ്ദമായി ഒരാൾ വന്ന് എന്റെ കഴുത്തിൽ പിടിച്ചു. നോക്കിയപ്പോൾ ആ കണ്ഠാശ്ലേഷംചെയ്തതു കുഞ്ഞിക്കുട്ടൻതമ്പുരാനാണ്. "എന്താണ് കോവിലേ"* എന്നു ഞാൻ ചോദിച്ചു. അതിനുത്തരമായി, "സമുദ്രം ചാടിക്കടക്കുവാനുറച്ച് മഹേന്ദ്രപർവ്വതത്തിന്റെ മുകളിൽ കയറിനിന്ന് ആ അപാരമായ സമുദ്രമൊന്നു നോക്കിക്കണ്ട സമയം ഹനുമാനുണ്ടായ വിചാരമെന്തായിരിക്കുമെന്നൊന്നൂഹിച്ചുപറയുവാൻ സാധിക്കുമോ കുഞ്ഞേട്ടന്?" എന്നാണദ്ദേഹം ചോദിച്ചത്. "ഇല്ല" എന്നു ഞാൻ പറഞ്ഞു. "എന്നാൽ ആ ഹനുമാന്റെ നിലയാണെന്റെ ഇപ്പോഴത്തെ നില. നോക്കിയാൽ അറ്റം കാണുന്നില്ല" എന്നുമാത്രം പറഞ്ഞു. പിന്നേയും ഒരു നാലഞ്ചു മിനുട്ടദ്ദേഹം എന്റെ ഒപ്പം നടന്നു. ഒടുവിൽ കിടക്കുവാൻ പോക

---

* നെടിയിരുപ്പുസ്വരൂപത്തിലെ തമ്പുരാക്കന്മാർ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരെ 'കോവിൽ' എന്നാണു വിളിച്ചു വരുമാറുള്ളത്. പ്രസാധകൻ.

യും ചെയ്യും. പിറേറദിവസം രാവിലേ നേരത്തേതന്നേ എഴുനീററ കുളിയും തേവാരവുമെല്ലാം കഴിച്ചു വേട്ടക്കൊരുമകനെച്ചെന്നു തൊഴുതു് ഒരു 'പന്തീരായിരം' കഴിക്കാമെന്നു പ്രാർത്ഥിച്ചു നേരെ വന്നു ഭാരതപുസ്തകമെടുത്തു തർജ്ജമത്തുടങ്ങി. ദിവസേന അമ്പതീതശ്ലോകം തർജ്ജമ ചെയ്യുക, അതിനു രാവിലെ ഒമ്പതുമണിവരേയുള്ള ഒരു യാമം ചിലവഴിക്കയും ചെയ്യുക എന്നുള്ള നിശ്ചയത്തിന്മേലാണാദ്യം തുടങ്ങിയതു്. പിന്നെപ്പിന്നെ ഈ നിശ്ചയത്തിൽനിന്നു കടന്നുതുടങ്ങി. സമയത്തിനു ഭേദമൊന്നും ചെയ്തില്ലെങ്കിലും ആ സമയത്തിനിടയ്ക്കു ചെയ്യുന്ന പ്രവൃത്തിക്കു വളരെ ഭേദം വന്നുതുടങ്ങി. ഒടുവായപ്പോഴയ്ക്കും ഒരു യാമത്തിനുള്ളിൽ നൂററമ്പതുശ്ലോകം വീതമായി തർജ്ജമ. ആദ്യകാലങ്ങളിൽ മൂലം വായിക്കുക, ആലോചിക്കുക, തർജ്ജമചെയ്യുക ഇതു മൂന്നും വെവ്വേറെ ഉണ്ടായിരുന്നു. ഒടുവായപ്പോഴയ്ക്കും കണ്ണുകൊണ്ടു മൂലം നോക്കുക, മനസ്സുകൊണ്ടാലോചിക്കുക, നാവുകൊണ്ടു് തർജ്ജമ പറയുക ഇതെല്ലാം ഏകകാലത്തെന്നുള്ള ദിക്കായി. ഇങ്ങിനെ അദ്ദേഹം കണ്ണും മനസ്സും നാവുംകൂടി ഒന്നിച്ചു കൊണ്ടുനടത്തുമ്പോൾ എഴുതിപ്പകക്കുന്ന ഗുമസ്ഥന്റെ കൈ അതൊന്നിച്ചോടായ്കയേ ഒരു പോരായ്മയുണ്ടായിരുന്നുള്ളു. അതില്ലെങ്കിൽ ആ സമയത്തിൽത്തന്നെ ഇരട്ടി പണി നടക്കുമായിരുന്നു. നിത്യത്തേവാരംപോലേയാണു് കുഞ്ഞിക്കുട്ടൻതമ്പുരാൻ ഭാരതം തർജ്ജമ കരുതിവന്നിരുന്നതു്. എന്നാൽ ഇടയ്ക്കിടയ്ക്കു ധാരാളം “പുറക്കണ്”മെന്നു് ഒരു ശാഠ്യമുണ്ടായിരുന്നു. മഹാനായ തുഞ്ചത്തെഴുത്തച്ഛൻതന്നെ ഭാരതം മുതലായതെഴുതു

ന്ന കാലത്തു മെയ്യും മതിർന്ന മഭിരാമൃതമാസ്വദിച്ചു തുടങ്ങുള്ളൂ എന്നല്ലേ കേട്ടിരിക്കുന്നത്? ആയവസ്ഥക്കു കുഞ്ഞിക്കുട്ടൻതമ്പുരാന്“എലാമൃതിന്റെ” സഹായം വേണ്ടി വന്നുവെന്ന സംഗതിയിൽ അത്ഭുതപ്പെടുവാനൊന്നുമില്ലല്ലോ. ഇങ്ങിനെ 874-ദിവസംകൊണ്ടദ്ദേഹം മഹാഭാരതം തർജ്ജമ സ്വച്ഛന്ദം (874) അവസാനിപ്പിച്ചു.

മഹാഭാരതം തർജ്ജമയാകുന്നു കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ജന്മസാഫല്യമെന്നാണ് പറയേണ്ടത്. അദ്ദേഹം അങ്ങിനെയാണവസാനത്തിൽ തീർച്ചയാക്കിയതും. മുമ്പുണ്ടാക്കിയ കവിതകളെല്ലാം ഈ മഹാഫലത്തിനുവേണ്ടിയുള്ള പരിശീലനമെന്നേ കരുതിക്കൂടു. അതിനുശേഷം അങ്ങിനെ പറയത്തക്ക വലിയ കൃതികളൊന്നും അദ്ദേഹം ഉണ്ടാക്കിയിട്ടുമില്ല. ഭാഗവതം തർജ്ജമചെയ്യുവാനൊന്നു ശ്രമിച്ചുനോക്കി. എന്നാലതു മുഴുമിക്കയുണ്ടായില്ല. കേരളചരിത്രമെന്നൊരു മഹാകാവ്യം വിസ്തരിച്ചുണ്ടാക്കണമെന്നു വിചാരിച്ച് അതിനുള്ള പ്ലാനെല്ലാമുണ്ടാക്കുകയും പണി തുടങ്ങുകയും ചെയ്തു. എന്നാലതും തുടങ്ങി, അഞ്ചിലൊന്നെഴുതുകയല്ലാതെ മുഴുമിക്കയുണ്ടായില്ല. ചരിത്രഭ്രമം അദ്ദേഹത്തിനു സ്വതേതന്നെ ഉണ്ടായിരുന്നു. ഭാരതപരിശീലനംകൊണ്ടും രസികരഞ്ജിനീപത്രാധിപത്യംകൊണ്ടും അതു കുറേക്കൂടി വർദ്ധിക്കുകയും ചെയ്തു. ഈ ചരിത്രഭ്രമം കാരണമായി അനേകം ഇതിഹാസങ്ങളും ഐതിഹ്യങ്ങളും തന്റെ സ്മൃതിപേടികയിൽ അദ്ദേഹം ശേഖരിച്ചുവെച്ചിട്ടുണ്ടായിരുന്നു. അതെല്ലാംകൂടി ഒരു കേരളചരിത്രത്തിനു ധാരാളം വകയുമുണ്ടായിരുന്നു. പക്ഷേ അങ്ങിനെയൊരു

ചരിത്രമുണ്ടാവാൻ ശേഷമുള്ളവൎക്ക് ഭാഗ്യമുണ്ടായില്ലെന്നു മാത്രമല്ല, അദ്ദേഹത്തിന്റെ മരണത്തോടുകൂടി അതിന്നുള്ള വിലപിടിച്ച സംഭാരങ്ങളുംകൂടി നശിക്കുകയും ചെയ്തു. ചില ഐതിഹ്യങ്ങൾ അദ്ദേഹം ചെറുകവിതകളായി എഴുതിവെച്ചിട്ടുണ്ട്. അതിൽ ചിലതു് ഈ മൂന്നാംപുസ്തകത്തിൽ ചേൎത്തിട്ടുമുണ്ട്. എങ്കിലും അധികവും പോയതുതന്നെ. പുരാതനവും ദുൎല്ലഭവുമായിട്ടുള്ള ഗ്രന്ഥം വല്ലതും വല്ലദിക്കിലും കണ്ടാൽ അതൊന്നു മുഴുവൻ വായിച്ചുനോക്കാതെ അദ്ദേഹം വിട്ടുകളകയില്ല. ഇക്കൂട്ടത്തിൽ അദ്ദേഹത്തിന്റെ കണ്ണിൽപെട്ടതാണ് "ലീലാതിലക"മെന്ന ഗ്രന്ഥം. കോട്ടക്കൽ പി. വി. കൃഷ്ണവാരിയരുടെ വാരിയത്തുള്ള ഗ്രന്ഥശേഖരത്തിൽനിന്നു കണ്ടുകിട്ടിയതാണിത്. ഇതു നല്ലൊരു വ്യാഖ്യാനത്തോടുകൂടി അച്ചടിക്കണമെന്നദ്ദേഹത്തിനൊരു മോഹമുണ്ടായിരുന്നു. രസികരഞ്ജിനിയുടെ ആദ്യകാലത്ത് ഇതിൽനിന്നു ചിലതെല്ലാം എടുത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. പിന്നെ എന്തോ സംഗതിവശാൽ അതും നിൎത്തി*. കേരളസാഹിത്യത്തിന്റെ ചരിത്രത്തിന്നു അതു കുറേ സഹായമാവുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. പഴയ ബ്രാഹ്മണഗൃഹങ്ങളുടേയും പ്രഭുകുടുംബങ്ങളുടേയും ക്ഷേത്രങ്ങളുടേയും കിടപ്പെല്ലാം ദേശവാറായി അദ്ദേഹത്തന്റെ ചിത്തപടത്തിലുണ്ടായിരുന്നു. കേരളചരിത്രസംബന്ധമായി വേറേയും അനേകം കാൎയ്യങ്ങളദ്ദേഹം ഗ്രഹിച്ചു

* 'ലീലാതിലകം' ഗ്രന്ഥത്തേയും മററും സംബന്ധിച്ചുള്ള സംഗതികൾ അടുത്തൊരവസരത്തിൽ പ്രസാധകൻ തന്നെ സവിസ്തരം പ്രസ്താവിക്കുന്നതാണ്.

വെച്ചിട്ടുണ്ടായിരുന്നു. ആകപ്പാടെ അദ്ദേഹത്തെ ഒരു ജംഗമനിഘണ്ടു എന്നുതന്നെ പറയാം. അത്ര പേരെയും നാട്ടിലേക്കൊക്കെക്കൂടിയുള്ളൊരത്യാപത്താണെന്നുമാത്രമേ പറയേണ്ടതുള്ളൂ.

ഈ മൂന്നാംപുസ്തകത്തിലുള്ള പന്ത്രണ്ടു കൃതികളിൽ അഞ്ചെണ്ണം ചരിത്രസംഭവങ്ങളെപ്പററിയാണ്. ശ്രീസ്തുതി, ശ്രീഭൂതപുരത്തപ്പൻ, ഭദ്രകാളീസ്തവം ഇതു മൂന്നും ദേവപരവും ഭക്തിപ്രധാനവും ആകുന്നു. കവിഭാരതം വളരെ ചെറുപ്പത്തിലുണ്ടാക്കിയ ഒരു നേരമ്പോക്കാണ്. എങ്കിലും മലയാളസാഹിത്യരംഗത്തിൽ അന്നത്തെ മഹാകവികൾക്കെന്തൊരു സ്ഥാനമാണദ്ദേഹം കല്പിച്ചിരുന്നതെന്ന് അതിൽനിന്നു സ്പഷ്ടമാകുന്നുണ്ട്. ഇക്കാര്യത്തിൽ എല്ലാവരും അദ്ദേഹത്തോടു യോജിക്കുമോ എന്നു സംശയമാണ്. അല്പംകൂടി പ്രായം ചെന്നിട്ടാണതുണ്ടാക്കിയിരുന്നതെങ്കിൽ അദ്ദേഹംതന്നെ ചില ഭേദഗതികൾ അതിൽ ചെയ്യുമായിരുന്നുവെന്നാണെന്റെ പക്ഷം. ഒന്നാമതായി അതൃപ്തികരമായിട്ടുള്ളത് അദ്ദേഹം തനിക്കു കൃതവർമ്മാവിന്റെ സ്ഥാനം നൽകിയതാണ്. തന്റെ വിഷയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന സമാപ്തവിദ്യത്വവും, "ഭീഷ്മർ", "ദ്രോണർ", "ശ്രീകൃഷ്ണൻ", "ധർമ്മപുത്രർ", "ഭീമൻ" മുതലായവരിലുള്ള ഭക്തിയും, സവ്യസാചിത്വവും, എടുക്കുമ്പോൾ ഒന്ന്– തൊടുക്കുമ്പോൾ പത്ത്–വിടുമ്പോൾ നൂറ്– കൊള്ളുമ്പോൾ അസംഖ്യം എന്ന ക്രമത്തിലുള്ള ധാരാളത്വവും, അതിന്റെ ലാഘവവും, ആകപ്പാടെ കവിമണ്ഡലത്തിൽ തനിക്കുള്ളൊരു നിലയും മററും ആലോചിച്ചുനോക്കുമ്പോൾ അദ്ദേ

ഷത്തിന്നു കൃതവർമ്മാവിനേക്കാൾ കുറേ വലിയൊരു സ്ഥാനം കൊടുക്കാതെ കഴികയില്ലെന്നാണെനിക്കു തോന്നുന്നതു്. "ഗർവ്വശമന"മെന്നത് ഒരു മുഹമ്മദീയകഥയാണ്. അവരുടെ ഇടയിൽ പ്രസിദ്ധനായ തുലിസെക്കാർ എന്ന ക്ഷുരകന്റെ ഗർവ്വം ശമിപ്പിച്ച കഥയാണിതു്. ഇതൊരു ഹിന്തുകഥയാക്കി രൂപാന്തരം വരുത്തിയതു ചിലതന്നെ. ഒരു നാട്ടിൽനിന്നു മറ്റൊരു നാട്ടിലേക്ക് ഈവക കഥകൾ സഞ്ചരിക്കുന്ന സമ്പ്രദായം ഭാഷാചരിത്രങ്ങളുമായി പരിചയമുള്ളവർക്കൊക്കെ അറിവുള്ളതാണല്ലോ. നമ്മുടെ പഞ്ചതന്ത്രകഥകൾ ഇങ്ങിനെ സഞ്ചരിച്ചുപോയി ഈജിപ്ത്, ഗ്രീസ്സു മുതലായ വിദേശത്തു ചെന്ന് ഈസപ്പിന്റെ നീതികഥകളായതാണെന്നൊരു വിശ്വാസം പാശ്ചാത്യന്മാരുടെ ഇടയിൽതന്നെ നടപ്പുണ്ട്.

സന്താനഗോപാലവും, കവിഭാരതംപോലെതന്നെ, ചെറുപ്പത്തിൽ ഉണ്ടാക്കിയിട്ടുള്ളൊരു നാടകമാകുന്നു. എന്നല്ല, ഇതു കവിതാവേഗം പരീക്ഷിക്കാനെഴുതിയതുമാണല്ലോ. കവിത കണ്ടാൽ ഈ സംഗതി സ്പഷ്ടമാകയും ചെയ്യും. പിന്നെ ഒന്നുള്ളതു ദ്വിതീയാക്ഷരപ്രാസത്തെ കുറിച്ചുള്ളൊരെഴുത്താണ്. ഇതൊരു പ്രാസപക്ഷപാതിയുടെ എഴുത്താണെന്നതിന്നു സംശയമില്ല. പ്രാസഭ്രാന്തിനെപ്പറ്റി വല്ലതും ആരെങ്കിലും ആക്ഷേപിച്ചാൽ അതിന്,

"അർത്ഥത്തിനെന്തു ദോഷമ-
നർത്ഥം പ്രാസത്തിനാലേ വരുമെന്നോ?
വ്യർത്ഥമവിചാരമിതു്"

എന്നതന്നെയാണദ്ദേഹം മറുപടിപറക പതിവു്. വശ്യവചസ്സായ അദ്ദേഹത്തിനു് അങ്ങിനെയെല്ലാം പറയാം. എന്നാൽ സാധാരണന്മാൎക്കീ പ്രാസഭ്രമംകൊണ്ടു കുറേ അപകടം നേരിടാറുണ്ടെന്നുള്ളതു തീൎച്ചയാകുന്നു. നന്നെ ദുൎല്ലഭമായിച്ചിലപ്പോൾ കുഞ്ഞിക്കുട്ടൻ തമ്പുരാനുതന്നെ ഇതുനിമിത്തം അല്പം പ്രമാദം പറ്റിപ്പോകുമാറില്ലയോ എന്നു സംശയമുണ്ടു്. സന്താനഗോപാലത്തിൽ വൈകുണ്ഠം വൎണ്ണിക്കുന്നകൂട്ടത്തിൽ

"സ്വൎഗ്ഗം ദൂരെപ്പോമപ-
വൎഗ്ഗം നല്കുന്നൊരീ പുരി വരുമ്പോൾ;
ദുൎഗ്ഗന്ധമെന്നതിന്നിഹ
മാൎഗ്ഗങ്ങളിലല്ല നാട്ടിലേയില്ല".

എന്നൊരു ശ്ലോകമുണ്ടു്. ഇതിന്റെ പൂൎവ്വാൎദ്ധം വൈകുണ്ഠത്തിന്റെ അവസ്ഥക്കുള്ള ഗൌരവത്തോടുകൂടിയതുതന്നെ. ഉത്തരാൎദ്ധമായപ്പോഴേക്കും വാലൂരിപ്പോയില്ലയോ എന്നാണെനിക്കു ശങ്ക. ഈ ബാലിശത്വത്തിന്റെ കാരണം കവിയുടെ ദ്വിതീയാക്ഷരപ്രാസഭ്രമംതന്നെ ആണെന്നാണു് തോന്നുന്നതു്. വേറെയും ദോഷം ചിലപ്പോൾ അദ്ദേഹത്തിനു് ഈ ഭ്രമത്താൽ പറ്റിപ്പോയിട്ടില്ലെന്നില്ല. ഉള്ളൂർ പരമേശ്വരയ്യൎക്കു് എഴുതിയിരുന്ന ഒരെഴുത്തിൽ,

"പച്ചമലയാളബുക്കു ച-
മച്ചതു വേണ്ടില്ല, നല്ല നിലയിൽ പതും;

ഒച്ചപെടുമെന്നോത തോഴർ കു-
റച്ചപ്പച്ചപ്പയററകൾ പടിച്ചാൽ".

എന്നൊരു ശ്ലോകം കാണാനുണ്ടു്. ഇതിലെ ഒന്നും മൂന്നും പാദങ്ങളുടെ അവസാനം നല്ല ശരിയായില്ലെന്നാണ് തോന്നുന്നതു്. ഒരുമാതിരി വൃത്തഭംഗംതന്നെയാണിവിടെ വന്നിരിക്കുന്നതു്* ഇതിനും മേൽപ്പറഞ്ഞവിധത്തിലുള്ളൊരു പ്രമാദംതന്നെയാണ് കാരണമെന്നു തോന്നുന്നു. "ദ്വിതീയാക്ഷരപ്രാസം ചേർപ്പതു കൈരളീമഹിളതൻ മംഗല്യമാണോർക്കണം" എന്നു കവികുലഗുരുവായ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ വിധിയുണ്ടെങ്കിലും, മംഗല്യത്തിന്റെ പേരും പറഞ്ഞു കൈരളിയെ 'ദുർവൃത്ത'യാക്കിത്തീർത്താൽ പററില്ലല്ലോ. "പ്രായേണ വൃത്തഹീനഃ" എന്നുള്ളതു പണ്ടേതന്നെ ഭാഷാകവികൾക്കും, ആ വഴിക്കു ഭാഷാകവിതകൾക്കുമുള്ളൊരപവാദമാകുന്നുവെന്നുംകൂടി ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ടു്. ഞാനിപ്പറഞ്ഞതിൽനിന്നു് ഒരു കാര്യം ആരും ധരിക്കാതിരിക്കണം. അർത്ഥലുബ്ധന്മാരായ ചില പുരുഷപരിഷ്ക്കാരികൾ, സമുദായപരിഷ്ക്കാരകാര്യത്തിലെന്നപോലെ, സാഹിത്യത്തിലും കൈരളീമഹിളയ്ക്കു മംഗല്യധാരണംതന്നെ ആവശ്യമില്ലെന്നു ശഠിക്കുമ്പോലെയാണ് ഞാനീകവിതാകാര്യത്തിൽ പറയുന്നതെന്ന് ആരും തെററിദ്ധരി

---

* പാദാന്തത്തിലെ യതിഭംഗത്തെത്തന്നെയാണ് ഇവിടെ വൃത്തഭംഗമായി പറയുന്നതു്. "ന വൃത്തദോഷാൽ പൃഥക് യതിദോഷോനാസ്തി. വൃത്തസ്യ യത്യാത്മകത്വാൽ" എന്നീ വാമനസൂത്രമാണിതിന്നു പ്രമാണം.

ക്കരുത്. പ്രാസനിഷ്ഠകൊണ്ടു വൃത്തം, അർത്ഥം മുതലായതിന്നു കേടുതട്ടാതിരിപ്പാൻ സൂക്ഷിക്കണമെന്നേ എനിക്കു സിദ്ധാന്തമുള്ളൂ. ദ്വിതീയാക്ഷരപ്രാസത്തിന്റെ കാൎയ്യത്തിൽ നമ്മുടെ അന്വേഷണം മതിയായിട്ടില്ലെന്നാണെന്റെ പക്ഷം. ഭാഷാകവിതയിൽ ഇങ്ങിനെയൊരു ചിട്ട വരുവാൻ മതിയായ വല്ല കാരണവുമുണ്ടായിരിക്കണം. ആദ്യകവികൾ ഉപയോഗിച്ചിരുന്ന വൃത്തങ്ങളിൽ രണ്ടാംവൎണ്ണത്തിന്റെ സ്ഥാനം ഒരു മൎമ്മമായിരുന്നിരിക്കണം. അതുകൊണ്ടായിരിക്കയും വേണം മൎമ്മജ്ഞന്മാരായ അവർ പ്രാസം അവിടെ കൊണ്ടു പ്രയോഗിച്ചത്. ഇപ്പോഴാകട്ടേ അതെല്ലാം മറന്നു ഗതാനുഗതികത്വമാണെന്നാണെനിക്കു തോന്നുന്നത്. ഇപ്പോൾ സാധാരണ നടപ്പുള്ള വൃത്തങ്ങളിൽ രണ്ടാംവൎണ്ണത്തിനങ്ങിനെയൊരു പ്രാധാന്യം ഉണ്ടോ എന്നു സംശയമാണ്. ഒരാൾ ദ്വിതീയാക്ഷരപ്രാസത്തിനു പകരം,

ധനാശയെന്നല്ല ദുരാശയൊന്നും
മമാശയത്തിൽ കുടികൊണ്ടിടായ്വാൻ
വൃഷേശയാനപ്രിയതന്റെ പാദ-
കുശേശയം ഞാനിതകൈതൊഴുന്നേൻ.

എന്ന മട്ടിൽ തൃതീയാക്ഷരപ്രാസത്തോടുകൂടിയാണ് കവിതയുണ്ടാക്കുന്നതെങ്കിൽ വലിയ പോരായ്മയായി എന്നു വാസ്തവത്തിൽ തോന്നുന്നുണ്ടോ? പാദത്തിന്റെ ആദിയോ, അന്തമോ, യതിസ്ഥാനങ്ങളോ ആണെങ്കിൽ മററുള്ള ഭാഗങ്ങളേക്കാൾ പ്രാധാന്യമേറിയവയാണെന്നു സമ്മതിക്കാം. അല്ലാതെ ദ്വിതീയാക്ഷരത്തിന്റെ പ്രാധാന്യം മനസ്സിലാ

വ്യന്നില്ല.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കവിതയെപ്പററി പറയുന്നകൂട്ടത്തിൽ അദ്ദേഹത്തിന്റെ ഗദ്യമെഴുത്തിനെപ്പററിയും കുറച്ചൊന്നു പറയാതെകഴികയില്ല. പദ്യരചനയ്ക്കുള്ള വാസനപോലെതന്നെ ഗദ്യലേഖനത്തിനും അദ്ദേഹത്തിനു സ്വതവേതന്നെ നല്ല വാസനയുണ്ടായിരുന്നു. ആദ്യകാലങ്ങളിലത്ര ശോഭിച്ചിരുന്നില്ലെങ്കിലും കാലക്രമംകൊണ്ടു് അതിനും ധാരാളം പുറത്തു ചാടേണ്ടിവന്നു. ഒരുത്തമമാസികയായിരുന്ന 'രസികരഞ്ജിനി' പുറപ്പെട്ടതുമുതല്ക്കു നമ്മുടെ കവിയായിരുന്നു അതിന്റെ പത്രാധിപർ. കൊച്ചി അപ്പൻതമ്പുരാനു സമ്മതനായിട്ടുള്ളൊരു പത്രാധിപന്റെ സ്ഥാനം വഹിക്കുന്ന കാര്യം അത്ര എളുപ്പത്തിലുള്ളതല്ല. എന്നാൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ ആ പത്രികയുടെ ആയുഷ്കാലം മുഴുവൻ അപ്പൻതമ്പുരാനു സമ്മതനായിട്ടുള്ളൊരു പത്രാധിപനായിത്തന്നെ അതു നടത്തിയെന്നു മാത്രമല്ല, ആ തമ്പുരാന്റെ പ്രീതിബഹുമാനങ്ങൾ സമ്പാദിക്കയും ചെയ്തു. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ബുദ്ധിയുടെ നവീനതയെപ്പററി വളരെ സ്തുതിച്ചുംകൊണ്ടു് അപ്പൻതമ്പുരാൻ എന്നോടു പ്രത്യേകം പറകതന്നെ ഉണ്ടായിട്ടുണ്ടു്. ഈ മഹാകവിയുടെ അനിതരസാമാന്യമായ ഗ്രന്ഥപരിചയവും ചരിത്രജ്ഞാനവും ഈ പത്രാധിപത്യത്തിന്നു വളരെ ഉപകാരമായിത്തീർന്നു. അദ്ദേഹത്തിന്റെ മുഖ്യമായ ഗദ്യകൃതികളെല്ലാം ഈ മാസികയിലും മററും എഴുതി പ്രസിദ്ധംചെയ്ത ലേഖനങ്ങളാകുന്നു. അതുകളുടെ വിഷയബാഹുല്യം നോക്കിയാൽതന്നെ അദ്ദേ

ഹത്തിന്റെ ബുദ്ധിവിസ്താരം അറിയാം. ഭാരതം തർജ്ജ
മയ്ക്കുശേഷം അതുനിമിത്തമായുണ്ടായ വിജ്ഞാനപ്പൊലി
മയുംകൂടി ചേർന്നപ്പോഴേക്കും അദ്ദേഹത്തിന്റെ ഗദ്യഭ്രമം ഒ
ന്നുകൂടി വർദ്ധിക്കുവാനാണുണ്ടായത്. പദ്യത്തേക്കാൾ ഗദ്യ
ത്തിലായിരിക്കുന്നു തന്റെ അഭിരുചിയെന്നെന്നോടദ്ദേഹം
പറഞ്ഞിട്ടുതന്നെ ഉണ്ട്. പദ്യരൂപമായി ഒരു കേരളചരി
ത്രമെഴുതുവാൻ തുടങ്ങിയിരുന്നുവെന്നു മുമ്പൊരിക്കൽ പറ
ഞ്ഞുവല്ലൊ. അതുപോലെതന്നെ ഗദ്യമായി ചില ചരിത്ര
നോവലുകളെഴുതുവാനുള്ള ഒരുക്കങ്ങളെല്ലാം അദ്ദേഹം
ചെയ്തുവെച്ചിട്ടുണ്ടായിരുന്നു. അതിൽ ചിലതിന്റെ പേരും
കൂടി നിശ്ചയിച്ചുകഴിഞ്ഞിട്ടുമുണ്ടായിരുന്നു. പക്ഷെ എന്തു
ചെയ്യാം? ആ മോഹങ്ങളൊന്നും സാധിപ്പാനുള്ള ആയുസ്സ
ദ്ദേഹത്തിനുണ്ടായില്ല. ഒരു സ്കോട്ട് ഉണ്ടാവാനുള്ള ഭാഗ്യം
കേരളത്തിനുമുണ്ടായില്ല. കഷ്ടം! അല്ലെങ്കിൽ, എന്തിനി
ങ്ങിനെ വ്യസനിക്കുന്നു? ഒരു വ്യാസനുണ്ടാവാനുള്ള ഭാഗ്യം
കേരളത്തിനുണ്ടായല്ലൊ! അതു വിചാരിച്ചു സന്തോഷിക്കു
കതന്നെ.

ഇങ്ങിനെ ചിലതാണെനിക്കു കൊടുങ്ങല്ലൂർ കുഞ്ഞിക്കു
ട്ടൻതമ്പുരാനെപ്പറ്റി പറവാനുള്ളതു്. ഇതിനുമുമ്പു പലരും
ഇതേവിഷയത്തെപ്പറ്റി അനേകം സംഗതികൾ പറഞ്ഞി
ട്ടുണ്ടായിരിക്കും. അവരിന്റെ കൂട്ടത്തിൽ എന്റെ ഈ ശ്രമ
വും പൊതുജനങ്ങൾക്കു സ്വീകാര്യമായി വരട്ടെ. പണ്ടു
ശ്രീകൃഷ്ണഭഗവാൻ ബഹുലാശ്വനെന്ന രാജാവിന്റേയും ശ്രു
തദേവനെന്ന ബ്രാഹ്മണന്റേയും ഭവനങ്ങളിൽ ചെന്നു
ചെന്നും,

“പാലാജ്യഭോജ്യാദികമേകഗേഹേ
മൂലാംബുപത്രാദികമന്യഗേഹേ”

കിട്ടിയതു വാങ്ങി അനുഭവിച്ച രണ്ടാളുടേയും നേരേ ഒരുപോലെ പ്രസാദിച്ചുവെന്നുമാണല്ലോ കഥ പറഞ്ഞുകേട്ടിട്ടുള്ളത. അതുപോലെ ഇക്കാൎയ്യത്തിൽ വായനക്കാർ ശ്രീകൃഷ്ണഭഗവാനെ അനുകരിക്കട്ടെ.

കോട്ടക്കൽ
15—8—27

കെ. സി. വീരരായൻ രാജാ.
ബി. ഏ., എൽ. ടി.
കോട്ടക്കൽ ഹൈസ്കൂൾ
ഹെഡ്മാസ്റ്റർ.

കേരള സാഹിത്യ അക്കാദമി

മഹാകവി

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ

കൃതികൾ

പുസ്തകം III

ശ്രീസ്തുതി *

(ഭാഷ)

കേരളസാഹിത്യ അക്കാദമി

മൊട്ടിട്ട പച്ചിലമരത്തിലണഞ്ഞ വണ്ടി-
ന്മട്ടിൽക്കുരുക്കുളിർമുളച്ച മുകുന്ദമെയ്യിൽ
തട്ടിച്ച ഭൂതിമയമംഗളദേവതാക്ഷി-
ത്തട്ടിപ്പെനിക്കു പുരുമംഗളമേകിടട്ടേ. 1

എന്താണ്ടലേകുക ധനം, മുരജിന്മുഖത്തു
ചെന്താരിൽ വണ്ടണികണക്കു സരംഗലജ്ജം
ചിന്തുന്ന പോക്കുവരവങ്ങിനെ വീണ്ടുമേൽക്കും
സിന്ധുക്കിടാവിനുടെ മുഗ്ദ്ധകടാക്ഷമാല. 2

---

* ഇതു ശ്രീശങ്കരാചാര്യരുടെ സുപ്രസിദ്ധകൃതിയായ ‘ശ്രീസ്തുതി’യുടെ തർജ്ജിമയാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ ഒടുവിലത്തെ ഭാഷാന്തരം ഇതാണത്രെ.

പ്രസാധകൻ.

എന്നും നമുക്കരുൾക ഭൂതി, കുടഞ്ഞടഞ്ഞു
ചെന്നും മുകുന്ദനിലഴിഞ്ഞു മിഴിഞ്ഞു നിന്നും
കന്ദർപ്പതന്ത്രരസമാർന്നൊരനന്തശായി-
തന്നംഗനയ്ക്കുടയ കൺകട തൊട്ട നോട്ടം. 3

കല്യാണമിങ്ങരുളണം, ഭഗവാനുപോലും
കല്യാണകാമമരുളും മലർമങ്കതന്റെ
കല്ലായ കൌസ്തുഭമെഴും ഹരിമാറിൽ നീല-
ക്കല്ലായമാലനിലകൊലിന ദൃഷ്ടിമാല. 4

കാറിന്റെ കാന്തികവരും മധുമർദ്ദനന്റെ
മാറിൽത്തടിൽപ്പടി വിളങ്ങിന ലോകമാതുഃ
നേരിട്ടു ഭാർഗ്ഗവി വിടും നെടിയോരു നേത്രം
പൂരിക്കുമാറരുൾകെനിക്കു പെരുത്ത ഭദ്രം. 5

ആനന്ദമുള്ള ശുഭവാൻ മധുമാഥിമേൽ, മുൻ-
കാണാത്തിനംഗജനു കൈമുതലിന്റെ നോട്ടം,
വേണം പതിച്ചിടുവതെന്നിലു,മാഴിമാതിൻ
നാണം കുണുങ്ങി വിളയാടിന പാതിനോട്ടം. 6

ഇന്ദ്രാദിസർവ്വപദധാടി കൊതിപ്പതായു-
മിന്ദ്രാനുജന്നുമതിനന്ദിവളർപ്പതായും,
ഇന്ദീവരപ്രതിമമിന്ദിര വിട്ടരക്ക-
ണ്ണൊന്നീഷൽമാത്രമുടനൊട്ടിടനിൽക്കുകെന്നിൽ. 7

ഉൾത്താരിലോർത്തുപെടാത്തവരും, സുരന്മാ-
ർക്കൊത്താപ്പദത്തിലണയത്തരമാംവിധത്തിൽ

പൊയ്ത്താരിൽമാത്തു വിട്ടമഞ്ജുമൊടൊത്ത തൃക്ക-
ണ്ണൊത്താശചെയ്യിവനൊരുത്തമപുഷ്ടിയെത്താൻ. 8

പേരാണ്ടെഴുന്ന കരുണക്കുളുർകാററൊടൊപ്പം
നാരായണപ്രിയ കൊടുത്ത കടാക്ഷമേഘം,
പോരാഞ്ഞുഴന്നൊരിവനാം ചെറുപക്ഷിയേൽക്കാൻ
ധാരാളമായ ധനമാം മഴ പെയ്യിടട്ടേ. 9

ലോകത്തിൽ വാക്കുടയതെ,ന്നലർമാതിതെന്നു,
ശാകംഭരീശപ്രിയതെ,ന്നുമയെന്നിവണ്ണം
ആകെച്ചമച്ചിതു ഭരിച്ചു മുടിച്ചു സിദ്ധി-
യേകും ത്രിലോകഗുരുവല്ലഭയെത്തൊഴുന്നേൻ. 10

കൂപ്പാം ശ്രുതിക്കു, ശുഭകർമ്മഫലപ്രദയ്ക്കു,
കൂപ്പാം രതിക്കു, രമണീയഗുണാശ്രയയ്ക്കും,
ശക്തിക്കു കൂപ്പു ശതപത്രനിവാസിനിക്കു,
പുഷ്ടിക്കു കൂപ്പു പുരുഷോത്തമകാമിനിക്കും. 11

തൊഴുന്നു പൊന്താമരനേർമുഖിക്കു,
തൊഴുന്നു പാലാഴിമകൾക്കു വീണ്ടും,
തൊഴുന്നു സോമാമൃതസോദരിക്കു,
തൊഴുന്നു ദാമോദരവല്ലഭക്കും. 12

തൊഴുന്നു ദേവിക്കിതു ഭാർഗ്ഗവിക്കു,
തൊഴുന്നു വിഷ്ണൂരസി വാഴുവൾക്കും,
തൊഴുന്നു ലക്ഷ്മിക്കലരാണ്ടവൾക്കു,
തൊഴുന്നു നാരായണവല്ലഭക്കും. 13

തൊഴുന്നു പൊൻതാമരയാണ്ടവൾക്കു,
തൊഴുന്നു ഭൂമണ്ഡലനായികക്കും,
തൊഴുന്നു ദേവാദിദയാമയിക്കു,
തൊഴുന്നു ശാർങ്ഗായുധവല്ലഭക്കും. 14

തൊഴുന്നു കാന്തി, കമലാക്ഷിയാൾക്കു,
തൊഴുന്നു ഭൂതി, അഖിലാംബികക്കും,
തൊഴുന്നു ദേവാദിസമർച്ചിതക്കു,
തൊഴുന്നു നന്ദാത്മജവല്ലഭക്കും. 15

ശ്രുതിസ്വരൂപിണി നിഖിലാംബലക്ഷ്മിയെ
സ്തുതിക്കിലിസ്തുതികളുരച്ചു നിത്യവും
അതിസ്ഫുരൽഗുണഗണധാന്യപുഷ്ടിപൂ-
ണ്ടതിൽപ്പരം ഭേമന ഭക്തരാം ശുഭം. * 16

---

* 'കനകധാരാസ്തുതി' എന്നുകൂടി പേരുള്ള പ്രസ്തുത കൃതിയുടെ മൂലം ആചാര്യസ്വാമികൾ ബാല്യത്തിൽ സ്വന്തം ദാരിദ്ര്യനിവാരണത്തിന്നായി പ്രാർത്ഥിച്ചുണ്ടാക്കിയതാണെന്നും, അതല്ല, തന്റെ പ്രിയപ്പെട്ട നാലുശിഷ്യരോടുകൂടി ഒരു ദരിദ്രബ്രാഹ്മണകുടുംബത്തിൽ ഭിക്ഷക്കു ചെന്നപ്പോൾ അവരുടെ ദാരിദ്ര്യമോചനം പ്രാർത്ഥിച്ചെഴുതിയതാണെന്നും മററും അഭിപ്രായഭേദങ്ങളുണ്ട്. സ്വാമികളുടെ സ്തുതിക്കുശേഷം നാലു ശിഷ്യന്മാരും ഓരോ പദ്യമുണ്ടാക്കിയതായും പ്രസിദ്ധപ്പെടുത്തിക്കാണുന്നുണ്ട്. നമ്മുടെ കവി അതു തർജ്ജമ ചെയ്തിട്ടില്ലെന്നു തോന്നുന്നു.

പ്രസാധകൻ.

*കവിഭാരതം

—o—

അത്യുഗ്രാടോപമേറ്റും പടനടുവിലടു-
ക്കുന്ന ദൈത്യേന്ദ്രദേഹം
കുത്തിക്കീറിപ്പിളർന്നിട്ടുടനെ ചുടുകടു-
ഞ്ചോര കോരിക്കുടിച്ചും,
മുത്തോടേററം ചിരിച്ചും, മുഹുരപി മദമോ-
ട്ടട്ടഹാസം പൊഴിച്ചും,
നൃത്തംവെച്ചും കളിച്ചീടിന കൊടിയ കൊടു-
ങ്കാളിയെക്കൈതൊഴുന്നേൻ. 1

തള്ളിക്കേറിപ്പിടിച്ചിട്ടെതൃകവിവരരെ-
ത്തട്ടിയോടിച്ചു പിന്നെ-
ത്തുള്ളിച്ചാടിക്കളിക്കും കവിപൃഥുപൃതനാ-
ഭാരതപ്പോരുതന്നിൽ
ഉള്ളിൽ തോന്നുന്നവണ്ണം കവിവരനൃവര-
പ്രൌഢരേശ്ശക്തിനോക്കി-
ക്കൊള്ളിച്ചാത്തുന്നു കുഞ്ഞക്ഷിതിപനവനവൻ-
താരതമ്യാതിരമ്യം. 2

---

* ഇതു കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ആദ്യകാലകൃതികളിലൊന്നാണ്. പ്രസാധകൻ.

കൃതികൾ

പാണ്ഡവഖണ്ഡം

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ

സ്വച്ഛന്ദം ഭാഷകൊണ്ടും സുരുചിരതരമാം
സംസ്കൃതംകൊണ്ടുമൊപ്പം
മെച്ചംനേടുംപ്രകാരം ബഹുവിധകവിതാ-
സൂക്തി വർഷിക്കമൂലം
ഇച്ചൊന്നോരക്കവിപ്രൌഢരിൽ മികവുടയോൻ
കോടിലിംഗാധിനാഥൻ
കൊച്ചുണ്ണിക്ഷോണിപാലൻ കൊടിയ കവിവരൻ
ദിവ്യനാം സവ്യസാചി. 1

വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട്.

ഉൽച്ചിന്നം വേഗമേറും നിജകവനബല-
ത്തള്ളലെല്ലാമൊതുക്കി-
സ്വച്ഛന്ദം മൂകനായ് വാണഖിലകവിവര-
പ്ലോരു കണ്ടിണ്ടലെന്യേ
കൊച്ചുണ്ണിക്ഷോണിപാലപ്രവരനു കൊടിയായ്
വെണ്മണിശ്രീകലർന്നോ-
രച്ഛൻനമ്പൂരി ഭൂരിപ്രഥിതസിതയശോ-
മോഹനശ്രീമഹാന്തുമാൻ. 2

കുംഭകോണം കൃഷ്ണശാസ്ത്രികൾ.

ഏതും വൈഷമ്യമില്ലാതിടയിടയിവലും
തൽപ്രമാദാപനോദം-
ചെയ്യുംകൊണ്ടിണ്ടലെന്യേ നിഖിലനിഗമസാ-
രൈകസാരജ്ഞനായി

ജാതപ്രേമം തെളിഞ്ഞിക്ഷിതിപതിസവിധേ
വാണെഴും കുംഭകോണോൽ-
ഭൂതശ്രീകൃഷ്ണശാസ്ത്രിപ്രവരനിഹ യഥാർ-
ത്ഥാഭിധൻ സാധു കൃഷ്ണൻ. 3

കേരളവർമ്മ വലിയ കോയിത്തമ്പുരാൻ.

ആര്യം കണ്ടാത്തട്ടക്കം കവിവരകരിസം-
ഘങ്ങളും തട്ടിത്തകർപ്പാൻ-
നായിക്കൊണ്ടെത്തിയെന്നാൽ പെരുത്തു വിരുത്തു-
ത്തൊട്ടെത്തിട്ടുമൊട്ടും
കായക്ലേശം ജനിക്കാത്തൊരു കവിമണി വ-
ഞ്ചീശപുത്രീപ്രാണനാഥൻ
കോയിപ്പണ്ടാല പാർത്താൽ കവികുരുപൃതനാ- 4
ഭീമനാം ഭീമനത്രേ.

തിരുവനന്തപുരം ഗണപതിശാസ്ത്രികൾ.

കൊണ്ടാടും നവകാവ്യനിർമ്മിതമഹാ-
ദിവ്യാസ്ത്രസമ്പന്നമായ്-
കണ്ടീടുന്നവർകൾക്കു കൗതുകമുടൻ
ചിത്തേ വളർത്തുന്നവൻ
രണ്ടാമർജ്ജുനനാണു പോരിലിവനെ-
ന്നുള്ളോരു നല്ലോരു പേർ-
കൊണ്ടീടുന്നഭിമന്യുവാം ഗണപതി-
ശ്രീശാസ്ത്രി കീർത്ത്യുജ്ജ്വലൻ ൫

കൃതികൾ

പി. സി. മാനവിക്രമ ഏട്ടൻതമ്പുരാൻ.

ശങ്കാഹീനമെടുത്തു ശക്തി കൃതിയിൽ
കാണിച്ചു ചാൽ കാവ്യകൃൽ-
സംഘാതാഗ്രിമതിക്ക ഭീമനപര-
നാക്കപ്രമേയപ്രിയൻ
മാങ്കാവിൽ കവി മാനവിക്രമനതാ-
യോരേട്ടനാം തമ്പുരാൻ
ഹുങ്കാരോൽക്കടനാം ഘടോൽക്കചനുമാം
തള്ളിച്ച തെല്ലല്ലഹോ. 6

ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (രാജാ)

സത്തേരം സരസപ്രകൃഷ്ടകവിതാ-
ബാണപ്രയോഗങ്ങളേ-
റെത്തീടുന്നവ,നാരെതൃക്കിലുമവൻ-
മുഷ്ക്കൊന്നമർത്തുന്നവൻ,
നിത്യം പാർത്ഥനു മേലിൽ നന്മ വരുവാൻ
പ്രാർത്ഥിച്ചിട്ടും ശിഷ്യനാം
സത്തൻ സാത്യകിയാണു സാധുമതിയാം
രാജദ്വിജൻ നിശ്ചയം. 7

കാത്തുള്ളി അച്യുതമേനോൻ.

പുഷ്ടശ്രീകവിതാബലാധിപതിയായ്
ദ്രോണന്റെ ശിഷ്യേന്ദ്രനാ-
യിഷ്ടം പാർത്ഥനിലാർന്നു തൽപ്രിയതമാ-
സോദര്യനായ് സാദരം

ശിഷ്ടന്മാൎക്കു ഗുണം വരുത്തുവതിനായ്
പ്രാണപ്രയത്നം പെടും
ധൃഷ്ടദ്യുമ്നനതാണു ധൃഷ്ടതമനാം
കാത്തുള്ളിലുള്ളച്യുതൻ. 8

ചെന്നാസ്സു നമ്പൂതിരിപ്പാട്, മാംകുഴി നമ്പൂതിരി
പ്പാട്, കിരാങ്ങാട്ടു നമ്പൂതിരിപ്പാട്.

മന്ന്യൻ ചെന്നാസ്സുനമ്പൂതിരി പെരിയ ഗുണം
ചേൎന്ന പാഞ്ചാലഭൂപൻ,
ധന്യശ്രീമാംകുഴിക്ഷ്മാസുരനധികതരം
വേദവിത്താം വിരാടൻ,
എന്നല്ലേ പാൎത്തുകണ്ടാൽ പുകഴു പെരിയ കിരാ-
ങ്ങാട്ടെഴും ദ്വേഷമറ്റോ-
രിന്നുള്ളക്കഞ്ചനമ്പൂതിരി തരമറിയും
ധാൎമ്മികൻ ധൎമ്മപുത്രൻ. 9

മാങ്കാവിൽ തമ്പാൻതമ്പുരാൻ, എണപ്പാടം
ധാരസ്വാമിശാസ്ത്രികൾ, ആലങ്ങാട്ടു കുഞ്ഞൻ
തമ്പുരാൻ, ചക്കിടിക്കാട്ടു നമ്പൂതിരി.

വയ്മ്പൻ ശൈലാംബുധീശാന്വയമണി നകുലൻ
നന്ദ്യചാരിത്രനാകും
തമ്പാൻതമ്പുരാൻ, ധാരസ്വാമിയുമിഹ സഹദേ-
വാഖ്യനാം ശ്ലാഘ്യശീലൻ;
അമ്പാടശാസ്ത്രപൂൎവ്വാടവിപതി മഹിമാൻ
നീലഭൂപൻ, കൃതിക്കായ്
മുമ്പിട്ടോൻ ധൃഷ്ടകേതുക്ഷിതിപതി ദൃഢമാം
ചക്കിടിക്കാട്ടു വിപ്രൻ. 10

ചിണ്ട്യാത്ത് അച്യുതമേനോൻ, ചമ്പത്തിൽ
ചാത്തുക്കുട്ടി മന്നാടിയാര്, പി. കൃഷ്ണമേനോൻ,
കരുപ്പത്തു ഗോവിന്ദമേനോൻ, കുണ്ടൂർ
നാരായണമേനോൻ.

ചിണ്ട്യാത്തച്യുതനും, പരം ചതുരനാ-
മച്ചാത്തുമന്നാടിയും,
കൊണ്ടാടുന്നൊരു കൃഷ്ണനും, ബത കരു-
പ്പത്തുള്ള ഗോവിന്ദനും,
കുണ്ടൂരെന്നൊരു വീട്ടിലുള്ള കവിയാം
നാരായണൻ താനുമെ-
ന്നുണ്ടഞ്ചാളുകളഞ്ചു കേകയനൃപ-
ന്മാരാകിൽ നേരാകുമേ. 11

തിരുവില്വാമല രാമശാസ്ത്രികൾ, രാമൻനമ്പിടി,
ചെറിയ കോയിത്തമ്പുരാൻ.

ന്യായം വില്വാദ്രിരാമദ്വിജതിലകനിരാ-
വാനുമാ,മുത്തമൌജ-
സ്സായാലേ രാമനാം നമ്പിടിയുടയ മിടു-
ക്കിന്നടുക്കുള്ളു നാമം,
മാനംകൂടാതെ മാനിച്ചരുളുമിളമയാരാ
വഞ്ചിരാജ്ഞീമണാളൻ
കോയിപ്പണ്ടാല കോട്ടം കുറയുമൊരു യുധാ-
മന്യുവാം മന്നവേന്ദ്രൻ. 12

ആറാംപ്പുറത്തു ശങ്കുണ്ണിമേനോൻ, വെള്ളാംപ്പിള്ളി
ഗോവിന്ദമേനോൻ, പെരുമ്പിള്ളി നമ്പൂതിരി.

ഉള്ളഞ്ഞോർന്ന യുയുൽസ്വവാറാപ്പുറമാം
വീട്ടുള്ള ശങ്കുണ്ണിയും,
വെള്ളാംപ്പിള്ളിയതെന്ന വീട്ടിലമരും
ഗോവിന്ദനാം കാശ്യനാം,
തള്ളീടേണ്ടിത്തു സത്തനാകിയ പെരു-
മ്പിള്ളിൽ ധരിത്രീസുരൻ
കള്ളം വിട്ടൊരു കുന്തിഭോജനൃപനാം
നൂനം നിനയ്ക്കും വിധൌ. 13

വല്ലത്തു കോമ്പിപ്പുള്ളി രാമമേനോൻ,
ആനാറ വേലുമേനോൻ, പോട്ടയിൽ
ഗോവിന്ദമേനോൻ, നടുവത്തു മഹൻ നമ്പൂതിരി,
കുഞ്ഞുണ്ണിത്തമ്പുരാൻ.

അഞ്ചാത്തുള്ളൊരു രാമനും, സഖിയതാ-
മാനാറെറഴം വേലുവും,
കൊഞ്ചും പോട്ടയിലെന്ന വീട്ടിലെഴമാ-
ഗോവിന്ദനാം വൈദ്യനും,
ചാഞ്ചാട്ടും കവിനന്ദനൻ നടുവവും,
കുഞ്ഞുണ്ണിഭൂപാലനും
പാഞ്ചാലസുതരാകുമഞ്ചു നൃവര-
ന്മാരാണു നേരാണിതു്. 14

ആനാററ പരമേശ്വരമേനോൻ, കൊടശ്ശേരി
കുഞ്ഞൻതമ്പാൻ, മൂത്തേടത്തു ശങ്കുണ്ണിമേനോൻ,
കീരങ്കുളങ്ങര ഉഴത്രവാരിയർ.

ആനാററെ പരമേശ്വരൻ നിയതമാ-
ണിന്നുത്തരൻ, നിത്യവും
മാനം നേടിന ചേകിതാനസ്സമനാം
കർത്താവു കുഞ്ഞൻപ്രഭു,
ഊനം വിട്ട ശിഖണ്ഡി മൂത്തയിടമാം
വീട്ടുള്ള ശങ്കുണ്ണിയാം,
ന്യൂനം കീരന്നുഴത്രവാരിയർ പരം
പാക്കംവിധൗ പാണ്ഡ്യനാം. 15

പാറനമ്പൂതിരി, ഇടമരത്തു നമ്പൂതിരി, കുറപ്പത്തു
കൊച്ചുണ്ണിമേനോൻ.

ശംഖൻ താൻ പാറയാകും, സുദ്ധമിടമരൻ
താൻ ശതാനീകനാമം
തങ്കം വീരൻ, വിരാടാത്മജനിഹ സഹദേ-
വാഭിധൻ മാഗധേന്ദ്രൻ,
ശങ്കിച്ചീടേണ്ട തെല്ലും കുശലമതി കുറ-
പ്പത്തു കൊച്ചുണ്ണിമേനോൻ
പങ്കം വിട്ടോരു പാർത്ഥപ്പടകളിലിനിമേ-
ലൊക്കയും യുക്തിപോലെ. 16

കൌരവഖണ്ഡം

ഉലത്തൂർ രാമസ്വാമിശാസ്ത്രികൾ.

ധീമാൻ വൃദ്ധതകൊണ്ടുമിന്നു കവിക-
ളിക്കണ്ട കൂട്ടങ്ങളിൽ
സാമർത്ഥ്യം പെരുതാകകൊണ്ടുമധികം
സദ്വൃത്തികൊണ്ടും പരം
കേമൻ കേളി തെളിഞ്ഞിടുന്ന ഗുണവാൻ
മുത്തോടിലത്തുരെഴും
രാമസ്വാമിയതെന്ന ശാസ്ത്രി കവിതാ-
വിദ്യോജ്ജ്വലൻ ഭീഷ്മനാം. ൧

വെണ്മണിമഹൻ നമ്പൂതിരിപ്പാട്.

പാർത്തട്ടിൽ കണ്ട ഭാഷാകവികളുടെയശേ-
ഷം ഗുരുസ്ഥാനമായി-
പ്പാർത്തീടും ഹേതുകൊണ്ടും, ബഹുവിധകവിതാ
ശാസ്ത്രസമ്പത്തുകൊണ്ടും
ഇത്രൈലോക്യം മുഴക്കെപ്പുകഴുടയ പുമാൻ
വെണ്മണിക്ഷോണിദേവൻ
പുത്രൻ പൂജ്യൻ പുരാണപ്രഥിതഗുണഗണ-
പ്രീണനാം ദ്രോണനല്ലോ. ൨

നടുവത്തച്ഛൻ നമ്പൂതിരി.

അത്യുഗ്രത്വവുമില്ല മന്ദതയുമി-
ല്ലീമട്ടു തുഷ്ട്യം മഹാ-
വൃത്തിക്കൊത്തു കൃതിച്ചു ഭംഗിയിലുര-
ച്ചാനന്ദമാരന്നിങ്ങനെ

കൃതികൾ

മദ്ധ്യസ്ഥന്റെ കണക്കെ മാന്യതയോടും
മങ്ങാതെ മേവുന്നൊര-
ശ്ശുദ്ധാത്മാ നടുവഭോജൻ കൃപനുമാ-
മുൾത്താരിലോർത്താൽ ദൃഢം. ൩

കൊടുങ്ങല്ലൂർ കുഞ്ഞിരാമവൎമ്മ തമ്പുരാൻ.

വിശ്വത്തിൽ കാണുവോരിക്കവികുലമഖിലം-
വെല്ലുവാനുള്ള വീൎയ്യം
വശ്യത്തിൽത്തന്നെയുണ്ടെങ്കിലുമലസമുദാ-
സീനനായ്ക്കാണെഴുന്നോൻ
വിശ്വസ്തൻ കൃഷ്ണനേകീടിന മഹിതമതാ-
യുള്ള ദിവ്യാസ്ത്രമുള്ളോ-
രശ്വത്ഥാമാവതാകും നവമനനുപമൻ
കോടിലിംഗാധിനാഥൻ. ൪

കൈക്കുളങ്ങര രാമവാരിയർ.

ക്രീഡിക്കുന്നു നമുക്കൊരാളു കിടയി-
ല്ലെന്നുള്ള തള്ളിച്ചയായ്
പേടിക്കാത്തൊരു നാട്യവും കവിതകൾ-
ക്കൌദാൎയ്യവും ശൌൎയ്യവും
കൂടിക്കൊണ്ടിഹ കയ്ക്കുളങ്ങരെയെഴും
രാമാഹ്വയൻ വാരിയൻ
മോടിക്കൊത്തൊരു കൌരവേന്ദ്രസചിവൻ
കൎണ്ണൻ മഹാനിൎണ്ണയം. ൫

വയസ്കര മൂസ്സ്.

കേടൊക്കാത്തുയരും കഠോരകവിതാ-
സാമൎത്ഥ്യമത്തല്ലിപ-
ത്തോടൊക്കുംപടി പാഞ്ഞടുത്തു കവിത-
ക്കാരരാം പരോൎവ്വീശരെ
മാടിക്കും വരുതൻ വിവേകവിലസ-
ന്നാരായണാൎയ്യജ്ഞനാം
പ്രൌഢൻ വാസ്കരമൂസ്സുതന്നെ ഭേദ-
ത്തൻ ഞാൻ തകൎത്തോതിടാം. 6

കറുത്തപാറ ദാമോദരൻ നമ്പൂതിരി.

ഈൎഷ്യഴത്തിലടുത്തിടുന്ന കവിത-
ക്കാരായ പോരാളിമാർ
ചെയ്യും പദ്യശരപ്രപഞ്ചമതു ക-
ണ്ടൊട്ടും സഹിക്കാതഹോ
മയ്യെന്ന്യേ മതിയാക്കിടാതെ കവിതാ-
ബാണപ്രയോഗങ്ങളിൽ
കയ്യുന്നുന്ന കറുത്തപാറ കൃതിയിൽ
ചൊല്ലാർന്ന ശല്യൻ ദൃഢം. 7

വിചോൻ മാപ്പിളത്തിരുമല്ലാട്.

വീരൻ വഞ്ചിക്ഷമാനായകനുടയ മഹൽ-
പുള്ളയായ് മാനമോടും
സൈ്വരം വാഴുന്ന സത്യസ്ഥിതമതി തിരുമ-
ല്ലാട്ടു കൊല്ലാട്ടു പാർത്താൽ

കേരള സാഹിത്യ അക്കാദമി

ഏവം പദ്യങ്ങളേറെത്തിരുതകൃതി തെരി-
ക്കെന്നുതൃക്കന്നമൂലം
ശ്ശൂരൻ ഭൂരിശ്രവസ്സാണെന്നുമതിദൃഢമാം-
വണ്ണമായ് നിർണ്ണയിക്കാം. 8

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

ഊനത്വം പിണയാതെ രാജകവിയോ-
ടൊട്ടൊട്ടടുക്കുന്നൊരീ-
ഞാനത്രേ കവിസംഘസംഗരമതു-
ണ്ടായെങ്കിൽ മായംവിനാ
മാനത്താൽ പൊരുതുന്ന ചാരുകൃതവ-
ർമ്മാവെന്നൊരായാദവ-
സ്ഥാനത്തിന്നനുരൂപനെന്നു മതമീ-
ദിക്കിൽ ചിലർക്കൊക്കയും. 9

ക്രായ്യൂർ കേശവൻനമ്പ്യാർ, വേഴപ്പറമ്പു മിത്രൻനമ്പൂതിരി, മൂത്തേടത്തു നമ്പൂതിരി, അന്നമടെ രാമപ്പുതുവാൾ, അകവൂർ നമ്പൂതിരിപ്പാട്.

ക്രായ്യൂർക്കേശവനാണലംബുസനഹോ,
വേഴൻ വികർണ്ണൻ, കുരു
പ്രായം ചെന്നൊരു വൃദ്ധബാലികനതാം
മൂത്തേടമാം സൌബലൻ,
മായാവി പുതുവാളു രാമ,നകവൂ-
രാഢ്യൻ മഹൻ മൂസ്സു താൻ
ന്യായംവിട്ടൊരു കർണ്ണബന്ധു കവിതാ-
ദുര്യോധ! ദുര്യോധനൻ. 10

രാജരാജവർമ്മ കോയിത്തമ്പുരാൻ,
കിളിക്കോട്ടു കേശവപ്പണിക്കർ,
കൊട്ടാരത്തിൽ ശങ്കുണ്ണി.

ധന്യശ്രീധരരാജരാജകവി കോ-
യിത്തമ്പുരാൻ വയസ്സനാം
നന്ദ്യശ്രീവൃഷസേനവീര,നിവിടെ-
സ്സൂക്ഷ്മത്തിലാലക്ഷണൻ
മന്നിൽ കീർത്തിയൊടും വളർന്നൊരു കിളി-
ക്കോട്ടുള്ളൊരാക്കേശവൻ,
മുന്നിട്ടാർജ്ജുനിയോടെതിർത്ത ഭരതൻ
ശങ്കുണ്ണിയാമുണ്ണിയാം. 11

വില്വട്ടത്തു രാഘവൻനമ്പിയാർ.

ചൊൽക്കൊള്ളുന്നൊരു വില്വവട്ടമമരു-
ന്നാ രാഘവൻ ലാഘവം-
കൈക്കൊള്ളും കവികർമ്മവാനിഹ സ്വശ-
ർമ്മാവാം സ്വകർമ്മത്തിനാൽ.

ഓർക്കുമ്പോളിനിയോർമ്മ പോര, കവിത-
ക്കാരുണ്ടനേകം തരം-
പാർക്കുമ്പോൾ കുരുവീരരാക്കൾക്കു നിരത്തു-
ന്നേൻ പൊരത്തിന്നു ഞാൻ. 12

കൂടൽമാണിക്യം

പുകഴുന്ന പൂജ്യദ്വിജരൊത്തൊരിഞ്ഞാൽ-
ക്കുട സ്ഥലം ഗ്രാമവിശേഷയോഗം
നടന്നിതഞ്ഞൂറു കഴിഞ്ഞു പത്തു-
മൊരഞ്ചുമെത്തീടിന കൊല്ലവർഷം. 1

അനേകദിവ്യത്വമെഴുന്ന യോഗ്യ-
മഹാജനം കൂടിയൊരീസ്സദസ്സിൽ
ദ്വിജേന്ദ്രവാക്കാലയിത്രുതമൂപ്പാം
മഹീന്ദ്രനഗ്രാസനമേററിരിപ്പൂ. 2

വിശേഷമീഗ്രാമജനൈകദൈവ-
പ്രതിഷ്ഠയുൾക്കൊണ്ടെഴുമമ്പലത്തിൽ
അടുത്തകാലം കലശം കഴിഞ്ഞ-
മുതൽക്കു കാണായിതൊരത്ഭുതംപോൽ. 3

അകത്തിരുട്ടത്തു വിളക്കുവെച്ചാ-
തിരിച്ചാലും ഗർഭഗൃഹത്തിനുള്ളിൽ
ചിലപ്പൊഴും മിന്നിമത്തെളിയുംപ്രകാരം
വിളക്കു കത്തുന്നതുപോലെ കാണാം. 4

ഇതാദ്യമേ കണ്ടുളവന്ന ശാന്തി-
കളിച്ച നമ്പൂരി പരിഭ്രമിച്ചു,
അകത്തു കേറാൻ ഭയമാകമൂലം
പുറത്തുനിന്നാളുകളേ വിളിച്ചു. 5

ചുഴിഞ്ഞു നോക്കുമ്പൊളിതൊക്കെയൊട്ടും
ഭയപ്പെടാനുള്ളൊരു കാൎയ്യമല്ലാ
അസംഭവംപോലെ ജനം നിനക്കും-
നിലയ്ക്കൊരത്യത്ഭുതമായിരുന്നു. 6

പ്രസിദ്ധമാകും രത്നാഖ്യയോടെ
വിളങ്ങുമാവൈഷ്ണവവിഗ്രഹത്തിൽ
ഇടക്കിടയ്ക്കിങ്ങിനെ മാറിമാറി-
ത്തിരിഞ്ഞ രത്നപ്രഭ കണ്ടതത്രെ. 7

ജനങ്ങളിസ്സംഭവമൊട്ടു കേട്ടു
കടന്നുചെന്നൊത്തൊരു യോഗമായി;
തികഞ്ഞയോഗത്തി'ലിതെന്തുചിഹ്നം
വിളങ്ങുവാ'നെന്നു വിചാരമായി. 8

'ഇതെന്തൊരത്യത്ഭുതമിപ്രകാരം
വരാൻ 'കിടാങ്ങൻ തരണാ'ഢ്യതന്ത്രി
മനസ്സുവെച്ചാക്കലശാഭിഷേക-
ക്രിയയ്ക്കു സങ്കല്പമെടുത്തിതെന്നോ? 9

സഭാജനം തന്ത്രിവരിഷ്ഠനോ'ടെ-
ന്തിതെ'ന്നു ചോദിച്ചതിലാദ്വിജാഢ്യൻ
സ്ഫുരിക്കു മാണിക്യമിതിങ്കലെന്നു
നിനച്ച സങ്കല്പമുരച്ചു മെല്ലേ. 10

തപസ്വിയാമാ ദ്വിജനോടസൂയ-
പിടിച്ചുകൊണ്ടോ, ചിലർ നന്ദികൊണ്ടോ

'വരുത്തി മാണിക്യമിതൊത്തുനോക്കി
നമുക്കുറപ്പാക്കണ'മെന്നു ചൊല്ലി. 11

'തപസ്സിനാൽ സൃഷ്ടികഴിച്ചു കാട്ടി-
ത്തരുന്ന രത്നത്തിനൊടൊത്തുനോക്കാൻ
നമുക്കു മറ്റൊന്നവിടെക്കിടക്കും
ജഗത്തി'ലെന്നാർ ചിലരത്ഭുതത്താൽ. 12

'അതുണ്ടു; കായംകുളമെന്ന നാട്ടിൽ
നൃപാലയപ്പൂട്ടറയിങ്കൽ മാത്രം
ഒരൊത്തമാണിക്യമിരിപ്പതുണ്ടു'-
ന്നിടക്കു കേറീട്ടൊരുവൻ പറഞ്ഞു. 13

പലർക്കുമിപ്പോളിതു രണ്ടുമൊപ്പം
പിടിച്ചുനോക്കീടണമെന്നു മോഹം
ഉദിച്ചുപോലങ്ങിനെ ഭൂരിപക്ഷ-
പ്രകാരമായിസ്സഭ തീർച്ചയാക്കി. 14

മുറക്കു കായംകുളമന്നവന്റെ-
യടുത്തുപോയ് വേണ്ടതുപോലെ ചൊല്ലി,
വിശേഷമാണിക്യവുമേററു വാങ്ങി-
വരേണ്ടതിന്നാളെയയക്കയായി. 15

യഥാക്രമം ഗ്രാമജനൈകയോഗം-
വകക്കു നാഥന്റെ നിലക്കുതന്നെ
ഇതിന്നു കല്പിച്ചയിത്രുതമൂപ്പം
നരേന്ദ്രനോടൊട്ടൊരു തീട്ടയച്ചു. 16

സഭാജനാവശ്യമറിഞ്ഞ കായ-
ങ്കുളത്തു രാജാവു മഹാനുഭാവൻ
മനസ്സുഴിഞ്ഞൊന്നു ചിരിച്ചു പെട്ടി
തുറന്നു മാണിക്യമെടുത്തുവെച്ചു. 17

'പ്രശസ്തമാണിക്യമിതന്യദിക്കിൽ-
സ്സുദുർല്ലഭം സത്യവരാങ്ങൾപോലെ
കൊടുത്തയക്കുന്നിതിനൊത്തുനോക്കാം
യഥേഷ്ട'മെന്നും മറുതീട്ടയച്ചു. 18

നൃപന്റെ ലേഖത്തൊടുമൊത്തു രത്നം
കരത്തിൽ വാങ്ങിച്ചഥ യോഗദൂതൻ
മടങ്ങിവന്നിട്ടതു യോഗമുഖ്യ-
സമക്ഷമർപ്പിച്ചു കൃതാർത്ഥനായി. 19

മനോജ്ഞമാം ചെപ്പിനകത്തു കാന്തി-
കതിർത്തതിന്നുള്ളിലൊളിച്ചപോലെ
എഴുന്ന മാണിക്യമഴുന്നുമാന-
മിതങ്ങു കണ്ടത്ഭുതമാണ്ടു ലോകം. 20

തെളിഞ്ഞ കണ്ണാൽച്ചിലർ വാതിൽമാട-
ത്തറപ്പുറത്തും ഹരിയുള്ളകത്തും
മുതിർന്ന മാണിക്യമഹസ്സു കണ്ടി-
ട്ടിണങ്ങുമൊന്നിച്ചിതു രണ്ടു'മെന്നോർ. 21

ധൃതാദരം യോഗജനാനുവാദ-
പ്രകാരമേ ശാന്തിയെഴുന്ന വിപ്രൻ

ത്തുറന്ന ചെപ്പിന്നകമുള്ള രത്നം
കടത്തിനാൻ ഗർഭഗൃഹത്തിനുള്ളിൽ. 22

ദ്വിജൻ കടക്കുംസമയത്തിലൊപ്പം
ജനങ്ങളൊട്ടുക്ക നടക്കലെത്തി,
പ്രമാണിലോകം തറ കേറി രണ്ടു-
പുറത്തുമേ ദ്വാരമുഖത്തു നിന്നു. 23

അയസ്സയസ്കാന്തമുഖത്തു ചാടി-
പ്പിടിച്ചു പാറുംവിധമപ്പൊഴേക്കും
നൃപൻറെ മാണിക്ക്യമുയർന്നു ദേവ-
നണിഞ്ഞ മാണിക്ക്യമണഞ്ഞമർന്നു. 24

ഇതെന്തൊരാകർഷണശക്തി ദിവ്യ-
മണിക്കു ഭൌമത്തെ വലിച്ചെടുപ്പാൻ!
ബലാൽ ചെറും പ്രാകൃതസൃഷ്ടിയെത്താ-
നടക്കിടും മാനസസൃഷ്ടിയെന്നോ? 25

ഉയർന്നുടൻ ദൈവികരത്നമായ്ച്ചേർ-
ന്നമർന്നു പാറീടിന രാജരത്നം
ഉറച്ചു കോവിൽക്കകമേ മുകുന്ദൻ
മുകുന്ദനിൽക്കൌസ്തുഭമീക്ഷണേക്കിൽ. 26

പഠിച്ചപാഠൊക്കെയെടുത്തുനോക്കി-
ട്ടതൊന്നിളക്കാൻ കഴിയാഞ്ഞു വിപ്രൻ
പരിഭ്രമിച്ചു പലരും പരുങ്ങി
പഴക്കമേറീടിന യോഗ്യമുഖ്യർ. 27

'അഴിഞ്ഞു കായങ്കുളമൂഴിനാഥൻ
നമുക്കൊരാൾവക്കലയച്ചിരിക്കെ
ശരിയ്ക്കു മാണിക്യമുടൻ മടക്കി-
ക്കൊടുത്തിടാഞ്ഞാൽ കുറവാകുമല്ലോ'. 28

ഇവണ്ണമൊന്നിച്ചു നിനച്ചു രത്നം
ലയിച്ചതായ്ക്കണ്ടു മഹാജനങ്ങൾ
മുറപ്രകാരം പലരൊത്തുചേർന്നു
നടത്തി വേണ്ടുന്നവിധം വിചാരം. 29

'വിശിഷ്ടബിംബത്തിൽ വലിഞ്ഞുകേറി-
യുറച്ച മാണിക്യമിതെന്നുമെന്നാൽ
മുറയ്ക്കു കായങ്കുളമന്നനാളെ-
യയച്ചു കാത്തീടുകതന്നെ വേണം'. 30

ഇതിൻപ്രകാരം പലരൊത്തു കാര്യ-
മുറച്ചു കായങ്കുളമന്നനന്നേ
പ്രമാണിയായ്ത്തീർന്നയിരുന്നമൂപ്പാം
നൃപൻ നയംകാട്ടിയ തീട്ടയച്ചു. 31

ഉദാരനാമാനൃപനും മുറയ്ക്കു
വിധിജ്ഞയോഗത്തിൽ വിധിച്ചപോലെ
'ഇനിക്കിതിൽസമ്മത'മെന്നുമാത്രം
മഹാത്മമട്ടായ് മറുതീട്ടു വിട്ടു. 32

അണഞ്ഞൊരാത്തീട്ടു പിടിച്ചു വീണ്ടും
കുറിച്ചു നാലു യോഗജനങ്ങൾക്കൂടി

വിധിച്ച കായങ്കുളമന്നനേകം
മനുഷ്യരെ്ത്തച്ചുടകയ്മ്മ്ളാക്കാൻ. 33

അയച്ച നേരിട്ടയിത്രുരുമൂപ്പി-
ന്നുറച്ച തീർപ്പിൻപടി തീട്ടു വീണ്ടും
പിടിച്ച കായങ്കുളനാട്ടുനായർ-
യുവാവിനെബ്ഭൂപനമിങ്ങയച്ചു. 34

അയൽസ്ഥലഗ്രാമമഹത്തരന്മാ-
രണഞ്ഞു ശോഭിച്ചൊരു മുഖ്യയോഗം
അവനുടൻ തച്ചുടകയ്മ്മളാക്കും-
പ്രകാരമേല്പിച്ചു ബുധാവരോധം. 35

ശുകാലയത്തും ശിവപത്തനത്തും
മഹാവനത്തും ദ്വിജയോഗിയാന്മാർ
ഭരിച്ചിടുംപോലിഹ ശൂദ്രയോഗി
നടത്തണം തച്ചുടകയ്മൾകാര്യം. 36

അനേകമട്ടിൽ ദ്വിജയോഗമേകീ-
ട്ടുവന്നു നിഷ്ഠാനിയമങ്ങൾകൂട്ടി
തപസ്സു യോഗം ഭരണാധികാര-
ബലം മുതൽക്കൊക്കെയുറച്ചുവന്നു. 37

ഒരുത്തമൻ തച്ചുടകയ്മൾ ദേഹം
ത്യജിക്കിൽ യോഗാധിപലേഖമൂലം
അയക്കു കായംകുളമന്നനന്യ-
മനുഷ്യനെത്തിട്ടു;മിതായി ചട്ടം. 38

യഥാക്രമം തച്ചുടകയ്മളാംകളം-
പടങ്ങിൽ മൂപ്പിച്ച പഴക്കമൂലം
മുഷിഞ്ഞു, വാംശിക്കയിരുന്നമൂപ്പി-
ന്നൊഴിഞ്ഞു യോഗാൽപ്പിരികെന്നുമായി. 39

മുറയ്ക്കിരിങ്ങാൽക്കുടെ യോഗരക്ഷാ-
പദത്തിൽ നില്പാനൊരു കോവിൽ വേണം;
അതിന്നു പിന്നീട്ടു പെരുമ്പടപ്പു-
കുലത്തിൽ മൂപ്പാണ്ടവർ വാണുവന്നു. 40

വിധിജ്ഞ വിപ്രോത്തമരിങ്ങു യാഗം
കഴിച്ചിടുമ്പോളതു കാത്തുകൊൾവാൻ
കൃതക്ഷണം ക്ഷത്രിയർ വേണമെന്ന-
നടപ്പമീബ്രാഹ്മണർ വിട്ടതില്ല. 41

സമാനുഷൻ തച്ചുടകയ്മളെന്ന-
[illegible] കായങ്കുളമന്നവനും
ഉച്ച ദേവാലയമേൽവിചാര-
ക്രമത്തിലീഗ്രാമജനത്തിൽ നോട്ടം. 42

നരേന്ദ്രരാമായിരുപേരടുത്തു-
മകന്നുമായ് ദൃഷ്ടി പതിക്കകൊണ്ടും
ഗുണങ്ങളെത്തച്ചുടകയ്മ്മൾ കൂട്ടി-
പ്പിടിക്കകൊണ്ടും പരിപുഷ്ടി വാച്ചു. 43

പതിഞ്ഞുകിട്ടീടിന ദിവ്യഭൌമ-
പ്രശസ്തമാണിക്യമണിപ്രഭാവാൽ

ദ്വിജർഷി ചെയ്യുംകലശാഭിഷേക-
ക്രിയയ്ക്കുമേൽ ശ്രീനിധിയായി ദൈവം. 44

മഹസ്സിയന്നിങ്ങിനെ 'കൂടൽമാണി-
ക്യ'മായിതാംഗ്രാമജനൈകദൈവം,
വളർന്നു യോഗത്തിനുപാസനാനു-
പ്രയോഗയോഗംവഴി ഭക്തിയോഗം. 45

ഫലാനുകൂലം പലപാടിരിങ്ങാൽ-
ക്കുടപ്പെട്ടും ഗ്രാമജനങ്ങളിന്നും
അനേകമൂർത്തിക്കൊരു മൂർത്തിയിന്മേൽ
പ്രസംഗമാകും പ്രഭു സംഗമേശൻ. 46

ഗിരാവിരിഞ്ചം, കമലാമുകുന്ദ-
മുമാമഹേശം, ദഹനാർക്കചന്ദ്രം,
ഇതേവിധം ദൈവതയോഗമൊട്ടു-
ക്കടക്കിനിൽക്കും പ്രഭു സംഗമേശൻ. 47

ഉപാസനാവൃത്തിയിൽ നിഷ്ക്കൂട്ടും
മഹാജനം ചെയ്യൊരു സേവയാലേ
പൊരുത്ത ചൈതന്യമിയന്നു പാരിൽ-
പ്പുകഴ്ന്നിരിക്കും പ്രഭു സംഗമേശൻ. 48

എതിർത്ത കായംകുളരാജഭാവം
മുടിച്ചു മാർത്താണ്ഡനിരുട്ടുപോലെ
കരസ്ഥമാക്കി സകലം ചുലർച്ച-
ക്കനന്തനാടിന്നധിപൻ പ്രതാപാൽ. 49

അതിനുശേഷം തനതാൎക്കിരിഞ്ഞാൽ-
ക്കൂടെപ്പെട്ടും തച്ചുടകയ്മ്മാൎയോഗം
കൊടുത്തു കായംകുളനാടു വാഴും-
വഴിക്കു വഞ്ചിക്ഷിതിവാസവന്മാർ. 50

യോഗക്കാരിൽ പ്രമാണം പഴകിയുടമയാം
മൂടഭൂപൻ കുറിക്കും
തീട്ടൂരം കണ്ടു കായംകുളമുടമ പിടി-
ച്ചേററ വഞ്ചിക്ഷിതീന്ദ്രൻ
കല്പിച്ചാക്കീടുമാൎ തച്ചുടയ പദമെഴും
കയ്മൾ മാണിക്യമുദ്രാ-
നാമം കല്ക്കാണ്ടു കാക്കും മഹിമയിലരുൾവ്വൂ
കൂടൽമാണിക്യമിന്നും. 51

ഒരു കരാർ

കൊല്ലം തൊള്ളായിരത്തിൽപരമറുപതിനും
മേലിലായാറുവർഷം
ചെല്ലും കാലത്തു റിപ്പുപ്രഭൃതികളുടെയോ-
രാക്രമം തീർന്നവാറും
ശല്യം നാട്ടാർക്കു തട്ടുന്നതു മുഴുവനുമേ
തീർക്കുവാൻ തക്കവണ്ണം
കല്യന്മാർ കേരളത്തിൽ ക്ഷിതിപർ കുറയുമെ-
ന്നുള്ള മട്ടായിരുന്നു. 1

രാജാക്കൾക്കഖിലക്ഷ്മാശ്രയനില-
ക്കായിട്ടു വഞ്ചിക്ഷമാ-
രാജാവുണ്ടൊരു പുണ്യമൂർത്തി പുകഴും
ശ്രീരാമരാജാഹ്വയൻ;
രാജാ കേശവദാസനാണു സചിവ-
സ്ഥാനത്തു; കൊച്ചിക്കകം
രാജാവുള്ളതു ശക്തനെന്നു പറയും
ഗംഭീരനാണായിടെ. 2

കോഴിക്കോട്ടരുളുന്ന പർവ്വതപയോ-
രാശീശനും പിന്നെയീ-
യൂഴിക്കെട്ടിനകത്തു മററു നൃപരും
തന്നാട്ടിലുള്ളോർകളെ

കേഴിക്കാതെ ഭരിപ്പതിന്നു മതിയാം-
കാഞ്ഞിട്ടു വഞ്ചീശ്വര-
ക്കീഴിൽക്കാഴ്ചകൊടുത്തു തങ്ങടെ കുടും-
ബം കാത്തു കാടേറിപ്പോൽ. 3

ടിപ്പുസ്സുൽത്താൻെറ കോലാഹലമശയിൽ മറു-
ക്ഷോണിപാലന്മാർക്കേവം
പാർപ്പും വേണ്ടുംസഹായങ്ങളുമരുളിയൊരാ-
വഞ്ചിധാത്രീശ്വരൻെറ
കെല്പുള്ളാ മന്ത്രിയാകും മഹിതമതി മഹാൻ
കേശവൻ കൌശലത്താൽ
മുല്പുക്കാൻ കോടിലിംഗക്ഷിതിപതിസവിധ-
ത്തിങ്കലന്നാളൊരിക്കൽ. 4

രാജാവന്നതിഹൃപ്പടിസ്സുണയുമീ-
വഞ്ചീശമന്ത്രീന്ദ്രനാം
രാജാ കേശവദാസനാത്തകുതുകം
സൽക്കാരമേകീടിനാൻ;
ഭ്രാജാനിക്കവിചിത്രപ്രകാരമുപചാ-
രം ചെയ്തു കുപ്പിപ്പരം
വ്യാജാപേതമുപായശാലി നൃപനോ-
ടോതീടിനാൻ കേശവൻ:— 5

"കേട്ടാലും തമ്പുരാനേ! തിരുവടിയുടെയീ-
നാട്ടിൽനിന്നിട്ടു പോയി-
ട്ടൊട്ടാട്ടാരാൽ തീർത്ഥയാത്രയ്ക്കുഴറിയൊരു കുടി-
ക്കാരിലുണ്ടേയേ ശൂദ്രൻ

പുഷ്ടാമോദേന വഞ്ചിക്ഷിതിപകരുണയാ-
ലീയിടസ്ഥിപ്രകാരം
മൃഷ്ടാന്നം തിന്നുപോരുന്നൊരുവനടിയനെ-
ന്നെന്നുമേ ദാസനാണേ. 6

എന്നാലൊന്നറിയിച്ചിടുന്നു ചെറുതാ-
മീനാടു രക്ഷിക്കുവാൻ
മുന്നാലോചനപോലെ മേലിലിവിടെ
സ്വാതന്ത്ര്യമായ് നില്ക്കുകിൽ
നന്നാകാൻ പണിയുണ്ടു കേൾക്ക മലയാ-
ളത്തിങ്കലേക്കാശമൂ-
ത്തൊന്നാക്കണ്ണു പതിച്ചുവെച്ചു പരദേ-
ശത്തുള്ള ശത്രുക്കളും. 7

ആക്കൂട്ടക്കാരിടയ്ക്കൊക്കയുമിളകിവരും
റിപ്പു പാറിച്ചവണ്ണം;
കൈക്കൂലക്കേറം വകക്കാരവരൊടു പൊരുതാൻ
തമ്പുരാനേ! കുഴങ്ങും;
ഈക്കൂട്ടത്തിൽക്കലുങ്ങാതൊരുനിലയടിയൻ
കണ്ടിരിപ്പുണ്ടുണർത്താം
കേൾക്കൂ പ്രാബല്യമേറും മറുനരവരനായ്-
സന്ധിചെയ്യാൽ പൊറുക്കാം. 8

വാശ്ശിച്ചേർത്തുമുരപ്പുതല്ലിത്തു കൊട്ടു-
ങ്ങല്ലൂർക്ക നന്മക്കുതാൻ
കേൾപ്പിച്ചേൻ പുനരീയ്യവസ്ഥയടിയൻ
വഞ്ചിക്ഷമാപാലനെ;

അല്പം ചിന്തനചെയ്തിരുന്നിരുപത്തും
നാലും സഹസ്രം പണം
കപ്പംകിട്ടണമാണ്ടുതോറുമിവിടെ-
ക്കെന്നോതി വഞ്ചീശ്വരൻ. 9

അപ്പണം കപ്പമേകീടുകിലുമയി വിഭോ!
നാട്ടുകാരെബ്ബോധിപ്പാൻ
ചൊവ്വല്ലാതുള്ള ദോഷം കളയുകിലതുരാ-
ന്നല്ലയോ നല്ലയോഗ്യം?
സർവ്വം ചിന്തിച്ചു വേണ്ടുംപടി മറുപടി ക-
ല്പിക്കു, മേൽ, വേണ്ടകാര്യം
സർവ്വം ഭംഗിപ്പെടുത്താനടിയനരികിലു-
ണ്ടെപ്പോഴും സ്വന്തദാസൻ.” 10

എന്നാക്കേശവപിള്ള ഭംഗിയിലുണ-
ർത്തിച്ചോരു കാര്യക്രമം
നന്നായ്ക്കേട്ടു നയജ്ഞനാകിയ കൊടു-
ങ്ങല്ലൂർനരാധീശ്വരൻ
ഒന്നാലോചന പൂണ്ടുകൊണ്ടു ഗുണദോ-
ഷാംശങ്ങൾ വെവ്വേറെയൊ-
ന്നൊന്നായിട്ടു നിനച്ചു നീണ്ടൊരു മനോ-
രാജ്യം പിടിച്ചീടിനാൻ. 11

‘കൊല്ലാവുന്നൊരു വീരവഞ്ചിനൃപതി-
ക്കീഴിൽപ്പെട്ടെന്നാകിലോ
കൊല്ലാം ശത്രുഭയം വെടിഞ്ഞൊരുവിധം
നാട്ടിൽ കിടന്നീടുവാൻ;

ഉള്ളാലോക്കിലെനിക്കിതത്രെ വളരെ-
ബ്ബോധിച്ചതില്ലം നമു-
ക്കള്ളാലോകപതിനൃപശക്തി വഴിയേ
താഴ്ത്തീട്ടുമാപ്പാർത്ഥിവൻ. 12

അത്യന്തം ജയകാംക്ഷയോടു മറ്റവും
വഞ്ചീശപരന്നുള്ളോരാ-
കൃത്യന്തന്നുടെ കീഴിലൂഴിപെരുകാൻ
നോക്കേണ്ടതൊന്നാണപ്പോൾ;
നിത്യന്തന്നടിപെട്ടകൂട്ടർ തല പൊ-
ന്തിച്ചാൽ ഗൃഹച്ഛിദ്രമാം
സത്യന്തന്നുടെ രാജ്യവൃദ്ധി കെട്ടുമെ-
ന്നാവീരനോക്കില്ലയോ? 13

ആലോചിച്ചിട്ടുവേണം ദൃഢമതിബലിയാം
വഞ്ചിഭൂപന്റെ കീഴിൽ-
ച്ചേലോടെ ചെന്നുചാടാൻ പഴയനിലയിൽ നിൽ-
ക്കുന്നതും പന്തിയല്ല;
ഈ ലോകത്തെബ്ഭരിക്കും ഭഗവതി കൃപയെ-
ച്ചേർത്തു മാർഗ്ഗത്തിൽ നീതി-
ക്കാലോടിപ്പാൻ കടാക്ഷം വിട്ടുമട്ടനതിലേ
പോയിടാമത്രതന്നെ". 14

എന്നേവം നിരൂപിച്ചുവെച്ചു നൃവരൻ
മന്ത്രീന്ദ്രനോടോതിനാൻ:—
"ഞാനേതെങ്കിലുമീപ്രയോഗമധുനാ
രക്ഷിക്കും പക്ഷേ സഖേ!

മുന്നേ നമ്മുടെ മിത്രമാം ഗിരിപയോ-
രാശീശനന്നോർത്തു-
ച്ചെന്നേ നിശ്ചയമായ്പ്പുത്രു വഴിയെ ഞാ-
നെല്ലാം നടത്താമെടോ!" 15

"ചൊല്ലേറീടിന വഞ്ചിരാജനുടനേ
താനാലു പാട്ടോന്നെഴു-
ന്നുള്ളുണ്ടാംവഴിയിൽ കുറച്ചു പറവു-
തുണ്ടായ്പരം താമസം;
എല്ലാം തീർച്ചവരുത്തി വെക്കകിയിട്ടു-
ന്നന്നാളു കാര്യം കുറി-
ക്കൊള്ളു"മെന്നു പറഞ്ഞു പോയി മതിമാൻ
മന്ത്രീന്ദ്രനാം കേശവൻ. 16

മെല്ലെബ്ധീവരനായ വഞ്ചിഭരണാ-
പ്പിൻകർണ്ണധാരൻ കൊട്ടു-
ങ്ങല്ലൂക്കം വലവീശിയോരു വിവരം
പെട്ടെന്നു കേട്ടന്നുതാൻ
കല്യൻ കൌശലശാലി ശക്തനുടനേ
കൊച്ചിക്ഷിതിക്കീശ്വരൻ
കില്ലെന്ന്യേ തിരുവഞ്ചുളേശ്വരപദം
കൂപ്പാനെഴുന്നള്ളിനാൻ. 17

ഈ വിദ്വാൻ വന്നവാറേ പരമശിവപദം
കൂപ്പിയാശ്രീകുരുംബ-
ക്കാവിൽപ്പോയിത്തൊഴേണം വിവരമൊട്ടുടനേ-
മൂപ്പിലേയ്ക്കാള്ള പോക്കേ

ഏവം കല്പിച്ചിറങ്ങി ഝടിതി വഴിയിലാ-
ക്കോടിലിംഗേശനെത്തി
ഭാവം ചേർക്കുന്നാത്തിണ്ണങ്ങി പുനരിരുവരുമാ-
സ്ഥാളിയെക്കൈവണങ്ങി. 18

രണ്ടാളും ചേർന്നുപോന്നൂ തിറമൊടു തിരുവ-
ഞ്ചിക്കുളത്തേക്കു പിന്നീ-
ട്ടുണ്ടായി ഗൂഢമായിട്ടിവരിരുവരുമായ്-
രാജ്യകാര്യപ്രസംഗം;
കൊണ്ടാടിപ്പുഞ്ചിരിക്കൊണ്ടതിനിടയിലുര-
ച്ചീടിനാൻ കൊച്ചിരാജൻ
"കണ്ടാമണ്ടിക്കടുക്കിൽപ്പെടരുതയി! ഭവാൻ
കാര്യമോർത്തിട്ടു ചെയ്യൂ. 19

ആയത്തിൽക്കൈക്ക പരത്തീട്ടകലെയമരും
മന്നവൻതന്റെ മായോ-
പായത്തിൽക്കീഴിലായിക്കഴിവു പദവിയിൽ-
പ്പെട്ട ശിഷ്ടം പ്രഭുക്കൾ
ഞായത്തിൽ ബുദ്ധിമുട്ടാനൊട്ടുവിലടവരും
തുല്യരാമായോരൊട്ടിഷ്ട-
പ്രായത്തിൽക്കൂടി നിൽക്കുന്നിവരിലൊരു മഹാ-
ശത്രുവും പുല്ലുപോലെ. 20

നോന്തമ്മിൽസ്സാമ്യമില്ലേ പലനിലകളിലും?
നൊമ്മൾ യോജിച്ചു തമ്മിൽ
സ്വാന്തം മേളിച്ചിരുന്നാൽ മതി, മന്നൃപതി-
ക്കീഴിലാപ്പെട്ടിടേണ്ടാ;

ഭ്രാന്തല്ലേ മുൻവിരോധസ്ഥിതികഥകൾ നിന-
ച്ചിന്നു ദുശ്ശങ്ക ധീമൻ!
താന്താങ്ങൾക്കുള്ള ശക്തിക്കൊരു കുറവു വരാ-
തൊത്തു കാര്യം നടത്താം. 21

കല്പം വഞ്ചിക്ഷിതീശൻ തരുവതിനു വിധി-
ച്ചുള്ളൊരാ സംഖ്യ യോജി-
ച്ചൊപ്പം കാര്യം നടത്തും ചിലവിനു പകുതി-
പ്പങ്കിതെന്നിങ്ങു തന്നാൽ
അല്പംപോലും കഴക്കില്ലയി ധരണിപതേ!
നല്ല യോജിപ്പുമൂലം
ശില്പംപോലൂഴികാക്കാം സമനിലയിൽ നമു-
ക്കായതല്ലേ ഗുണം തേ?" 22

ഏവം ശക്തൻ കഥിക്കും ശപഥമയനയോ-
പായവാക്യൗഷധത്താ-
ലാ വമ്പൻ കോടിലിംഗക്ഷിതിപനരിമരുൽ-
ക്ഷോഭശല്യങ്ങൾ നീങ്ങി;
ഈവണ്ണം തീർച്ചയാക്കീട്ടിവർ പുതിയ കരാ-
റൊന്നു ചെയ്തു തരത്തിൽ-
ദൈവം കല്പിച്ചൊരീനിശ്ചയമൊട്ടുമവനീ-
നാഥർ തമ്മിൽപ്പിരിഞ്ഞു. 23

കൊച്ചിക്കിങ്ങനെ ചേർന്നുവന്നിതു കോട്ട-
ങ്ങല്ലൂരു, പക്ഷേ പണം
വെച്ചിട്ടുള്ളതിരട്ടിയായിഹ കണ-
ക്കല്ലോ പടക്കൻപണം;

അച്ഛിന്നാദരവഞ്ചിനാഥനടിമ-
പ്പെട്ടോക്ഷിതിന്മൂലമേ
പച്ഛിക്കാനിടയായി കിഞ്ചന കൊട്ട-
ങ്ങല്ലൂരടച്ഛായിമേട. 24

പിന്നേക്കാലക്രമത്താൽബ്ബലനില കുറവായ്-
വഞ്ചിപൻകീഴ് സ്വപന്മാ-
ർന്നേസ്സാക്കോടിലിംഗാധിപനുടെ നിലയോ
മുൻകണക്കിൽ കിടന്നു;
നന്നെ ക്ഷീണിച്ചു നാടൊന്നുഴലുമളവിലി-
സ്സംഖ്യ നൽകാൻ പ്രയാസം
വന്നെന്നാലും സ്വതന്ത്രസ്ഥിതിയതുസമയം-
പോലുമേ പോയതില്ല. 25

പക്ഷേ നാട്ടിൽപ്പണത്തിൻവരവിനു വഴികാ-
ണുന്നതില്ലെന്നു മേന്മേ-
ലാക്ഷേപം വന്ന പിൽപ്പാടതിനൊരു ഗതി-
കല്പിച്ചു കൊച്ചിക്കധീശൻ;
സൂക്ഷ്മത്തിൽക്കണ്ടെഴുത്തിൻപടി നികുതി പിരി-
ച്ചീടുകെന്നുഴിപൻതൻ
ലക്ഷ്യത്തിൽപ്രൌഢികൂട്ടീട്ടതിനൊരു തുണയായ-
നിന്നു വിത്തം വരുത്തീ. 26

പിന്നീടിക്കോടിലിംഗക്ഷിതിപകുലഗൃഹ-
ച്ഛിദ്രേകമ്പമൊട്ടും
നിന്നീടാതെറിവന്നോരളവിലൊരുസമാ-
ധാനമാകുംവരേക്കും

മുന്നീട്ടുള്ളൊരു ചട്ടപ്പടി നടവടിയെ-
ക്കേയുമൊപ്പിച്ചുമാറി-
ത്തന്നീടാനും തുണച്ചു കരുണയുടയോരീ-
ക്കൊച്ചിരാജ്യാനപയക്കാർ. 27

ഏവന്നാനാവിധം വന്നാപകടനിലയിൽ
ശക്തി തീരെക്കെട്ടടങ്ങാൻ
കൈവച്ചങ്ങൊന്നു വീണ്ടും മറുക്ഷ്മാപതികൾതൻ-
കൌശലം കാട്ടിടാതെ
ആവുന്നോളം സഹായിച്ചഭിമതഗുണസ-
മ്പത്തു കൂട്ടിക്കൊടുപ്പാൻ
മേവുന്നു കോടിലിംഗാധിപരിൽ മമതയും
വാച്ചു കൊച്ചിക്ഷ്മാധീശർ.

ഒരു ചരിത്രകഥ

വെട്ടത്തുനാട്ടരചരിൽ ചരമൻ മുറയ്ക്കു
ചട്ടപ്പടിക്കവനികാത്തരുളുന്ന കാലം
ചട്ടറ്റൊരാസ്പദഗൃഹത്തിനകത്തു യോഗ്യർ
നട്ടന്തിരിഞ്ഞ കളവൊന്നു നടന്നു മുന്നം. 1

കെട്ടിന്നകത്തരിയ പൂട്ടറയിങ്കലുള്ള
പെട്ടിക്കകത്തുടയ രത്നവിഭൂഷണങ്ങൾ
തട്ടിച്ചു കള്ളനൊരുവൻ നിശയിൽ; തുറന്ന-
മട്ടിൽ കിടന്നിതു പുലർന്നളവാപ്രദേശം. 2

ആ വർത്തമാനമുടനേ നൃപനും നൃപന്റെ
സേവയ്ക്കു ചേരുമൊരു മന്ത്രികളും ശ്രവിച്ചു
ഭാവംപകർന്നവിടെ വന്നഥ തസ്കരന്മാർ
കൈവച്ചതിന്നവയിലെന്നു ദൃഢപ്പെടുത്തി. 3

ഓരോരു സേവകർ പറഞ്ഞുതുടങ്ങി പിന്നെ-
യോരോതരം കളവുടൻ തെളിയേണ്ട മാർഗ്ഗം;
ആരോ ഒരാ’ളിവിടെയിന്നലെ വന്ന പാന്ഥ-
ന്മാരോടടുത്തു പരിശോധന ചെയ്യുകെ’ന്നാൻ. 4

കാലത്തുണർന്നു നിയമങ്ങൾ കഴിച്ചു നേരേ
കാലത്തു വേണ്ടവഴി പോം വഴിപോക്കരേയും
ചാലെത്തടഞ്ഞു തിരിയേ ബത കൊണ്ടുവന്നു-
പോലെത്രയോ ഝടിതി ചാട്ടുപെട്ടും ഭടന്മാർ. 5

പെട്ടെന്നുഴന്ന വഴിപോക്കരെയാത്തു ഭാണ്ഡ-
ക്കെട്ടന്നഴിച്ചുടനെ നോക്കി വിടുന്നനേരം
നോട്ടത്തിലത്ഭുതവിശങ്ക തകുന്ന താക്കോൽ-
ക്കൂട്ടം കിടച്ചിതൊരു ഭൂസുരവസ്ത്രഭാണ്ഡം. 6

മിണ്ടാതെ ശാന്തവില പൂണ്ടിഹ താടിനീട്ടി-
ക്കണ്ടാൽ മഹർഷിവടിവാണെഴുമാദ്വിജന്റെ
മുണ്ടായ ഭാണ്ഡമതിലീവക സാധനങ്ങ-
ളുണ്ടായതെന്തു മറിമായമിതാരറിഞ്ഞു? 7

താക്കോലെടുത്തറയിലേപ്പല പൂട്ടുമായി
ലാക്കോടിണക്കിയതിലും ചുഴിയേണ്ടിവന്നു;
ആക്കോട്ടമററ മലയാളമഹീസുരേന്ദ്ര-
നീക്കോപ്പുമുള്ള കഥയാരു നിനച്ചിരുന്നു? 8

നീതിജ്ഞ ഭൂസുരനെ വേറെ വിളിച്ചു വീണ്ടും
ചോദിച്ചതിങ്കലിതു ഞാനറിയാത്തതെന്നേ
ഓതിസ്സനോത്തുവിധമോത്തുവതുള്ളൂ; വാക്യം
രീതിക്കു മാററിടുകിലും പദമൊന്നുതന്നേ. ൯

നമ്പൂരിയെത്തടവിൽ വെച്ചഥ സാന്ത്വവാക്യം
വമ്പൂർന്നിടുന്ന പല ഭീഷണിയും തുടങ്ങി;
മുമ്പോതിയോരു മൊഴിതാൻ ദ്വിജനോത്തുമാമ-
ട്ടമ്പോ കഴിഞ്ഞു ബഹുകഷ്ടമൊരാറു മാസം. 10

ആത്തവ്യ'മൂത്തമന'ഭട്ടതിരി പ്രസിദ്ധ-
സ്മാർത്തൻ വിശുദ്ധമതി ദോഷവിചാരദക്ഷൻ

വൃദ്ധപാരശവന്റെ നിലയേ വഴിപോക്കനായി-
ട്ടെത്തി നൃപൻ കളവുമാക്കഥയും കഥിച്ചു. 11

കൈക്കപ്പെട്ടിയിൽ പല വിശേഷവിഭൂഷണങ്ങ-
ളുൾപ്പെട്ടിരിക്കുമതു പോയതു പോയി പോട്ടെ;
നൽപ്പൊൻപിടിക്കു നവരത്നമണിഞ്ഞ വാളും
പോയ്പ്പോയതാണു കഠിനവ്യസനാപമാനം. 12

എന്നോ കടുപ്പമതുനാം വഴിപോക്കനായി
വന്നേറിയോരു ധരണീവിബുധന്റെ പേരിൽ
ഇന്നേവരയ്ക്കു ദൃഢമായൊരു ശങ്ക'യേവ-
മെന്നേറെയും വ്യഥയോടാക്ഷിതിനാഥനോതി. 13

സ്മാർത്തൻ പറഞ്ഞു—"തെളിവിന്നിവനം ശ്രമിയ്ക്കാ-
മാർത്തർക്കു നിത്യമവലംബനമാം മഹാത്മൻ!
ആത്തസ്കരദ്വിജനമൊത്തു മുഹൂർത്തശുദ്ധ-
വാർത്തയ്ക്കിനിയ്ക്കവസരം തരികെ"ന്നിവണ്ണം. 14

ഉള്ളിഷ്ടമാർന്നനുനയിച്ചു തനിച്ചു കള്ള-
പ്പുള്ളിയ്ക്കടുത്തുടനെ വിട്ടൊരു ഭട്ടവര്യൻ
ഉള്ളിൽക്കടന്നളവു കണ്ടതു ഹന്ത സാക്ഷാൽ
പള്ളിപ്പുറസ്സു വിബുധാഢ്യനെയായിരുന്നു. 15

പട്ടേരിയെപ്പരമകഷ്ടതപെട്ടൊരാഢ്യ-
നൊട്ടേറെയശ്രുപൊഴിയും മിഴിയാലെനോക്കി:—
'ആട്ടേ ഭവാൻ വ്യസനിയാക്ക, നിവൃത്തിമാർഗ്ഗം
കാട്ടേണ്ട ഭാരമിവനെ"ന്നു പറഞ്ഞു ഭട്ടൻ. 16

സംഭാഷണം ചിലതുചെയ്തുവിട്ടന്നു പോന്നു
വൻപാർന്ന ഭട്ടനറിവിച്ചിതു തമ്പുരാനെ:—
"നമ്പൂരി പെട്ട കളവും തെളിയാതെ പോകി-
ല്ലമ്പോ ജനപ്രകൃതി കണ്ടറിവാൻ പ്രയാസം". 17

കട്ടെന്നതുള്ളതതിസൂക്ഷ്മവിചാരമെല്ലാം
പെട്ടെന്നു വേണ്ട, വഴിയേയിനി നാളെയാവാം;"
പട്ടേരയിങ്ങിനെ പറഞ്ഞളവത്ഭുതപ്പെ-
ട്ടാട്ടേറെ മന്നവനമാത്യകളും തെളിഞ്ഞു. 18

പിറ്റേദ്ദിനം തടവുപുള്ളിയെയും വിളിച്ചു
മറ്റേ ദ്വിജൻ പകലെ രാജസമീപമെത്തി;
മററും ജനങ്ങളതു കാണ്മതിനൊത്തുകൂടി-
ച്ചുററും തിരക്കി; യതു മാനുഷജാതിധർമ്മം. 19

"കേൾക്കെൻനരേന്ദ്ര! കളവീദ്വിജനേററം, കൂട്ടർ
ക്കൂർക്കംവലിയ്ക്കുമിടയായിട്ടർദ്ധരാവിൽ
ലാക്കോട്ടു മെല്ലെയെഴുന്നേററു കടന്നു കള്ള-
ത്താക്കോലുകൊണ്ടറ തുറന്നു നടത്തി കൃത്യം. 20

നാട്ടാരു കേൾക്കരുതു കോവിലകത്തുകാരു
കേട്ടാലുമത്ര കുറവില്ലിനി വാക്യശേഷം——"
പട്ടേരിയിത്രയുമുരച്ചളവാളെ മാററി
വിട്ടേക്കുവാൻ നൃപതി കല്പനയായി വേഗം. 21

"നാട്ടിൽപ്പെരുത്തു ജനബോദ്ധ്യമതിന്നു താടി
നീട്ടിത്തപസ്സിനിലവുണ്ടൊരു പൂജ്യനീയാൾ

പാട്ടിൽ കവർന്ന മുതൽ തെക്കെപ്പുറം പിലാവിൻ-
ചോട്ടിൽ കഴിച്ചതിലശേഷമൊതുക്കിപ്പോലും. 22

വാഴുന്നതന്നെയിവനേതുമൊതുക്കിവെപ്പാ-
നാളല്ലയെന്നു കരുതീട്ടു പിടിച്ചൊടിച്ചു
നീളം കുറഞ്ഞ പിടിമാത്രമെടുത്തു ദീർഘ-
നാളം കളഞ്ഞിതുടനാട്ടുപുരക്കിണററിൽ. 23

എന്നൊക്കെയാണു പറയുന്നതു സത്യമാണോ-
യെന്നൊന്നു നേരെ നരനായക! ചെയ്ക ചോദ്യം";
എന്നോതി ഭട്ടതിരി; ഭൂപതി, "നേരുചൊല്ലു-
കെ"ന്നോതിനാൻ; തല കുനിച്ചിതു മൌനിയാഢ്യൻ.

"ഇന്നന്തിയായ് മുതലെടുക്കുക നാളെയാകാ"-
മെന്നന്നു ഭട്ടനരചെയ്തു പിരിഞ്ഞു യോഗം;
പിന്നത്തെനാൾ പുലരവേ കുഴി മാന്തി നോക്കീ
സന്നദ്ധമുള്ള മുതൽ കണ്ടു കുറച്ചു മാത്രം. 25

പിന്നെക്കിണററിലുമൊരാളെയിറക്കിനോക്കീ
ഛിന്നത്വമാർന്നൊരരസി കിട്ടിയെടുത്തു ഭട്ടൻ;
മന്നന്റെ നേർക്കതു തിരിച്ചു പിടിച്ചൊരുഗ്ര-
ഭിന്നസ്വരത്തി"ലിതു നോക്കുക"യെന്നുരച്ചാൻ. 26

ആപാദചൂഡമുടലൊന്നു വിയർത്തു ഹന്ത
ഭൂപാലനും കിടുകിടന്നു വിറച്ചുപോയീ;
ഹാ! പാർശ്വവർത്തികളെയാകവെയൊന്നു നോക്കി-
ക്കോപാവിലാക്ഷരമൊരാളെ വിളിച്ചു വിപ്രൻ. 27

“വെള്ളക്കരപ്പിത്തു തുരുമ്പു തരിമ്പുമില്ല
വെള്ളത്തിലിന്നലെയൊടിച്ചിതെറിഞ്ഞതല്ലേ?
കള്ളത്തമാരുമറിയാതെവരില്ല, ഞാനീ
കള്ളന്റെ മമ്മ—”മിതി ഭട്ടനരച്ചു രൂക്ഷം. 28

ചിത്തം പിടച്ചു കടനോടൊരു ചോദ്യമൂലം
വൃത്താന്തം സമസ്തവുമറിഞ്ഞു തെളിഞ്ഞു ചൌര്യം;
സത്യസ്ഥനാം ദ്വിജമഹർഷിയെ വിട്ടു, തൻദുഷ്-
കൃത്യത്തെയോർത്തു നൃപനേറ്റവുമുൾഭ്രമിച്ചു. 29

ഉള്ളിൽ പെരുത്ത പരിതാപമൊടീയധർമ്മം
ചൊല്ലിക്ഷിതീശവരന കമ്പവുമായ് കപാലം;
‘പള്ളിപ്പുറസ്സ്’ ധരണീസുരരന്നുതൊട്ടു
ചൊല്ലില്ല വെട്ടമതിലെന്നൊരു സമ്പ്രദായം. 30

ഗർവ്വശമനം

ആണായവീരനഴകേറിയവൻ വടക്കൻ-
വേണാട്ടിൽ വാണു ഗുണമേറിയ 'കോതവർമ്മൻ';
ഏണാർന്നകൊല്ലമെഴുനൂററിരുപത്തിമൂന്നി-
ലാണാമഹാമതി വഹിച്ചതു രാജ്യഭാരം. 1

'ആദിത്യവർമ്മ'നുടെ തമ്പി നയത്തൊടണ്ണൻ
വീതിച്ചുവെച്ചു നിയമിച്ചൊരു ചട്ടമട്ടിൽ
നീതിക്രമത്തിനു നടത്തിയിരുന്നു നാനാ-
ജാതിക്രമത്തിനുതകും കുലധർമ്മമെല്ലാം. 2

അന്നാനരേശ്വരനുമാ നൃപമന്ത്രികൾക്കു-
മന്നാട്ടിലുള്ള പലവേക്കമതിൻപ്രകാരം
നന്നായ് മെരുക്കുമൊരു ചേവകനുണ്ടു; "നാണു"-
വെന്നാണു പേരവ,നവൻ ബഹുകേമനത്രേ. 3

പാരം പ്രവൃത്തിയിൽ വെടിപ്പവനുണ്ടിരുട്ടിൽ
ക്ഷൌരം കഴിപ്പതിനുമില്ലൊരു കൂസലൊട്ടും;
സ്വൈരം പ്രിയംപറയുമേററമൊതുങ്ങിനിൽക്കും
സാരം ഗ്രഹിക്കുമവനിങ്ങിനെയായിരുന്നു. 4

സമ്പാദ്യമുണ്ടവനു തെല്ലിലവിന്നു, നാട്ടിൽ
പേരാർന്ന യോഗ്യരുടെ സേവയുമുണ്ടു പിന്നെ
മുൻഭാഗമിത്തിരി മറഞ്ഞു മനക്കരുന്നിൽ;
ഡംഭാണ്ടിരിക്കുകിലതും മനുജസ്വഭാവം. 5

കണ്ടാലുയർന്നവരിൽ നന്ദി,യിടത്തരത്തിൽ-
ക്കൊണ്ടാൾകളിൽ സമത, താഴ്ന്ന ജനത്തിൽ നിന്ദ,
തണ്ടാണ്ടവന്റെ നിലയിങ്ങിനെയായി; ഗർവ്വ-
ക്കൊണ്ടാൾക്കെഴും വകതിരിവു തിരിച്ചിലല്ലോ. 6

എന്നാലുമായവനടൻ കുലധർമ്മവേല
നന്നായ്നടത്തുവതിലില്ലൊരു നീക്കുപോക്കും;
തന്നാട്ടിൽ യോഗ്യരുടെ സേവകനായിരുന്നി-
ട്ടൊന്നാണു ദോഷമവനക്രമിയായ്ബ്ഭവിച്ചു. 7

തട്ടിപ്പുകാട്ടുമെളിയോരൊടു, തക്കമൊത്താൽ
തട്ടിപ്പറിക്കു,മിടയുമ്പൊളടിച്ചു മാറും;
മട്ടിപ്പടിക്കവനെടുത്തു പറഞ്ഞു യുക്തി-
മുട്ടിപ്പതിന്നു വിരുതുണ്ടൊരു കൂസലില്ല. 8

മങ്ങാതെയിങ്ങിനെയവൻ മദമാണ്ടു കൊല്ല-
ത്തങ്ങാടിയിൽ കുതുകമോടു കടന്നൊരുന്നാൾ
ചങ്ങാതിമാരൊടൊരുമിച്ചു നടന്നിടുമ്പോ-
ളെങ്ങാണ്ടു കണ്ടു ചിറകിൻചുമടോടൊരാളെ. 9

ചോദിച്ചു നിന്നു ചിറകിൻവിലയൊട്ടുനേരം
മോദിച്ചു റൊക്കവിലയായ് ചിറകൊക്കെ വാങ്ങി;
വാദിച്ചു പിന്നെ ചിറകിൻ പണവും തരാനായ്,
ഭേദിച്ചു ഭാവമുടനക്രമി കൈക്കലാക്കി. 10

നിസ്സാരനായ്ക്കഴുതമേൽ ചിറകേററിവന്നോൻ
ദുസ്സാദ്ധ്യമെന്നഴലൊടും പിരിയേണ്ടിവന്നു;
അസ്സാധു രാജസഭ പുക്കറിവിച്ചു; മന്ത്രി
ഭിസ്സാകുമായവനൊടിങ്ങിനെ ശുദ്ധമോതി:— 11

“ചൊല്ലൂ, തരത്തിലിതുപോക്ക ചെരയ്ക്കുകെന്നാ-
യച്ചൊല്ലു ഭവാൻ കുലനിലയ്ക്കവനേററ ചെയ്യും;
ഉല്ലൂനകേശനഥ നീ കഴുതയ്ക്കു ചെയ്യു-
കില്ലുനമെന്നവനൊടേററ ശഠിച്ചുകൊള്ളൂ.” 12

ഇമ്മട്ടു മന്ത്രിയുരചെയ്തതു കേട്ടവൻ ചെ-
ന്നമ്മട്ടു തങ്കഴുതയെപ്പുറമേ നിറുത്തി;
നന്മട്ടു ഞങ്ങളിതുപോക്ക ചെരയ്ക്കുകെന്നാൻ
തന്മട്ടുപോലവനെയാക്ഷുരകൻ ചെരച്ചു. 13

“അങ്ങാദ്യമോതിയവിധം ക്ഷുരവേല ചെയ്യേൻ,
ചങ്ങാതിയെങ്ങവനെയിങ്ങു വിളിച്ചുകൊൾക”;
മങ്ങാതെയാക്ഷുരകനിങ്ങിനെ ചൊന്നവാറാ-
ച്ചങ്ങാതി തങ്കഴുതയെപ്പിടിക്കൂടി നിർത്തി. 14

“ക്ഷൌരംകഴിച്ചു കഴുതയ്ക്കിതുപോക്ക ചെയ്വാൻ
ഭാരം വഹിച്ചപടി”യെന്നവനോതിടുമ്പോൾ
പാരം ചൊടിച്ചു പടുവാം ക്ഷുരകൻ വഴക്കി-
ന്നാരംഭമായൊടുവിൽ മന്ത്രി വഴക്കു തീർത്തു. 15

ഉൾച്ചേർന്നപടി ചെയ്യുവച്ചൊരു കരാർ-
പോലാൾനിറഞ്ഞുള്ളൊരാ-
ക്കച്ചേരിക്ഷിതിയിങ്കൽവെച്ചു കഴുത-
ക്ഷൌരം കഴിപ്പിക്കയാൽ
അച്ചെട്ടത്തരഗർവ്വു പോയ് ക്ഷുരകനും
മര്യാദ ശീലിച്ചുപോ-
ലിച്ചതിക്കു ഭരിച്ച മന്ത്രിയൊടുമാ-
ണ്ടോർവരൻ മന്നിടം. 16

ശ്രീ ഭൂതപുരത്തപ്പൻ

(പാന)

ശ്രീഭൂദേവിമാരൊന്നിച്ചു നിത്യവും
ശ്രീഭൂതപുരംവാഴും ജഗൽപ്പതേ!
ഹേ! ഭഗവാനേ! നിന്നുടെ ദിവ്യമാം
ശോഭ ഞാനെന്നും കാണുമാറാകണം.
മാന്തളിർപോലെ രേഖാവിശേഷത്താൽ
കാന്തമാകും നിൻതൃക്കാലടി രണ്ടും
ഞാൻ തരംപോലേ ചിന്തിച്ചുനോക്കുമ്പോൾ
സ്വാന്തത്തിലൂന്നിക്കാണുമാറാകണം.
ഓമനത്തിങ്കൾക്കുഞ്ഞുങ്ങളേപ്പോലേ
കോമളങ്ങളാം പത്തു നഖങ്ങളും
ശ്രീമനോഹരമാകും വിരൽകളും
കാമമെന്നുള്ളിൽക്കാണുമാറാകണം.
നീലവർണ്ണമാമാമപ്പുറംപോലെ
ചേലെഴുന്ന പുറങ്കാലടികളും
ലോലമഞ്ജുളമഞ്ജീരശിഞ്ജിതം
കോലുമാറുള്ളിൽ കാണുമാറാകണം.
നീളംകൂടിപ്പിടിക്കും മയിൽക്കണ്ണേ-
നാളം കീഴ്മേൽ നിരത്തിയ ഭംഗിയിൽ
മേളംകോലുമഴകിൽ കണങ്കാലും
കാലും കൌതുകാൽ കാണുമാറാകണം.

മന്മഥന്റെ മനോഹരച്ചെപ്പിന്റെ
നന്മകാട്ടും നിൻകാൽമുട്ടു രണ്ടുമേ
ചിന്മയാനന്ദസാരമേ നിത്യമു-
മെൻമനസ്സിങ്കൽ കാണുമാറാകണം;
മഞ്ഞപ്പട്ടുടയാടയാൽ മൂടിയു-
ള്ളഞ്ജനമണിത്തൂണുകൾപോലവേ
രഞ്ജനയോടിടചേർന്ന നിൻതുട
കഞ്ജലോചന! കാണുമാറാകണം.
മുററമേ നവരത്നപ്രകാശങ്ങൾ
ചുററുമേ വീശിപ്പട്ടുടയാടമേൽ
ചുററിക്കെട്ടിയ പൊന്നരഞ്ഞാണുള്ളിൽ
പററമാറെന്നും കാണുമാറാകണം.
കാലേ ധാരാളം ബ്രഹ്മാണ്ഡഗോളം മേ-
ന്മേലേ കുത്തിനിറത്തിട്ടുണ്ടെന്നാലും
ആലിലപ്രായമാകുമുദരവും
ചേലിലെന്നുള്ളിൽ കാണുമാറാകണം.
ലക്ഷ്മീദേവിയും ശ്രീവത്സചിഹ്നവു-
മക്ഷീണപ്രഭം കൌസ്തുഭരത്നവും
ലക്ഷണംപോലെ നിത്യം വിളങ്ങും നിൻ-
വക്ഷസ്സെന്നുള്ളിൽ കാണുമാറാകണം.
ശംഖം, ചക്രം, ഗദാ, പത്മമെന്നിവ
തങ്കും തൃക്കൈകൾ നാലുമൊരുപോലെ
തങ്കരത്നാഢ്യകേയൂരകങ്കണ-
സങ്കുലശോഭം കാണുമാറാകണം.

നാലുപാടുമസുരപ്പരിഷക-
ളേലുമൂക്കോട്ടും പാഞ്ഞടിച്ചെത്തുമ്പോൾ
ചേലുപോലേററ തച്ചൊഴിച്ചീടാനോ
നാലു തൃക്കൈകളേന്തുന്നു നീ നാഥ!
കാലുകൂപ്പുന്നവക്കു പുരുഷാർത്ഥം
നാലുമൊപ്പം കൊടുത്തുവിടുവാനോ
മാലുതീക്കുന്ന മാധവ! നീ നിന്റെ
നാലു തൃക്കൈകൾ കാണിച്ചു നില്ക്കുന്നു!
ശംഖിനൊക്കും കഴുത്തിൽ വനമാല
തങ്കിടും മണിഹാരം പതക്കവും
ഭംഗിയോടേ ധരിച്ചോരു മാറിട-
മങ്ങിനെ നിത്യം കാണുമാറാകണം.
താമരപ്പൂവും തിങ്കളും കാണിക്കും
ശ്രീമനോഹര! സൌഭാഗ്യമൊക്കയും
സീമയെന്നിയേ കൂടിപ്പിടിക്കും നിൻ-
കോമളാനനം കാണുമാറാകണം.
പുഞ്ചിരിപ്പുതുപ്പാലിൽ കുളിച്ചാഭ-
യഞ്ചിടും നിന്റെ ചാരുബിംബാധരം
കിഞ്ചിൽക്കാട്ടും നന്മുത്തണിപ്പല്ലുമൊ-
ത്തഞ്ചിതത്തിങ്കൽ കാണുമാറാകണം.
നീലരത്നത്താൽ നിർമ്മിച്ച കണ്ണാടി-
പോലഴകാം കവിൾത്തടം രണ്ടിലും
ലോലകുണ്ഡലം രണ്ടുമിരട്ടിച്ച-
പോലകക്കാമ്പിൽ കാണുമാറാകണം.

ഉള്ളിലെപ്പോഴുമാനന്ദമായ് മണം-
തള്ളി വീശുന്ന നിശ്വാസസുന്ദരം
എള്ളിൻപൂവൊക്കും നിൻതിരുമൂക്കിനി-
ക്കുള്ളിലെപ്പോഴും കാണുമാറാകണം.
പങ്കായംപോലെ പക്ഷങ്ങളും കൃപാ-
വങ്കാറ്റിൽ തുള്ളും ചില്ലിക്കൊടികളും
മുൻകാഴ്ചക്കതിഭംഗിയും പങ്കജ-
സങ്കാശാഭയും താരകശോഭയും
സ്വൈരം ഭക്തരിരിക്കുന്നിടത്തേക്കു
ദ്ദൂരം പാഞ്ഞു കര പിടിച്ചീടുവാൻ
കാരുണ്യപ്പുഴയ്ക്കുള്ളിൽ കളിയാടി-
പ്പോരും പോക്കമിതൊക്കെയുമോർക്കുമ്പോൾ
കണ്ണ! നിന്നുടെ കണ്ണു രണ്ടോടിയെ-
ന്നെണ്ണാമായതിന്നില്ലൊരു സംശയം.
പുണ്യാത്മാക്കളേ കാണുള്ളൂപോലും നിൻ-
കണ്ണാട്ടമതും കാണുമാറാകണം.
അഷ്ടമിച്ചന്ദ്രനൊക്കുന്ന നെറ്റിയിൽ-
സ്പൃഷ്ടമാകും കളങ്കക്കുറിപോലെ
സ്പഷ്ടമാകും പുരികക്കൊടിയുമെൻ-
വിഷ്ടപേശ്വര! കാണുമാറാകണം.
നെറ്റിമേലുള്ള ഗോപിക്കുറിക്കുള്ളിൽ
പറ്റിക്കാണുന്ന ഗോരോചനപ്പൊട്ടും
ചെറ്റിളകും കുറുനിരയും വരി-
തെറ്റിടാതുള്ളിൽ കാണുമാറാകണം.

കാറൊളിവർണ്ണ! കാർമുകിൽക്കാന്തിയേ
കേറിത്തോല്പിച്ച വാർമുടിക്കെട്ടിന്മേൽ
കേറിനില്ക്കുന്ന പൊന്നിൻകിരീടവും
ക്കൂറിയന്നൊന്നു കാണുമാറാകണം.
പാദംതൊട്ടു കിരീടംവരയ്ക്കൊരു-
ഭേദംകൂടാതെ സൌന്ദര്യസർവ്വസ്വം
വാദംവിട്ടു വിളങ്ങും തിരുവുടൽ
മോദമോടെന്നും കാണുമാറാകണം.
അച്യുതാനന്ത! ഗോവിന്ദ! മാധവ!
സച്ചിദാനന്ദമൂർത്തേ! ഭഗവാനേ!
നിശ്ചലഭക്തിയൊന്നിനിക്കുണ്ടായാൽ
നിശ്ചയം കയ്യിൽക്കാമിച്ചതൊക്കെയും
മീനാമ പന്നിതൊട്ടോരോ വേഷങ്ങൾ
താനെടുത്തില്ലേ ഭക്തർക്കുവേണ്ടി നീ?
ജ്ഞാനമില്ലാത്ത ഞങ്ങൾക്കു വേണ്ടീട്ടു-
മാനന്ദാത്മാവേ! വല്ലതും കാട്ടണേ!
ഓരോ സംസാരബന്ധത്തിൽ കൊണ്ടുവി-
ട്ടോരോ നാൾതോറും ക്ലേശപ്പെടുത്താതെ
സാരോദഗ്രപ്രസാദത്തിനാലായു-
രാരോഗ്യസൌഖ്യം തന്നരുളേണമേ!
മേന്മേൽ കാണിച്ചതൊക്കെക്കരംകളം നിൻ-
കണ്മേലൊട്ടൊന്നിക്കൊട്ടയയ്ക്കണേ!
കല്ലോ ചെമ്പോ വെറും പിച്ചളക്കൂട്ടോ
നല്ലോടോ പഞ്ചലോഹമോ രത്നമോ?
എല്ലാർക്കുമേവം സംശയംതോന്നിക്കും
നല്ലാകാരം നിൻബിംബമത്ഭുതം.
എല്ലാമത്ഭുതമത്ഭുതവിഗ്രഹ!
നല്ലാനന്ദമെനിക്കരുളേണമേ!

ശ്രീശങ്കരഗുരുചരിതം

(കാവ്യം)

പ്രഥമോദ്ധ്യായഃ

അസ്തി പൂരുവനം നാമ ഗ്രാമരത്നം മഹത്തരം
യത്ര സ്ഫുരത്യഷ്ടമൂർത്തിർദ്വിമൂർത്തിഃ പാർവ്വതീപതിഃ. 1

വിദ്യാമയതനുർദ്ദേവശ്ശാസ്താ ച ഗ്രാമദൈവതം
യത്ര നിത്യം വിഹരതി ഭവാനീവല്ലഭാന്തികേ. 2

പ്രാഗ്യത്രാസീൽ ഭട്ടഭട്ടേവാസുദേവമഹാകവിഃ
യൽക്കാവ്യം വാസുദേവീയം യുധിഷ്ഠിരജയാദി ച. 3

കാർത്താന്തികഃ കവിസ്തത്ര ശ്രൌതസ്മാർത്തവിധാനകൃൽ
ആസീൽ പ്രസിദ്ധോമഹിഷമംഗലാഖ്യസഹോദ്വിജഃ. 4

പരമേശ്വരനാമ്നോസ്യ സഹജസ്സമഹാകവിഃ
ഭാഷാപ്രബന്ധനിർമ്മാണചണോ നാരായണോപ്യഭൂൽ. 5

പരമേശ്വരസൂനുശ്ച ദൈവജ്ഞോ ബാലശങ്കരഃ
കൈരള്യാം ഭാഷയാവ്യാഖ്യൽ പിതുഃ കാലദീപകം. 6

മാതുരാഢ്യഗൃഹേ യത്ര സമ്രാൾ ജ്യൌതിഷികോഭവൽ
മുഹൂർത്തപദവീകാരാവഭൂതാം ഭ്രാതരാവപി. 7

യൽഗ്രാമസംബന്ധികൃതാ മനുഷ്യാലയചന്ദ്രികാ
മാതംഗലീലാ ചാദ്യാപി കേരളീയൈരധീയതേ. 8

അന്യേ ച ബഹവോ ഗ്രന്ഥകാരാ ലോകോപകാരിണഃ
യത്ര ഗ്രാമേ യഥാകാലമഭൂവൻ ബ്രാഹ്മണോത്തമാഃ. 9

വർണ്ണാശ്രമാചാരചണാഃ പണ്ഡിതാ ബ്രഹ്മവാദിനഃ
ദേശേ ദേശേ യത്ര സന്തി ബ്രാഹ്മണാഃ പങ്ക്തിപാവനാഃ. 10

വേദഘോഷവിനിർദ്ധൂതദുരിതാനി പദേ പദേ
പരിതോയത്ര ദൃശ്യന്തേ ദേവതായതനാന്യതം. 11

യത്ര സ്വകർമ്മനിരതാ ബ്രഹ്മക്ഷത്രമനുവ്രതാഃ
നാനാജാതികുലാചാരാ വസന്തി ബഹവോ ജനാഃ. 12

ചതുർഷു ദിക്ഷു പ്രത്യക്ഷം ഭൂതനാഥപ്രതിഷ്ഠയാ
വിഭക്താ യത്ര ലക്ഷ്യന്തേ ഗ്രാമസീമാന്തഭൂമയഃ. 13

വൃഷാചലാഗസ്ത്യപുരസംഗമേശ്വരസംജ്ഞിതാഃ
യൽഗ്രാമസീമാന്തരഗാസ്ത്രയോ ഗ്രാമാ ഇതി സ്ഥിതിഃ. 14

ജലാർദ്രപവനാലോലസസ്യസാരസ്യശാലിനീ
നിമ്നാപ്യുന്നതിമാധത്തേ യത്ര ക്ഷേത്രക്ഷിതിർഗ്ഗുണാം. 15

ചൈസ്വാദ്ധ്യായസംസിദ്ധഭൂദേവപദചിഹ്നിതാഃ
യത്രോന്നതാ അപി ഭുവോ ദർശയന്തീവ നമ്രതാം. 16

യത്ര വിദ്യാവ്രതസ്നാതാ ബ്രഹ്മചാരിദ്വിജാ അപി
ദേവോത്സവേഷ്വാവഹന്തി ഹസ്തിശിക്ഷാസു ദക്ഷതാം. 17

അദ്യാപി യത്ര മഹിതഫാൽഗുനീസുമഹോത്സവേ
ഭൂദേവഭൂമമായാന്തി ദേവാ അപ്യുത്സവപ്രിയാഃ. 18

പരിതഃ കലികാലുഷ്യദൂഷിതേപി ധരാതലേ
യത്ര ദേവോത്സവമയേ കാലഃ കൃതയുഗായതേ. 19

വേദവിദ്യാതപശ്ശൗചകുലാചാരസമൃദ്ധിഭിഃ
യത്രാഢ്യബ്രാഹ്മണാബിഭ്രത്യാഢ്യതായാം യഥാർത്ഥതാം.

തത്ര പൂരുവനഗ്രാമേ ത്രയീതത്വാർത്ഥവേദിനഃ
ത്രിധാമാനസ്സന്തി കില കിരാങ്ങാട്ടാഢ്യഭൂസുരാഃ. 21

യായജൂകകുലശ്രേഷ്ഠാ പാവ്വൂർഗൃഹഭവാ അമീ
കർമ്മകാണ്ഡമതിക്രമ്യ ജ്ഞാനകാണ്ഡമുപാശ്രിതാഃ. 22

ഏഷാം 'പെരുമ്പുള്ളിശ്ശേരീ' 'തെക്കിനീ' ച 'വടക്കിനീ'
ത്രീണി ധാമാനീതി സന്തി ത്രിധാമാനസ്തതോഹ്യമീ. 23

പരിശുദ്ധാ വിഷ്ണുപദസംഗിനീ പാപനാശിനീ
ഗംഗേവൈഷാം ത്രിപഥഗാഹ്യേഷാ വംശപരമ്പരാ. 24

ന കേവലം ദ്വിജാഃ പൂരുവനേ പ്രായോഹി ജന്തവഃ
ഏഷാം തിസ്രോവംശശാഖാസ്സംശ്രിത്യ സുഖമാസതേ. 25

പരോൽക്കർഷപ്രദാനേഷു സ്പർദ്ധാപ്യേഷാം കദാചിൽ കദാചിൽ
നൈവ ദോഷായ ലോകാനാം ഗുണായൈവ ഹി കേവലം.

ഏവംഭൂതമഹൽഭാവഭാസുരേ വിശ്വവിശ്രുതേ
കുലേ പെരുമ്പുള്ളിശ്ശേരികിരാങ്ങാട്ടാഢ്യജന്മനാം. 27

നീലകണ്ഠ ഇതി ഖ്യാതോ വേദവേദാംഗപാരഗഃ
ആസീദ്ദ്വിജവരഃ ശ്രീമാൻ പുണ്യജന്മാ ഗൃഹാശ്രമീ. 28

സശ്രൌതസ്മാൎത്തവിധിഷു വിദ്വദ്ഭ്യോ ബ്രാഹ്മണോത്തമഃ
യജ്വനാം യജ്ഞശാലാസു കുലാചാൎയ്യ ഇവാബഭൌ. 29

തസ്യ ചിറമരാഢ്യവില്ലനന്ദിനീ സഹധൎമ്മിണീ
യസ്യാസ്സഹോദരോ യോഗീ ശ്രീശങ്കരയതീശ്വരഃ. 30

തയോസ്തഥാവിധി വൃദ്ധഗാൎഹസ്ഥ്യവ്രതശാലിനോഃ
സമജായത സൽപുണ്യസന്തതിൎബ്രഹ്മസന്തതിഃ. 31

പരിണീതാമുനാന്യാപി കൂടല്ലൂരാഢ്യനന്ദിനീ
തസ്യ സാപത്ന്യവിദ്വേഷഹീനയോൎഭാൎയ്യയോൎദ്വയോഃ.

തത്രാദ്യോ വാസുദേവാന്ത്യപത്ന്യാം നാരായണോപരഃ
തൃതീയശ്ശങ്കരഇതി പുത്രാആസൻ ബഹുശ്രുതാഃ. 33

പരമേശ്വരഇത്യന്യഃ കന്യേ ദ്വേ ചാതിബാല്യകേ
ദിവംഗതാഃ പുനസ്ത്വേകാ പുത്രീ ദൌഹിത്രസാധികാ. 34

പിതൃവ്യപുത്രജശ്ചാസ്യ ഭ്രാതുഃ കുമാരകഃ
കോടനാട്ടാഢ്യനന്ദിന്യാമാസീന്നാരായണോപരഃ. 35

കോളംബവൎഷേ ത്ര്യധികസഹസ്രമിതവത്സരേ
ശങ്കരഃ കടകാശ്ലേഷാപുണ്യയോഗേ ഹി ജജ്ഞിവാൻ. 36

ജ്യേഷ്ഠയോരനുജസ്യാപി വാത്സല്യപ്രേമഭാജനം
ചതുൎഷ്വേഷു തൃതീയോപി പ്രഥമത്വമവിന്ദത. 37

പിതരൌ തനയൈരേഭിശ്ചതുൎഭിഃ കൃതകൌതുകൈഃ
ബാലലീലാദ്ഭുതൈൎല്ലളിതൈസ്തുന്ദിലാമ്മുദമാപതുഃ. 38

ഉപനീതേ വാസുദേവേ ജ്യേഷ്ഠേ നാരായണേ തഥാ
ശങ്കരസ്യ തു ഷഷ്ഠേഽബ്ദേ മാതാ പരഗതിം ഗതാ. 39

വിഹിതാബ്ദികദീക്ഷോഽഥ ശങ്കരോഽപി യഥാവിധി
ഉപനീതഃ ക്രമേണാന്ത്യോ ഭ്രാതാ നാരായണോഽപി ച. 40

അമീ ചൗളോപനീത്യാദിദ്വിജസംസ്കാരകർമ്മഭിഃ
സവർണ്ണാവർണ്ണിതാംനീതസ്സാവർണ്ണ്യമുപലേഭിരേ. 41

സ്വയം പിത്രോപദിഷ്ടാനി വേദവാക്യാനി ബാലകാഃ
നചിരാദധ്യഗീഷത സ്പഷ്ടവർണ്ണസ്വരശ്രുതി. 42

ഗ്രഹണേ ധാരണേ ചൈവ ധാരിതോച്ചാരണേ തഥാ
പ്രയോഗേഷ്വപ്യമീചക്രുസ്സതീർത്ഥ്യാനാം വിലക്ഷതാം. 43

സബ്രഹ്മചാരിഷു പുനശ്ചത്വാരശ്ചതുരാ അമീ
അഗ്രസരാസ്തേഷു പുനശ്ശങ്കരോഽഭവദഗ്രിമഃ. 44

അനധ്യായാഗമേ പ്രായഃ ഖേലത്സു സഹപാഠിഷു
ക്രീഡാസീച്ഛങ്കരാദീനാം വേദവാദവിഡംബനാ. 43

അന്യേഷ്വപി വിനോദേഷു സത്സ്വാനേഷശങ്കരഃ
ചേൽ പ്രസജ്യേത ബാലാനാം തദാ തേഽഗ്രേസരോഽഭവൽ.

ആപ്ലുതേ വിപ്ലുതേ ചാപി വാരിനൗകാപ്രതാരണേ
ഭുജവീര്യപരീക്ഷാസ്വപ്യേഷ നാസീൽ പരാങ്മുഖഃ. 47

പഠനേ ഹസ്തിശിക്ഷായാം കവനേ ചിത്രലേഖനേ
അന്യേഷ്വപി പ്രസംഗേഷു പ്രയുംക്തേസ്മൈഷവാസനാം

അമീ പുനർവ്രതസ്നാതാസ്സമീചീനപരിശ്രമാഃ
ക്രമീകൃതയജുശ്ശാഖാസ്സമീയുസ്സത്ര പംക്തിഷു. 49

തത്രാപ്യേഷാം പടിമനി പ്രഥിമാനമുപേയുഷി
ശിഷ്യവാത്സല്യമർമ്മജ്ഞാഃ പ്രസേദുർഗ്ഗുരവശ്ചിരം. 50

യഥാവിധി കുലാചാരം ഭജന്തോ ഗ്രാമദൈവതം
ശാസ്താരമേതേ ധൂർത്താനാം ശാസ്താരശ്ശാസ്തതാം യയുഃ. 51

തദാ കദാപി ഭൂതേശം ഭജന്തോ യുവഭൂസുരാഃ
പരീക്ഷിതും ബാഹുബലം സമാസേദുരുലൂഖലം. 52

തത്ര ക്ഷേത്രേ യദദ്യാസ്തി ശിലാമയമുലൂഖലം
ന ശേകുസ്തച്ചാലയിതുമപി ദോർബലശാലിനഃ. 52

ഗേഹേഷ്വേഷു ബലിഷു നിവൃത്തേഷ്വേഷ ശങ്കരഃ
ലീലയൈതൽ സമുൽക്ഷിപ്യ സമാരോപയദന്തരം. 54

അപി ബുദ്ധിബലാദസ്യ കർമ്മനിഷ്ഠാബലാദപി
അധികം ദോർബ്ബലമിതി പ്രശശംസുസ്തദാ ജനാഃ. 55

സാംവത്സരികഭൂതേശഭജനാനന്തരന്തു തേ
ഗീർവ്വാണഭാഷാവൈദഗ്ദ്ധ്യം സമ്പാദയിതുമുദ്യതാഃ. 56

കാവ്യനാടകതർക്കാദിപാഠൈഃ കാനപി വത്സരാൻ
ധർമ്മശാസ്ത്രവിവാദൈശ്ച നിന്യുസ്സൌജന്യശാലിനഃ. 57

തത്രാപി ശങ്കരഃ ശ്രേഷ്ഠോ ജ്യേഷ്ഠയോരനുജസ്യ ച
ഗുരുർശ്ശിഷ്യവ സംജജ്ഞേ സൂക്ഷ്മതത്വാവലോകനേ. 58

തത്തൽക്കർമ്മസ്യ നിർദ്ദിഷ്ടകാലലോപോപി ന ക്വചിൽ
അഭവച്ഛങ്കരാദീനാന്തേഷാമാദ്ധ്യദ്വിജന്മനാം. 59

അധീതവേദവിദ്യാനാം വ്രതാചാരക്രിയാവതാം
അമീഷാം യൌവനോന്മേഷാദുൽക്കർഷസ്സമജായത. 60

ഇതി സ്വയം സാധിതവേദവിദ്യാ-
യഥോക്തകർമ്മാചരണപ്രവീണാഃ
സുഖം സ്ഥിതാഃ കേരളവിപ്രജുഷ്ടാ-
മഖണ്ഡിതാം സ്നാതകതാം വഹന്തഃ. 61

തത്രാപി ശങ്കരഉദ്ബുദ്ധഗുണപ്രവേക-
സ്സ്വജ്യേഷ്ഠയോരനുമതേന മതേന തിഷ്ഠൻ
സൌഭ്രാത്രമഗ്ര്യമനുജേഷ്വനുസന്ദധാന-
സ്സൌശീല്യകല്യചരിതസ്സുതരാം വിരേജേ. 62

ഇതി ശ്രീശങ്കരഗുരുചരിതേ കൌമാര
കഥാ നാമ പ്രഥമോദ്ധ്യായഃ.

ദ്വിതീയോദ്ധ്യായഃ

അഥാഗ്രജോ വാസുദേവ ഉപയേമേ ഗൃഹാശ്രമീ
പട്ടതോളാഢ്യതനയാ പ്രഥമാസീൽ സധർമ്മിണീ. 1

നാരായണസ്ത്വവരജസ്നാതകോപി ഗൃഹസ്ഥവൽ
ഗൃഹഏവാവസൽ പ്രായസ്വകാര്യനിരതസ്സുഖം. 2

ശ്രീശങ്കരോ ഗുരുർഭൂദ്വേദവിദ്യാഭികാംക്ഷിണാം
പ്രായഃ പൂരുഷം ശിഷ്യപ്രശിഷ്യൈസ്തേന ചർച്ചിതം. 3

സ്വവംശശാഖാവിച്ഛേദഭീതൎന്നാരായണോന്തിമഃ
ഗാർഹസ്ഥ്യമാശ്രമം ഭേജേ ഭ്രാതൄണാമനുവാദതഃ. 4

ശിഷ്യലോകാർപ്പിതശ്രേഷ്ഠശ്രുതിദ്രവിണശാലിനഃ
ശ്രീശങ്കരഗുരോരേഷാ ദിനചര്യ്യാ നിഗദ്യതേ. 5

ബ്രാഹ്മേ മുഹൂർത്തഏവൈഷശയ്യോത്ഥായ മഹാമനാഃ
ഗുരുവായുപുരാധീശം ധ്യായന്നാസ്തഇവ ക്ഷണം. 6

തതഃ ക്രമാൽ സമുത്ഥായ കൃതശാരീരശോധനഃ
അരുണോദയതഃ പൂർവ്വമസ്നാത്വാ നൈവ തിഷ്ഠതി. 7

കൃതസന്ധ്യാവിധിഃ കാലേ ഗായത്രീജപമാചരൻ
ഉദിതേർക്കേ യഥായോഗം സമാപയതി കർമ്മ തൽ. 8

തതസ്സൂര്യനമസ്കാരം മണ്ഡലാവർത്തനക്രമം
കരോതി നിഷ്ഠയാ ശിഷ്ടവൈദ്യവൈദികസമ്മതം.

ഉപവിശ്യ തതസ്സമ്യഗ്ധ്യായൻ ജോതിഃ പരം ഹൃദി
കരോതി തസ്മിന്നേവാത്മപുണ്യപാപസമർപ്പണം. 10

തതോവിധായ സശ്രദ്ധം സ്വാദ്ധ്യായഞ്ച യഥാവിധി
പരിപൂതശ്ച ഭവതി തർപ്പണപ്രോക്ഷണാദിഭിഃ. 11

അഥ ശിഷ്യജനായത്തവൃത്തിസ്സ്വൈഃ പരിവാരിതഃ
ഉപവിശ്യോപദിശതി വേദപാഠാൻ യഥായഥം. 12

യഥാനുകൂലം ഗ്രഹണധാരണാദിഷു ശിഷ്യകാൻ
ഉത്തേജയൻ സ്മിതമുഖഃ ശൃണോത്യുപദിശത്യപി. 13

ന ക്ഷിപത്യൽബണാം ദൃഷ്ടിം ന ബ്രൂതേ പരുഷാം ഗിരം
അസൗമ്യമേവ ഹ്യുപദിശൻ വിധുനോത്യസമഞ്ജസം. 14

സംഹിതാധീതിനഃ കേചിൽ കേചിന്നന്യേ പദപാഠകാഃ
ശാഖാദ്ധ്യയനസംസക്താസ്ത്വിതരേ സന്തി കേചന. 15

സ്വസ്വാദ്ധ്യയനഭാഗേഷു കൃതശ്രദ്ധനകർമ്മഭിഃ
ശിഷ്യൈരുൽഘുഷ്യമാണോപി നാസ്യ മിശ്രീഭവേന്മനഃ. 16

അഷ്ടാവധായിനശ്ചൈവ തത്തൽസ്ഥാനഗതാ മതിഃ
തസ്യ ശിഷ്ടാപി ദൃഷ്ട്വേവ പശ്യത്യേവാസമഞ്ജസം. 17

സ്വരാക്ഷരശ്രുതിഷ്വീഷദപി വൈഷമ്യമീക്ഷിതം
സമീകരോതി ദൃക്പാതഭ്രൂക്ഷേപോച്ചാരണാദിഭിഃ. 18

ആമദ്ധ്യാഹ്നമിതി പ്രായസ്ഥിതാദ്ധ്യാപനകർമ്മണി
കൃതാഹ്നികസ്വയം ഭുങ്ക്തേ പ്രയതോഖിലസാശനം. 10

യാവത്തു ഭുഞ്ജതേ ശിഷ്യാസ്താവദ്വിശ്രമ്യ കേവലം
പുനരദ്ധ്യാപയത്യേവ സായാഹ്നസമയാവധി. 20

കൃതാന്ത്യസന്ധ്യാനിയമഃ പ്രണമ്യ പരമേശ്വരം
ഭുക്ത്വാപ്യദ്ധ്യാപയത്യന്യാൻ സല്പാവ്യാദി ദ്വിജേതരാൻ.

ധ്യായൻ ശയ്യാമുപാരുഹ്യ ഗുരുവായുപുരേശ്വരം [രിതഃ
സുഖം സ്വപിതി ശിഷ്യൈസ്സ്വൈർബ്ബാലകൈഃ പരിവാ

അനദ്ധ്യായേഷു തു പുനർല്ലാളയൻ ശിഷ്യബാലകാൻ
വിനോദയതി വാത്സല്യാത്തത്തൽക്രീഡനകാദിഭിഃ. 23

ഗൃഹകാൎയ്യവിചാരേഷു ഭ്രാത്രാ ജ്യേഷ്ഠേന ചോദിതഃ
വിനീതശ്ചനിജമതം നിവേദയതി ശോഭനം. 24

കനീയസോഗ്രജന്മനഃ കനിഷ്ഠസ്യേതരസ്യ വാ
മതഭേദേപ്യൈകമത്യം മദ്ധ്യസ്ഥോയം തനോതി ച. 25

ലഘൂകൃത്യ വ്യയം ഭൂയോപ്യായമുത്തേജയന്നയം
സ്വായത്തദ്രവിണസ്യാപി കുരുതേ പരിബൃംഹണം. 26

നൈവോദാൎയ്യം ശ്ലഥയതി ന കരോതി ച ദുൎവ്യയം
ഇതി വിത്തേന സഞ്ചിത്തോ വിധത്തേ കൃതകൃത്യതാം. 27

ന വഞ്ചനാം സംസ്മരതി ന ബ്രവീത്യനൃതാം ഗിരം
ന ക്രൂരാം കുരുതേ ബുദ്ധിം ദേഹകൃന്തനകൃത്സ്വപി. 28

* * * * * *

കവിതാവേഗപരീക്ഷയിൽ

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു

കല്പിച്ചുണ്ടാക്കിയ

സന്താനഗോപാലം

(ഭാഷാനാടകം)

ചിന്തും മോദമിയന്നു ചിത്തതളിരിൽ
 ചിന്തിക്കഃ പാകെക്ക്ത്ര്യയും
സന്തോഷത്തൊടു സാധുസംസ്തുതയശ-
 സ്സന്താനസമ്പത്തുകൾ
ഏന്തീടും കൃപയോടുകൂടിയുടനേ-
 നൽകാൻ കൃപാംജാലസം-
ഭ്രാന്ത്യാ വാണരുളുന്നൊരാവരദനാം
 ഗോവിന്ദനെക്കൂപ്പുവിൻ. 1

അത്രതന്നെയല്ല,

കൂടീടും ഗർവ്വൊടെത്തിക്കടുതരവിഷവേ-
 ഗത്തൊടും ചീറി നമ്മെ-
മൂടീടും കാളിയന്തന്നുടലുടനെ കട-
 ഞ്ഞിട്ടു ദൂരെക്കളഞ്ഞു
പാടീടും ദിവ്യനാരീസദസി ഫണിഫണാ-
 മണ്ഡലേ നൃത്തമയ്മ്പോ-
ടാടീടും കൊണ്ടൽവർണ്ണന്നടവുമൊരിടയ-
 ക്കുഞ്ഞിനെക്കുമ്പിടുന്നേൻ. 2

ഒട്ടുംപോരാ,

പിടിച്ചവാശിക്കു നിനച്ചമട്ടി-
ന്നിടിച്ചിലംവാതെ ജയംലഭിക്കാൻ
തടിച്ച കാരുണ്യമൊടംബികേ! നിൻ
പൊടിച്ചിട്ടും പുഞ്ചിരിയെത്തൊഴുന്നേൻ. 3

സൂത്രധാരൻ—(നാലുപുറത്തും നോക്കീട്ട)

കുലശേഖരപുരമതിങ്കം
കുലദൈവതമായ വാസുദേവൻെറ
വലിയോരുത്സവമതിലീ-
വിലയേറിയ സജ്ജനങ്ങളിടതിങ്ങി. 4

കേരള സാഹിത്യ അക്കാദമി

അതുകൊണ്ടിവിടെ സകാലോചിതമായ നാട്യവിദ്യ കൊണ്ടു സഭയെ രസിപ്പിയ്ക്കതന്നെ.

(അണിയറയിലേക്കു നോക്കീട്ട്) ഇവിടെ വരു.

നടൻ—(വന്നിട്ട്) ഇതാ ഞാൻ വന്നു.

സൂത്ര—എന്താ കഥ തീർച്ചപ്പെടുത്തിയോ?

നടൻ—ഞങ്ങളെന്താ തീർച്ചപ്പെടുത്തുന്നത്? ഇവിടുന്നു പ
റയുന്നത് എന്നു തീർച്ചപ്പെടുത്തി എന്നു പറയാം.

സൂത്ര—(ചിറിച്ചുംകൊണ്ട്) ആട്ടെ ഞാനൊന്നു വിചാരി
ച്ചു. സന്താനഗോപാലമായെങ്കിലോ എന്നാണ്.
തൻെറ പക്ഷമെന്താ?

നടൻ—അങ്ങിനെതന്നെ, സംശയിക്കാനില്ല. എന്താണെ
ന്നല്ലേ?

കുഞ്ഞിക്കുട്ടൻതമ്പുരാൻ തീർത്തതാണി-
ങ്ങിപ്പോരം നാടകം കേടകന്നു

മഞ്ജുശ്രീമന്മാധവൻ പാർത്ഥനോടും
ഭേദിക്കാതെ ചെയ്ത ചാരിത്രമാണ്. 5

അതുകൊണ്ടു കഥാരസത്തിലും, കവിതാരസത്തിലും ഒട്ടും താണതല്ല ഈ നാടകം. എന്നാലിനിയ്ക്കൊരു സംശയം. ഞാനൊരുതവണയേ ഈ നാടകം നോക്കീട്ടുള്ളൂ. അതിലാദ്യം ആരുടെയാണ് പ്രവേശം?

സൂത്ര—അല്ല! അതും മറന്നോ താൻ?

പ്രോദ്യന്മോദം കലർന്നാ പൃഥയുടെ സുതനും
കൃഷ്ണനും തേരിലേറി-
പ്രദ്യുമ്നാദിപ്രധാനപ്രഥിതയദുജനം
മുമ്പിൽ വന്നെന്നു കേട്ടു
പ്രീത്യാ സാക്ഷാൽ സുധർമ്മാസഭയുടെ നടുവിൽ-
പ്പോയിരിപ്പോഴ്വണ്ണം
വൃത്യാ വൃത്താന്തമോതും വിപൃഥുശിനിസുത-
ന്മാർക്കു മുമ്പിൽ പ്രവേശം. 6

നടൻ—ഓ! ശരിതന്നെ.

സൂത്ര—ആട്ടെ. നോക്കെ കാര്യം നടക്കട്ടെ. വേഗം വേഷം കെട്ടാൻ വേഷക്കാരോടു ചെന്നുപറയൂ.

നടൻ—അങ്ങിനെതന്നെ. (എന്നു പോയി)

സൂത്ര—(നാലുപുറത്തും നോക്കീട്ട്)

കെല്പാകവേ തെളിവിനോടു തിരിച്ചുകാട്ടി-
പ്പുഷ്പാകരത്വമിയലുന്ന വസന്തകാലം

ഇപ്പോഴും വളർന്നു വടിവിൽ പ്രമദാവനാദി-
ഷ്കൾപ്പെട്ട ഭംഗി പറയുമ്പോഴും മഹാവിശേഷം. 7

ചിത്തം തെളിഞ്ഞു മലർബാണനൊരാവനാഴി
തീർത്തെന്നപോലെ പല പൂങ്കുല ഭംഗിയോടെ
വൃത്തം വസന്തതിലകം വിലസുന്നു മാര-
നൊത്തോരു പത്നിയുടെ പോർമുലയെന്നപോലെ. 8

(നോക്കീട്ട്) അല്ല! വേഷം വന്നുതുടങ്ങിയല്ലോ.

വൃത്യാ നമ്മുടെ ശിഷ്യരായിട്ടുമൊരീ-
ഗ്ഗോവിന്ദനും രാമനും
വൃത്യാസംപിണയാതെ യാദവവര-
ന്മാർതന്റെ വേഷത്തോടും
എത്തീ സാത്യകിയായിയും വിപൃഥുവാ-
യിട്ടും, മഹാഭംഗിയീ-
വിദ്വാന്മാർക്കൊരു മെച്ചമുണ്ടു നിയതം
വേഷപ്പകർച്ചയ്ക്കഹോ. 9

ഇനി ശേഷമുള്ളകാര്യം നടത്താൻ പോകതന്നെ.

(എന്നു പോയി)

പ്രസ്താവന കഴിഞ്ഞു.

(അനന്തരം സാത്യകിയും വിപൃഥുവും പ്രവേശിക്കുന്നു)

വിപൃഥു— അങ്ങ് എവിടുന്നാണ് വരുന്നത്?

സാത്യ— ഞാനെന്റെ ഭവനത്തിൽനിന്നുതന്നെയാണ്.

വിപ്ര—അങ്ങ് എന്തേ ഭഗവാൻ ശ്രീകൃഷ്ണൻെറ രാജധാനി
യിലേക്ക പോയില്ലേ?

സാത്യ—പോയില്ലെന്നേ ഉള്ളൂ.

ചൊല്ലേറുള്ളോരനന്തശായി ഭഗവാ-
നാണീമുകുന്ദൻ, നമു-
ക്കേറ്റംകൊള്ളുന്നോരു ഭക്തിയുണ്ടു, പിരിയാൻ
സന്താപമുണ്ടെങ്കിലും
തല്ക്കാലം ചില കാര്യഗൌരവവശാൽ
വേർപാടു പററുന്നതാ,-
ണിക്കാര്യം മനുജർക്കൊഴിച്ചുകളവാൻ
പററുന്നതാണോ സഖേ! 10

വിപ്ര—അതു ശരി. ഇന്നു വിശേഷിച്ച് അർജ്ജുനൻ വന്നി
ട്ടുണ്ടല്ലോ. അതുകൊണ്ടു ചോദിക്കേ.

സാത്യ—(സന്തോഷത്തോടും സംഭ്രമത്തോടും കൂടീട്ട്)

സ്വർപ്പതിപ്രിയതനൂജനായിടും
കെല്പെഴും കുരുകുലേന്ദ്രനർജ്ജുനൻ
എപ്പൊഴോ വന്നുവതറിഞ്ഞതില്ല ഞാൻ;
ക്ഷിപ്രമെൻഗുരുസമീപമെത്തുവൻ. 11

വിപ്ര—ഇന്ന് ഉദയത്തോടുകൂടിയാണ് വന്നത്.

കണ്ണൻ കാലത്തുണർന്നിട്ടഴകൊടു സഭയിൽ-
പ്പോകുവാനായൊരുങ്ങി-
ത്തിണ്ണം തേരിൽക്കരേറുന്നതിനു മുതിരുമ-
ന്നേരമദ്ദൂരഭാഗേ

ഗാണ്ഡീവം കയ്യിലേന്തും കുരുകുലവരനാം
പാർത്ഥനെക്കണ്ടു മോദ-
ക്കണ്ണീരോടും ചിരിച്ചങ്ങിനെ വരു വരുവെ-
ന്നോതിനാൻ പ്രീതനായി. 12

അടുത്തു പാർത്ഥൻ വരുമപ്പൊഴേക്ക-
മെടുത്തു ചാടീട്ടിരുപേരുമൊപ്പം
കടുത്ത മോദേന പുണർന്നുടൻ രഥ-
ത്തടത്തിലേററീ ഹരി പാർത്ഥനേയും. 13

പിന്നെ അങ്ങിനെതന്നെ സഭയിലേക്ക രണ്ടുപേ
രുംകൂടി പോയി.

സാത്യ—അതാണെന്നാൽ ഭഗവാനിനിക്കറിവുതരാഞ്ഞത്. അല്ലെങ്കിൽ ഗുരുനാഥൻ അർജ്ജുനൻ വന്നാലുടനെ ഇനിക്കറിവുതരിക പതിവായിരുന്നു. ഇപ്പോൾ ഞാനും സഭയിലെത്തുമല്ലൊ എന്നു വെച്ചിട്ടാണ്, നിശ്ചയംതന്നെ.

വിപ്ര—അതങ്ങിനെതന്നെ ആവണം. ഇനി എന്തെങ്കിലും ബ്രാഹ്മണകുലരക്ഷയും, ധർമ്മപരിപാലനവും മററ പല അത്ഭുതകർമ്മങ്ങളും ചെയ്യുവെന്നു കേൾക്കാം.

സാത്യ—എന്നാൽ നോക്ക വേഗം സഭയിലേക്ക പോവുക.

(എന്നു രണ്ടാളും പോയി)

(അനന്തരം സുധർമ്മാസഭയിൽ ശ്രീകൃഷ്ണനും, അർജ്ജുനനും, ബലഭദ്രനും, ഉഗ്രസേനമഹാരാജാവും മററും പ്രവേശിക്കുന്നു.)

ഉഗ്രസേനൻ—

അല്ലേ ഫൽഗുന! കേൾക്ക ഹസ്തിനപുര-
ത്തിൽ ധർമ്മജാതാദിയാം
ചൊല്ലേറും നരനായകർക്ക സുഖമാ-
ണല്ലേ? വിശേഷിച്ചിനി
ചൊല്ലേണം പുകൾപൂണ്ട കുന്തിയുമരി-
ഷ്ടം വിട്ടുവാഴുന്നതു-
ണ്ടില്ലേ? നല്ലൊരു നാട്ടുകാർക്കതിസുഖ-
ക്ഷന്താനായല്ലേ പരം? 14

അർജ്ജു—എല്ലാവർക്കും സുഖമാണ്.

വളരെവളരെ നാളായ് ഞങ്ങളീ നിങ്ങളെക്ക-
ണ്ടളവിലുമതിയാകും പ്രീതിപൂണ്ടിട്ടിവണ്ണം
കളമൊടു പൊടിയും വൻമാലിനിത്തീക്കെന്നുൾ-
ക്കളമതിൽ നിരുപിച്ചിട്ടിങ്ങു ഞാനൊന്നിറങ്ങി. 15

ജ്യേഷ്ഠന്മാരായ ധർമ്മപുത്രനും, ഭീമനും, നകുലസഹദേവന്മാരും, അമ്മയും, മറ്റെല്ലാവരും ബന്ധുക്കളായ നിങ്ങളോടെല്ലാവരോടും എന്റെ മുഖംകൊണ്ടു കുശലം ചോദിക്കുന്നു.

ബലഭദ്രൻ—

സൌശീല്യമാദിഗുണമൊക്കയുമുള്ള പാർത്ഥ-
ക്കേറ്റുന്നു ഞങ്ങളിലഹോ ബഹുകൂറതെന്നാൽ
ലേശം നിനക്കകിലൊരത്ഭുതമില്ല, കർമ്മ-
പാശത്തിനാൽ മമത തമ്മിലമന്ദമല്ലോ. 16

അർജ്ജുനൻ—

ഐശ്വര്യമേറിയൊരു നിങ്ങടെ ഭൃത്യരായി-
ട്ടാശ്വാസമോടൊരുവിധം മരുവുന്നതെന്യേ
വിശേഷരാകിയൊരു നിങ്ങടെ ബന്ധുഭാവ-
മാശ്ചര്യമാണതിനു തെല്ലു വിചാരമില്ല. 17

ഞങ്ങൾക്ക് ഈശ്വരന്മാരായിരിക്കുന്ന നിങ്ങളോടു ബന്ധുതക്ക് തക്ക യോഗ്യതയൊന്നുമില്ല. പിന്നെ നിങ്ങൾക്കു ഞങ്ങളുടെ നേരെ ഒരു ബന്ധുതയോ, മമതയോ തോന്നുന്നുണ്ടെങ്കിൽ അതും ദാസരായ ഞങ്ങടേ നേരേയുള്ള ഒരു വാത്സല്യവിശേഷം എന്നേ വിചാരിച്ചുകൂടു.

ശ്രീകൃഷ്ണൻ—ഏ-ഹേ-അങ്ങനെയൊന്നുമല്ല.

ധർമ്മന്താനിഹ ദൈവമായതു സഖേ!
മറ്റൊന്നുമല്ലോർക്കണം;
മർമ്മം പാർക്കിലതിന്നു കേവലകൃത-
ശ്രുത്യുക്തകർമ്മങ്ങൾതാൻ;
ധർമ്മജ്ഞോത്തമരായ ധർമ്മസുതനും
തത്സോദരന്മാരുമീ
മർമ്മം കണ്ടുപിടിച്ചു കൂട്ട,രതിനാൽ
പ്രത്യേകമുണ്ടേറെ മേ. 18

അർജ്ജുനൻ—

ധർമ്മമധർമ്മമതെന്നീ-
ക്കർമ്മം രണ്ടായ് തിരിച്ചുവച്ചു വിഭോ!

നിന്മഹിമാവു നിനച്ചാൽ
ബ്രഹ്മാദിനമറിയുവാൻ മഹാവിഷമം. 19

അങ്ങിനെയിരിക്കുന്ന സാക്ഷാൽ ധർമ്മമൂർത്തിയായിട്ടുള്ള ഇവിടുത്തെ സേവിച്ചുകൊണ്ടിരിക്കുന്നതുതന്നേയാണ് ഞങ്ങൾക്കൊരു സന്തോഷവും സാമ്രാജ്യവും.

ശ്രീകൃ—അതൊക്കെ എങ്ങിനെയായാലും വേണ്ടില്ല.

ദുർമ്മഷ്ഠാദികളായ ദുഷ്ടനൃപരെ-
പ്പാടേ മുടിച്ചും പരം
നന്മയ്ക്കാദനടത്തിയും നയമൊടും
കാത്തും ജഗത്തൊക്കയും
ചെമ്മേ വാഴ്കയാണു വേണ്ടതു ദൃഢം
ഭൂപാലനായെങ്കിലീ-
ക്കർമ്മത്തിൽ ബഹുനിഷ്ഠവേണമതു നി-
ങ്ങൾക്കുണ്ടു വേണ്ടുംവിധം. 20

അർജ്ജുനൻ—ധർമ്മശാസ്ത്രം ബഹു അപാരം. ധർമ്മത്തിന്റെ സാരം അറിയാൻ വളരെ വിഷമം. എങ്കിലും ധർമ്മംപോലെ നടന്നാൽ കൊള്ളാമെന്നു മോഹമുണ്ടു ഞങ്ങൾക്കെന്നേ പറയാൻ പാടുള്ളൂ.

അല്ല,
ധർമ്മക്കാമ്പായിട്ടും നിൻതിരുവടിയടിയ-
ങ്ങൾക്കു തെറ്റുന്നദിക്കിൽ
ചെമ്മേ കാരുണ്യമോടും വലിയൊരു ഗുരുവായ്,
ചെയ്യു സാരോപദേശം

വന്മോഹം തീർക്കമല്ലോ; പരമത്ര നിരുപി-
ക്കുമ്പോളിദ്ധർമ്മസാര-
ത്തിന്മേൽ തട്ടുന്നതുണ്ടീയിവരുടെ വിട്ടുപി-
ഡ്ഢിത്തവും കൃത്യമായി. 21

ഇനിയും വേണ്ടപോലെ എന്നും ധർമ്മംപോലെ പ്രവൃത്തിപ്പാനായി സംഗതിവരാൻ അനുഗ്രഹിക്കുന്നു.

(അണിയറയിൽ)

അയ്യയ്യോ ബഹുകഷ്ടമിശ്ശിശുവിനെ-
ക്കണ്ടില്ലയോ നിങ്ങളി-
ക്കയ്യും കാലുമഹോ തണുത്തു കഠിനം
നിശ്വാസമില്ലാതെയായ്
ഇയ്യെൻപൈതലു സിദ്ധികൂടി നിയതം
താൻ; ബാലമൃത്യുഭയം
മര്യാദക്ക നടന്നിടും നൃപവര-
ന്മാർനാട്ടിലുണ്ടാകുമോ? 22

അതുകൊണ്ടു യാദവസഭയിൽ ചെന്നു് ഈ വിവരം അറിയിക്കതന്നെ. എന്നു്

(യാദവന്മാരെല്ലാവരും കേൾക്കാത്തനാട്യം നടിക്കുന്നു)

അർജ്ജുനൻ—ഏ- എന്തൊരു നിലവിളിയാണീ കേൾക്കുന്നതു്? കഷ്ടംതന്നെ.

പിന്നെയും (അണിയറയിൽ)

അല്ലെങ്കിൽ എന്താണു് പറഞ്ഞിട്ടു സാദ്ധ്യം?
എങ്കിലും പറയുകതന്നെ.

എന്ന (അനന്തരം ചത്ത കുട്ടിയെ എടുത്തുംകൊണ്ടു
ഒരു ബ്രാഹ്മണൻ പ്രവേശിക്കുന്നു)

അർജ്ജുനൻ—കണ്ടിട്ട് -(വിചാരം)

മഹാകഷ്ടംതന്നെ. ബ്രാഹ്മണനാണ് ഇങ്ങിനെ വ്യസനിക്കുന്നത്.

(പിന്നെ എല്ലാവരും കാണാത്ത നാട്യം നടിക്കുന്നു.)

ബ്രാഹ്മണൻ—(കുട്ടിയെ സഭയിൽ കൊണ്ടിട്ടിട്ട്)

(അയ്യയ്യോ ബഹുകഷ്ടം എന്ന് ഒന്നുംകൂടി ചൊല്ലീട്ട്)

നീതി ധർമ്മമതുപോലെ പാലനം-
ചെയ്തിടുന്ന നൃവരന്റെ നാടതിൽ
ഏതുദിക്കിലൊരു ബാലമൃത്യുവീ-
മാതിരിക്കു നൃപരേ! ഭവിച്ചതും. 23

(എല്ലാവരും കേൾക്കാത്ത നാട്യം നടിക്കുന്നു.)

അർജ്ജുനൻ—കണ്ടിട്ട് (വിചാരം)

ബഹുകാര്യമാണിദ്ദേഹം പറയുന്നത്. ഇവരെന്താണിതിനൊന്നും മറുപടി പറയാത്തത്!

ബ്രാഹ്മണൻ—അതുകൊണ്ട് നിങ്ങൾ എന്റെ ഈ വ്യസനം തീർത്തുതരണം.

അർജ്ജുനൻ—(വിചാരം)

ഇപ്പോഴും ഇവർക്കൊരു ഭാവഭേദമില്ല. എന്തൊരു കഷ്ടമാണിത്!

ബ്രാഹ്മണൻ—

ഒന്നല്ല രണ്ടല്ല കിടാങ്ങൾ ചത്ത-
തെന്നല്ലൽ ചൊല്ലാം മകനെട്ടു ചത്തു;

അരന്നാക്കയും ഞാൻ പറയാറുമുണ്ടു
വൃന്നാക്കയും കാനനരോദനന്താൻ. 24

(കുറച്ചു ദേഷ്യത്തോടുകൂടീട്ടു)

ഞാനാണുഴിക്കെ നാഥൻ വരണമെഴകൊണ്ടെൻ–
കീഴില്ലൂഴീശരെല്ലാം
മാനം കൈവിട്ടു കപ്പം തരണമിനി മുറ–
യ്ക്കുള്ള നാട്ടാരശേഷം
താനേ ഒറാക്കം തരേണം നികുതി പദവി നൊ–
മ്മൾക്കിനികൂട്ടിടേണം
സ്ഥാനത്തേ വിട്ടിവണ്ണം പറയുകിൽ മതിയോ
മന്നനാണെന്നുവച്ചാൽ. 25

ഭുജബുദ്ധികൾതന്റെ ശക്തിയാൽ തൻ–
പ്രജകൾക്കുള്ളൊരു സങ്കടങ്ങളെല്ലാം
നിജധർമ്മമതെന്നുവച്ചു തീർക്കും
ഭുജജന്മാക്കൾ നൃപാലരായിരിക്കും. 26

അല്ലാതെകണ്ടു പ്രജകളുടെ സങ്കടം കേൾക്കാത്ത രാജാക്കന്മാരെ രാജാക്കന്മാരെന്നല്ലാ പറയേണ്ടത്. കള്ളന്മാരെന്നാണ് പറയേണ്ടത്തു.

(ഉഗ്രസേനമഹാരാജാവിനോടു നേരിട്ടു)

അല്ലേ കേൾക്കണമുഗ്രസേനനൃപതേ!
താൻ നാട്ടുകാരോടു നേ–
ടില്ലേ കപ്പമവർക്കു ചെന്നാഴലൊഴി–
പ്പാൻ ഭാരമില്ലേ തവ?

ചൊല്ലേണ്ടും വിഷയം വരുത്തരുതു താൻ
ചെല്ലേണമൊന്നല്ലലാ-
വില്ലേയെന്നൊരു ശങ്കയുള്ളതുമൊഴി-
ക്കേണം പ്രജക്കേററവും. 27

ഉഗ്രസേനൻ—(കേൾക്കാത്ത നാട്യം നടിക്കുന്നു)
അർജ്ജുനൻ—(വിചാരം)

ഈ വിഭോൻ എന്തു രാജാവാണു്? പ്രജകളുടെ സങ്കടം കേൾക്കില്ലെന്നോ? കഷ്ടംതന്നെ.

ബ്രാഹ്മണൻ—(ദ്വേഷ്യത്തോടുകൂടിട്ടു്)

ഞാനീവിധം ബത പറഞ്ഞു കരഞ്ഞതീ വി-
ഭോനെന്തു കേട്ടറിയുവാൻ ചെവിയില്ലയെന്നോ?
താനെന്തു ഭിസ്സു ഹരിയാണിഹ ഭൂമിപാല-
സ്ഥാനത്തു വേണ്ടതു നടത്തിവരുന്നതെല്ലാം. 28

അതുകൊണ്ടു ഭഗവാനോടു പറഞ്ഞോളാം.
(ശ്രീകൃഷ്ണന്റെ നേരേ തിരിഞ്ഞിട്ടു്)

കേൾക്കേണമെന്നുടയ സങ്കടമൊന്നു നേരേ
നോക്കേണമച്യുത! ഭവാൻ കനിവുള്ളിൽവെച്ചു;
തീർക്കേണമീ വലിയ സങ്കടമൊന്നു ഭദ്ര-
മാക്കേണമെന്നുടയ കാര്യവുമാര്യകീർത്തേ! 29

പത്തിരെട്ടു മമ മക്കളൊൻപതാ-
മത്തയാണിതുമിവണ്ണമായിതേ;
ആർത്തിപോക്കുക വിഭോ! നരാധിപൻ-
തീർത്തിടേണ്ടൊരഴലാണിതല്ലയോ. 30

(ശ്രീകൃഷ്ണൻ കേൾക്കാത്ത നാട്യം നടിക്കുന്നു)

അർജ്ജുനൻ—(വിചാരം)

കഷ്ടം! ഭഗവാനുമൊന്നും മിണ്ടുന്നില്ലല്ലോ!

ബ്രാഹ്മണൻ—

കഷ്ടമിങ്ങനെ വിളിച്ചുചൊൽകിലും
കേട്ടിടാതെ മരുവുന്നതെന്തഹോ!
വിഷ്ടപേശ്വരനതായ കണ്ണനും
പൊട്ടിയോ ചെവി കടുപ്പമെത്രയും. 31

അർജ്ജുനൻ—(വിചാരം)

ബ്രാഹ്മണൻ പറയേണ്ടതൊക്കെ പറയുന്നുണ്ട്. ഭഗവാൻ കേൾക്കാത്തപോലെ ഇരിക്കുന്നു. എന്താണിത്? ഭഗവാനായാലും ധർമ്മം തെററി നടക്കാൻ പാടുണ്ടോ? എനിക്കു ബോധിച്ചില്ല. അങ്ങു നേരിട്ടു ചോദിച്ചെങ്കിലോ? വേണ്ട: അവിടേക്ക് അറിയുക വയ്യാത്തതല്ലല്ലോ. എന്തെങ്കിലുമാവട്ടെ. ഞാൻ നേരിട്ടു മറുപടി പറഞ്ഞെങ്കിലോ. വരട്ടെ.

തെററെന്നു വേഷ്ടമൂലം
മററൊരു നൃവരന്റെ നാട്ടിൽ വന്നിട്ടു
തെററുകൾ കണ്ടാൽ തീർപ്പും-
നേരുപിടിച്ചാൽ കണക്കാമോ? 32

ബ്രാഹ്മണൻ—(ബലഭദ്രരോടായിട്ട്)

പല ഭദ്രമൊടൊത്തിടുന്ന സാക്ഷാൽ
ബലഭദ്ര ക്ഷിതിപാലവംശമൌലേ!
നലമോർത്തിഹ സങ്കടം നിവൃത്തി-
ച്ചലമിദ്ദ്വിജനിൽ കനിഞ്ഞിടേണം. 33

(ബലഭദ്രൻ കേൾക്കാത്ത നാട്യം നടിക്കുന്നു)

ബ്രാഹ്മണൻ—(ദേഷ്യത്തോടുകൂടി)

കള്ളുകുടിച്ചും കട്ടും
മെല്ലെട്ട പലരെയുമിടഞ്ഞുടൻ കൊന്നും
തുള്ളിനടക്കുന്നിവരുടെ-
യുള്ളിൽ കേറുന്നതില്ല മമ വചനം. 34

(ശ്രീകൃഷ്ണനോട്)

പതിനാറായിരമെട്ടും
മതിമുഖിമാരുണ്ടു ഭാര്യമാരയി തേ;
അതിലൊക്കെ മക്കൾ പത്തു-
ണ്ടതുകൊണ്ടറിയില്ല സങ്കടം മമ നീ. 35

(എല്ലാവരോടും)

ഈവണ്ണം വളരെപ്പറഞ്ഞിതഴൽ ഞാ,-
നൊട്ടും ഫലം കണ്ടതി-
ല്ലീവകപ്പെട്ടരുമാളുകൾക്ക കൃപയി-
ല്ലെന്നുള്ളതും തീർച്ചയായ്;
പോവുന്നേനിനി; നിങ്ങൾ നിങ്ങടെ സുഖം
നോക്കിസ്സുഖിച്ചീടുവിൻ
പാവപ്പെട്ടൊരു ഞാനുമെൻ ഗൃഹിണിയും
ദുഃഖിച്ചുകൊള്ളേ വരൂ. 37

അർജ്ജുനൻ—(വിചാരം)

ഇങ്ങിനെ ഒക്കെ ഒരു ബ്രാഹ്മണൻ വന്നു പറഞ്ഞിട്ടും ഒരു വ്യത്യാസമുണ്ടായില്ലല്ലോ ഇവക്ക്. ഞാൻ ആശ്വാസി

പ്പിച്ചു നോക്കട്ടെ. ഒരു ക്ഷത്രിയനായിട്ടു് ഇങ്ങിനെ മററൊരുത്തന്റെ സങ്കടം കണ്ടുംകൊണ്ടു ഇരിക്കാൻ പാടില്ല.

ബ്രാഹ്മണൻ—(കുട്ടിയെ എടുത്തുംകൊണ്ടു പോയി)

അർജ്ജുനൻ—ഞാനും പിന്നാലെ ചെല്ലട്ടെ.

(എന്നുപോയി)

ശ്രീകൃഷ്ണൻ—നോക്കാം നേരമായി; പോവുക.

എന്നു് (എല്ലാവരുംപോയി)

രണ്ടാമങ്കം

(അണിയറയിൽ)

അല്ലേ ബ്രാഹ്മണൻ! നില്ക്കൂ; ഞാനൊന്നു പറയട്ടെ.

(അനന്തരം ബ്രാഹ്മണനും അർജ്ജുനനും പ്രവേശിക്കുന്നു)

ബ്രാ—എന്തിനാ വിളിക്കുന്നതു്?

അർജ്ജു—അങ്ങേടെ ഈ സങ്കടം ഞാൻ നിവൃത്തിക്കാം.

ബ്രാ—(പുച്ഛരസത്തോടുകൂടി ചിരിച്ചിട്ടു്)

സാക്ഷാൽ മുകുന്ദൻ ഭഗവാൻ തുടങ്ങീ-
ട്ടിക്ഷോണിയിൽ പെട്ടൊരു യാദവക്കും
രക്ഷിക്കവയ്യാത്തതു നീ ഭരിച്ചാ-
ലാക്ഷേപമാം പാർത്ഥ! തുനിഞ്ഞിടേണ്ട. 37

അർജ്ജു—അങ്ങിനെ വെക്കണ്ടാ. ഭഗവാനു ശക്തിയില്ലെന്നല്ല ഞാൻ പറയുന്നതു്.

വടിവോടിഹ കാര്യമങ്ങു ചെയ്യാൻ
പടുവായോരവനും നിനച്ചിടുമ്പോൾ

നെടിയോരു മിടുക്കുപോക്കിട്ടും വ-
ന്നടിയായെങ്കിലസാദ്ധ്യമാകുമെല്ലാം. 38

എന്നുതന്നെയല്ലാ,

ഉത്സാഹശക്തി തികവായുടയോരവന്നു
ദുസ്സാദ്ധ്യമായുലകിലൊക്കയിലൊന്നുമില്ലാ;
ഇസ്സാഹസത്തിനു തുടങ്ങുകിലും നടത്താൻ
മത്സാരമായ മഹിതോദ്യമമൊന്നു പോരും. 39

അതുകൊണ്ടു ഞാനിതിനുത്സാഹിച്ചുനോക്കട്ടെ.

കേരള സാഹിത്യ അക്കാദമി

ബ്രാ—പുരുഷപ്രയത്നമതുകൊണ്ടു സാദ്ധ്യമാ-
യ്വരുമാപ്രവൃത്തിയതു നീ നടത്തിടും;
പരമൊന്നിതോക്കുകൊരുവന്നു ജീവനെ
ത്തരുവാൻ മിടുക്കു മനുജന്നു കിട്ടുമോ? 40

എന്നുതന്നെയല്ലാ,

പാർത്താലീശ്വരനായിടുന്ന ഭഗവാൻ
ഗോവിന്ദനും കൂടിയി-
ന്നോർത്താൽ പാറകയില്ലിതെന്നു കരുതി-
ക്കൈവിട്ടു കാര്യത്തിൽ നീ
ആത്താടോപമൊരുങ്ങിടായ്കൊരു ഫലം
കിട്ടില്ലതാൻ വിദ്ധിയാം
പാർത്ഥ,ാശ്വാസമതായിനിക്കു തവ സൌ-
ശീല്യത്തിനാൽ തൃപ്തിയായ്. 41

അതുകൊണ്ടീകാര്യത്തിനുത്സാഹിക്കണ്ടു. എന്റെ ത

ലയിലെഴുത്താണെന്നെയുള്ളു. ഈ വ്യസനമൊക്കെ അനുഭവിക്കുന്നത്.

അർജ്ജു—അങ്ങുന്നു ബുദ്ധി ക്ഷയിക്കേണ്ട.

ദൈവത്തിനെയുമിഹ പൌരുഷശക്തിയാലേ
കൈവന്നിടുംപടിയടക്കി വെടിപ്പിനോടെ
ദേവേന്ദ്രപുത്രനിഹ ഞാനതിതീക്ഷ്ണവൻ, ഭൂ-
ദേവേന്ദ്രപുത്രനെയിനിത്തവ കാത്തിടുന്നേൻ. 42

ബ്രാ—അസാദ്ധ്യമായ കാൎയ്യത്തിൽ പുറപ്പെടേണ്ട.

അർജ്ജു—ഉത്സാഹമുള്ള ആളുകൾക്കു അസാദ്ധ്യമായൊന്നുണ്ടോ?

(വിചാരം) ഇദ്ദേഹത്തിനെ ആശ്വസിപ്പിപ്പാൻ കുറച്ചു മേനി പറകയേയുള്ളു.

(സ്പഷ്ടം)

ചാഞ്ചല്യമററഖിലഭൂപർ നിറഞ്ഞിരിക്കും
പാഞ്ചാലഭൂപസഭയിൽ കുലവിൽ കുലച്ചു
ഞാഞ്ചാലവേ ചപലലാക്കു മുറിച്ചു സാക്ഷാൽ
പാഞ്ചാലിയെ വടിവിൽവേട്ടോരു വീരനല്ലോ. 43

അത്രതന്നെയല്ലാ,

കർണ്ണൻ തുടങ്ങിയ മഹാബലമുള്ള ഭൂപ-
രെണ്ണം വെടിഞ്ഞടൽനിലത്തണയുന്നനേരം
തിണ്ണന്നു നല്ല ശരമാരികളാൽ ജയിച്ചു
വിണ്ണോർവരാത്മജനഹം വിരുതോർത്തുനോക്കു. 44

ഇത്രതന്നെ പോരാ,

ഞാനും കണ്ണനുമൊത്തുചേർന്നൊരുദിനം
നായാട്ടിനായ് പോയവാ-
റാനന്ദത്തൊടുമഗ്നിദേവനിരയാ-
യേകീടിനേൻ ഖാണ്ഡവം;
മാനിച്ചന്നു നമുക്കു ദേവനനലൻ
താന്തന്നൊരിഗ്ഗാണ്ഡിവാ-
ഖ്യാനം പൂണ്ടൊരു വില്ലു കാണ്കിതപരൻ
പൊക്കാനുമാളാകുമോ? 45

പിന്നെ

ഞാനൊറ്റയ്ക്കു തപസ്സുചെയ്തു ശിവനെ-
ച്ചാഞ്ചല്യമറ്റോരു നൽ-
ധ്യാനത്താൽ വശനാക്കി വേടവടിവാ-
യ്പൂന്നീടുമദ്ദേവനെ
ഊനം വിട്ടു പടക്കളത്തിലറികി-
ഗ്ഗാണ്ഡീവമാം വില്ലിനാൽ
താനേ തല്ലിയൊതുക്കി വേണ്ടൊരു വരം
വാങ്ങിച്ചോരാളല്ലയോ? 46

വിണ്ണോർനായകനായിടുന്ന ജനക-
ന്നാവശ്യമായിട്ടു ഞാൻ
തിണ്ണം ചെന്നിഹ കാലകേയമുഖരാം
ദൈതേയരെക്കൊന്നതും
പൊണ്ണത്തം പെരുകും നിവാതകവച-
പ്രധ്വംസവും വിണ്ണവ-
പ്പെണ്ണുങ്ങൾക്കൊരു പാട്ടതായതു ധരാ-
ദേവൻ ധരിക്കാത്തതോ? 47

ഇങ്ങിനെ പലവക വീര്യം
തിങ്ങിന ഞാൻ ക്ഷിതിസുരേന്ദ്ര! നിന്മകനെ
ഭംഗിനടിച്ചുരചെയ്ത-
ല്ലെങ്ങിനെയെന്നാലുമിങ്ങു കാത്തിടുവൻ. 48

കഴിഞ്ഞതു കഴിഞ്ഞില്ലേ. ഇനി ഒരു പുത്രനുണ്ടാവാൻ സംഗതിവന്നാൽ ആ പുത്രനെ ജീവനോടുകൂടി തന്നേക്കാം; നിശ്ചയംതന്നെ.

ബ്രാ—(വിചാരം)

ബലവീര്യമെഴുന്ന പാർത്ഥനേവം
പല ശൌര്യം പറയുന്നകേട്ടിടുമ്പോൾ
വലിയോരഴൽനീറ്റിലാണ്ടു ചിത്ത-
ത്തലയൊന്നിത്തിരിപൊങ്ങിയാശ്വസിപ്പൻ. 49

എങ്കിലും എനിക്കു വിശ്വാസമാവുന്നില്ല. വല്ലെങ്കിലും ഇദ്ദേഹം ഇനി ഉണ്ടാവുന്ന പുത്രനെ രക്ഷിച്ചാലായി. ഇല്ലെങ്കിൽ ഇപ്പഴത്തെപ്പോലെ വ്യസനിക്കാം അത്രെ ഉള്ളു. അതിലധികം ഒന്നും വരില്ലല്ലോ.

(സ്പഷ്ടമായിട്ട്)

ആട്ടെ! അങ്ങെക്കത്ര ഉറപ്പുണ്ടെങ്കിൽ സത്യം ചെയ്യാമോ?

അർജ്ജു—ഓഹോ. ധാരാളം.

ബ്രാ—എന്നാൽ രക്ഷിച്ചുതരാം എന്നു സത്യംചെയ്യു.

അർജ്ജു—(ഗാണ്ഡീവം വില്ലു കയ്യിൽ പിടിച്ചുംകൊണ്ട്)

ഖാണ്ഡവം ജ്വലനനേകി വാങ്ങിയാ-
ഗ്ഗാണ്ഡീവാഖ്യവരചാപമാണു, ഞാൻ

തിണ്ണമങ്ങയുടെ പുത്രനെത്തരാം
ദണ്ഡപാണി ബത കൊണ്ടുപോകിലും. 50

അത്രതന്നെയല്ല,

ധർമ്മൻതാനാണ് സാക്ഷാൽ പുകൾപെരുകിടുമെ-
ന്നമ്മയാണച്ഛനാണാ-
സ്സൗമ്യശ്രീധർമ്മജാതൻ മമ ഗുരുവരനാ-
ണഗ്രജാം ഭീമനാണ്
ചെമ്മേ മാദ്രേയരാണെൻപ്രിയമഹിഷിയതാം
ദ്രൗപദിദേവിയാണെൻ-
ബ്രഹ്മൻ! നിൻപുത്രനേ നൽകുവനത്ര നിയത-
ന്തന്നെ ഞാന്തന്നെയാണ്. 51

ചൊല്ലൊത്ത നിൻതനയനെത്തരുവൻ തരത്തിൽ
സർവ്വാസ്ത്രദേവതകളാണതു സത്യമാണ്;
ദിവ്യപ്രഭാവമിയലുന്നൊരു നാഥനായി-
ബ്ഭൃത്യതയാർന്ന ഭഗവാൻ മുരവൈരിയാണ്. 52

എന്നല്ല, കേൾക്കണമിതും തവ പുത്രനേ ഞാൻ
തന്നില്ലയെങ്കിലെരിയുന്നൊരു തീയ്യതന്നിൽ
അന്നല്ലൽവിട്ടു മമ ഗാണ്ഡീവമോടുകൂടി-
ത്താന്നല്ലവണ്ണമഴകോടഥ ചാടുവൻ ഞാൻ. 53

ബ്രാ—(വിചാരം)

ഓ. സത്യം ബഹുസാഹസംതന്നെ. ഇത്രയും ഞാൻ വിചാരിച്ചില്ല. ഇങ്ങനെ വേണ്ടായിരുന്നു. ആട്ടെ ഇത്ര

ഉറച്ചു പറയുന്നതുകൊണ്ടു് ഈ വിദ്വാൻ രക്ഷിച്ചുതരുമെന്നു നിശ്ചയിക്കാം.

(സന്തോഷത്തോടുകൂടീട്ടു പ്രകാശം)

എന്നാലിനിക്കു സുഖമായ്ത്തവ പാർത്ഥ! മേലിൽ
നന്നായ്വരും; ഗൃഹണിതന്നുടെ ഗർഭകാലം
വന്നാൽ ഭവാനറിവുതന്നിടുവൻ മുറയ്ക്കു-
ളന്നാളിൽ വേണ്ട ഭുജവീര്യമെടുത്തുകൊൾക. 54

അർജ്ജു—അങ്ങിനെതന്നെ.

ബ്രാ—അങ്ങേയ്ക്കെത്രദിവസമുണ്ടിദ്വാരകയിൽ താമസം?

അർജ്ജു—

അത്യാദരേണ ഹരിയൊത്തുടനെത്രകാലം
പാർത്താലുമില്ല പരിതൃപ്തി മനസ്സിനെന്നാൽ
എത്താശ്ശയാൽ ചിലദിനം പിരിയേണ്ടതായ
കൃത്യം വരുമ്പൊഴകലേണ്ടിവരുന്നതാണ്. 55

അതുകൊണ്ടു ജ്യേഷ്ഠനും മററും വിശേഷമൊന്നുമില്ലെങ്കിൽ മൂന്നുനാലുസംവത്സരം ശേഷവാന്റെകൂടെ താമസിപ്പാനൊരുങ്ങീട്ടാണ് പുറപ്പെട്ടിരിക്കുന്നത്.

ബ്രാ—എന്നാൽ നന്നായി. ഇതിന്നിടയിൽ ഗർഭമായാൽ ഹസ്തിനപുരത്തേക്കു വരേണ്ടല്ലോ.

അർജ്ജു—അതുവേണ്ട.

ബ്രാ—(നേരം നോക്കീട്ടു)

നേരം മദ്ധ്യാഹ്നമായീ നെടിയൊരു കരജാ-
ലങ്ങൾ പാരിൽപ്പരത്തി
നൈസർഗ്ഗം വ്യോമാന്തരത്തിൻനടുവിലിനനിതാ
നിന്നു ശോഭിച്ചിടുന്നു;

ആരോമൽപങ്കജൌഘം പരിചിനൊടു വിടർ-
ന്നിട്ടു സൂര്യന്റനേരേ
നീരോളം തട്ടിയാടീടിലുമഭിമുഖമായ്-
ത്തന്നെ നിൽക്കുന്നതാനും. 56

അർജ്ജു—ശരിയാണ്.

ആകാശമാകുമൊരു ഘോരവനാന്തരാള-
മാകുന്നതിൽ കനലെരിഞ്ഞിടുമെന്നപോലെ
ആകെപ്പടർന്നു വിലസുന്ന രവിപ്രകാശം
മാഴ്കുന്നു വണ്ടുകൾ സരോജമതിൽക്കിടന്നു. 57

ബ്രാ—എന്നാൽ ഞാൻ മാദ്ധ്യാഹ്നികത്തിനു പോകട്ടെ. ഈ കാര്യം അമാന്തമാക്കില്ലല്ലോ.

അർജ്ജു—അമാന്തമാകുന്നതാണെങ്കിൽ ഞാൻ മുമ്പിൽത്തന്നെ ഏറ്റു പറകയില്ലല്ലോ.

ബ്രാഹ്മ—നന്നായ്വരും ഭവാനിനി-
യെന്നാൽ പോട്ടേ, മുറയ്ക്കു വിവരങ്ങൾ
തനിക്കു ഗർഭമായാ-
ലന്നാക്കയുമറിവു തന്നീടണം. 58

അർജ്ജു—അങ്ങിനെയാവട്ടെ.

(ബ്രാഹ്മണൻ പോയി)

അർജ്ജു—ഞാനും ഭഗവാൻ ശ്രീകൃഷ്ണന്റെ ഭവനത്തിലേക്കു പോകുന്നു.

(എന്നു പുറത്തിനടന്നിട്ട്)

പ്രാസാദത്തിനു നാലുവട്ടവുമഹോ
പൊക്കത്തോടും പന്തലി-
ട്ടാസ്വാദിച്ചിട്ടുമാംകളൂർത്ത പൊരുകാ-
റേറ റരുള്ള സൌഖ്യത്തോടും
ശ്രീസൌഭാഗ്യഫലക്കുഴമ്പു ഭഗവാൻ
ഗോവിന്ദനെന്നോ കൃതാ-
ശ്വാസം നോക്കി രസിച്ചുകൊണ്ടു മരുവീ-
ട്ടുന്നുണ്ടു സൌധസ്ഥലേ. ൫൯

അതുകൊണ്ട് അടുത്തുചെല്ലുകതന്നെ.

(എന്നു പോയി)

(മൂന്നാമങ്കം)

(അനന്തരം രണ്ടു വൃഷളികൾ പ്രവേശിക്കുന്നു)

ഒന്നാമത്തവൾ—എടി നാരായണി! തിരുമനസ്സുകൊണ്ട് അന്ന് ആ മരിച്ച കുട്ടിയേയുംകൊണ്ടു യാദവസഭയിലേക്കു പോയിട്ടെന്താണ് പിന്നത്തെ കഥ?

രണ്ടാമത്തവൾ—എന്താ കഥയെന്നു ചോദിപ്പാനുണ്ടോ പാർവതി? അങ്ങിനെതന്നെ ഇങ്ങോട്ടു പോന്നു.

ഒ—ൾ—തമ്പുരാക്കന്മാരുമൊന്നും പറഞ്ഞില്ലെന്നോ ഈ സങ്കടം തീർക്കാൻ.

രണ്ടാ—ൾ—ഒന്നുമില്ല. കേൾക്കാത്തപോലെ ഇരുന്നു അത്രേ ഉള്ളൂ എന്നാണ് പറയുന്നതു കേട്ടത്.

ഒ—ൾ—പോയിട്ടൊരു ഫലമുണ്ടായില്ലെന്നോ?

രണ്ടാ—ൾ—കുറച്ചൊക്കെ ആശ്വാസമുണ്ടായേ.

ഒ—ൾ—എന്താണത്?

രണ്ടാ—ൾ—തമ്പുരാക്കന്മാരുമൊന്നും പറഞ്ഞില്ലെങ്കിലും കൌരവരാജാവ് അർജ്ജുനൻ ഇനിയുണ്ടാവുന്ന കുട്ടിയെ ഞാൻ രക്ഷിച്ചോളാമെന്നു പറഞ്ഞ് അദ്ദേഹത്തിനെ ആശ്വസിപ്പിച്ചു. അതു കേട്ട് കുറച്ചാശ്വാസത്തോടു കൂടി അവിടന്നിങ്ങോട്ടു പോന്നു.

ഒ—ൾ—ആട്ടെ! ഇപ്പോൾ കുഞ്ഞാത്തോലക്ക ഗർഭമുണ്ടോ?

രണ്ടാ—ൾ—ഗർഭമുണ്ടോ എന്നോ! പത്തു തികഞ്ഞു. നീയറിഞ്ഞില്ലേ?

ഒ—ൾ—ഞാനെങ്ങിനേയാണറിയണത്? എന്റെ ഭർത്താവു വിദർഭരാജ്യത്തേക്ക പോയപ്പോൾ കൂടെ അങ്ങോട്ടു പോയിട്ടുണ്ടായിരുന്നില്ലേ? മിനിഞ്ഞാന്നേ വന്നുള്ളു. എന്നാൽ ഇനിക്കൊന്നു കുഞ്ഞാത്തോലെ കാണണമെല്ലോ.

രണ്ടാ—ൾ—എന്നാൽ നമുക്കങ്ങോട്ടു പോവുക. (പുറനടന്നു നോക്കീട്ട്) ഇതാ അവിടുന്ന് എഴുന്നെള്ളിയിരിക്കുന്നു.

ഒ—ൾ—അല്ലാ! തിരുമനസ്സുകൊണ്ടുമുണ്ടടുക്കെ. നോക്കിപ്പോൾ കാണാൻ തരാവില്ല. പോവുകതന്നെ.

(രണ്ടാളും പോയി)

പ്രവേശകം കഴിഞ്ഞു.

(അനന്തരം ബ്രാഹ്മണനും ഭാൎയ്യയും പ്രവേശിക്കുന്നു)

ഭാൎയ്യ—

നാട്ടിൽപ്പെണ്ണുങ്ങളായാൽ നല്ലമൊടൊരുവിധം
ഗർഭമാർന്നുവെച്ചാ-
ലൊട്ടപ്പോൾ പ്രീതിയാകും, പ്രസവമതു കഴി-
ഞ്ഞീടിലാനന്ദമേറും,
കുട്ടിപ്രായത്തിലുള്ളാത്തനയരെയധികം-
വെച്ചു ലാളിച്ചുകൊണ്ടി-
ട്ടിഷ്ടപ്രാപ്തിക്കു സമ്പൂർത്തിയുമിഹ വരുമേ
നാൾക്കുനാൾക്കേറിയേറി. 60

നമുക്കങ്ങിനെയല്ലാ,

ഗർഭമോവുകിലുദിക്കുമെന്നാലും
ഖായ് പുക്കുടിവരുമേ ദിനംപ്രതി
കെല്പോടങ്ങൊരുവിധം പെറുന്നനാ-
ളുൾപ്പെട്ടന്നൊരഴൽ പൂർണ്ണമായ്വരും. 61

മക്കളെ ലാളിച്ചിട്ടു-
ണ്ടുൾക്കളമതിലേന്തിടുന്ന സന്തോഷം
ഇക്കണ്ടവൎക്കു കിട്ടി-
ല്ലുൾക്കൊണ്ടു വിഷാദമാകുമന്നൊക്കെ. 62

ബ്രാ—എങ്കിലും വ്യസനിക്കണ്ടാ. ഇപ്പോഴുണ്ടാകുന്ന കുട്ടിയെ രക്ഷിക്കാമെന്നർജ്ജുനൻ സത്യം ചെയ്തിട്ടുണ്ടെന്നു ഞാൻ പറഞ്ഞില്ലേ?

വീര്യംപെടുന്ന സുരനായകപുത്രനന്നാ-
ക്കാര്യം വെടിപ്പോടു നടത്തിടുമില്ല വാദം

ഭാഗ്യേ! നമുക്കു സുഖമാമിനിയർജ്ജുനൻ ഭോ-
ഷ്മീശ്വരനൊക്കെ തരുമീമകനേ മനോജ്ഞേ! 63

രാജ്ഞി—(ദീർഘശ്വാസമിട്ടിട്ട) ഉസ്സ്! എങ്കിലും ഇനിക്ക വിശ്വാസം വരുന്നില്ല. ശ്രീകൃഷ്ണാദികളും മററും വിചാരിച്ചിട്ട് അസാദ്ധ്യമാണെന്നു കയ്യൊഴിച്ച കാര്യം ഈ അർജ്ജുനൻ വിചാരിച്ചാൽ നേരെയാക്കാൻ കഴിയുമോ?

ബ്രാ—ഇതു ഞാനും ശങ്കിച്ചു. എന്നിട്ടു ഞാൻ ചോദിക്കയും ചെയ്തു.

പ്രദ്യുമ്നനേററമറിവുള്ളനിരുദ്ധനന്യ-
ന്നോദ്യോഗശാലി ബലനബ്ഭഗവാൻ മുകുന്ദൻ
ദുർദ്ദൈവമോർത്തിവരൊഴിപ്പൊരു കാര്യമങ്ങു-
മദ്ദേവരാജസുതനീശ്ശു നടത്തുമെന്നോ? 64

എന്ന് അപ്പോൾ അദ്ദേഹം പറഞ്ഞു:—

പ്രദ്യുമ്നനല്ലി,യനിരുദ്ധനുമല്ല, സാക്ഷാൽ
മദ്യപ്രിയൻ ബലനുമല്ല, മുകുന്ദനല്ല,
ഇദ്ദേഹമക്കൊടിയ ഗാണ്ഡിവവില്ലെടുക്കു-
മുദ്യോഗമേറിയൊരു പാർത്ഥനതോർത്തുകൊൾക. 65

എന്ന്—

രാജ്ഞി—അർജ്ജുനൻ വിചാരിച്ചാൽ കഴിയുമായിരിക്കും. എങ്കിലും അത്ര മനസ്സുവച്ചുത്സാഹിക്കുമോ?

ബ്രാ—അയ്യോ നീയ്യിശ്ശങ്ക ശങ്കിച്ചിടൊല്ലേ
പൊയ്യോതീടുന്നാളതല്ലർജ്ജുനൻ കേൾ;

കയ്യാൽ ചെന്നിക്കാര്യമൊപ്പിച്ചിടാഞ്ഞാൽ
തിയ്യിൽ ചാടാമെന്നൊരാസ്സത്യമില്ലേ? 66

ഭാര്യ—അതുവ്വ്.

ബ്രാ—അത്ര ഉറപ്പിച്ചു പറഞ്ഞതുകൊണ്ടു കാര്യം സാധിക്കു മെന്നുതന്നെ ഉറച്ചോളു. അമാനുഷമായ വല്ലതെ കാര്യം ചെയ്യിട്ടുള്ളാളാണ് അർജ്ജുനൻ.

ദൈത്യൗഘം ബലമാർന്നെഴുന്നസുരരാ-
മക്കാലകേയാദിയാം
ദൈതൽപ്പൊന്മറിമാൻകുലത്തിലധികം
‘ശാർദ്ദൂലവിക്രീഡിതം’

ചെയ്യോരത്ഭുതശക്തിയുള്ള വിജയ-
ന്നിക്കാര്യവും സാദ്ധ്യമാം;-
മേലും ശങ്കനിനച്ചിടേണ്ട, സുഖമാം
കാന്തേ! നിനക്കിന്നിമേൽ. 67

ഭാര്യ—ഇനിക്കൊരു കുട്ടിയേയെങ്കിലും ജീവനോടുകൂടി വളർത്താൻ കിട്ടിയാലത്തെ സന്തോഷം പറയാനില്ല.

മടിനടുവിൽ വഹിച്ചും, മാനമോടുമ്മവെച്ചും,
പൊടിചളികൾ തുടച്ചും, പുഞ്ചിരിക്കായ്ക്കൊതിച്ചും,
ഇടയിലിഹ കരഞ്ഞാൽ കണ്ണുനീർതാൻ തുടച്ചും
വടിവിനൊടു വളർത്തും സൌഖ്യമെന്തോതിടേണ്ടു? 68

ബ്രാ—ശരിയാണ്.

ബാല്യത്തിലങ്ങുപനയാദി കഴിഞ്ഞവൻ ചാ-
ഞ്ചല്യം പറഞ്ഞൊരുപദേശഗിരാ കളഞ്ഞു

കേരള സാഹിത്യ അക്കാദമി

ചൊല്ലാർന്നിട്ടന്നൊരറിവേററിയ പുത്രനെക്ക-
ണ്ടുല്ലാസമാർന്നിട്ടവതിന്നതികൌതുകം മേ. 69

മററുള്ളോരുടെ മക്കളേയുമവർതാൻ
വിദ്യാർത്ഥമെന്നന്തികേ
തൊററന്നേകിന നൽകിലായവരിലും
വാത്സല്യമുണ്ടേറെ മേ
മുററം നമ്മുടെ പുത്രനാകിലവനെ-
ശ്ശാസ്ത്രം പഠിപ്പിക്കുകിൽ
പാരം നിസ്തുലമോദമായതിതുകൊ-
ണ്ടൂഹിച്ച മോഹിച്ച ഞാൻ. 70

ഭാര്യ—പ്രായം തികഞ്ഞു തനയന്നു വിവേകസാര-
മായിത്തെളിഞ്ഞു നവയൌവനഭംഗികൂടി
ജായാസമേതമവനേയൊരു നോക്കു നോക്കാൻ
മായാവിഹാരി ഭഗവാൻ തരമാക്കിടട്ടേ. 71

ബ്രാ—മഹനുടെ മഹനന്നാശന-
മഹമതിലാവിപ്രഭോജനാദികളിൽ
അഹമാദ്യവസാനമതായ
മഹിമകൾ കാണുന്നതെന്നാണ്ടേ! 72

ഭാര്യ—ഓ!

പാരം ക്ഷീണതയുണ്ടിനിക്കു വയറു-
ണ്ടേററം ചലിക്കുന്നതി-
ന്നേരം മാതിരി മാറിടുന്നിതു വയ-
ററാട്ടിക്ക്യാരാളോടണം;

ഞാൻ പ്രസവിക്കാനുള്ള അകത്തേക്ക പോകട്ടെ.

(എന്നു പോയി)

ബ്രാ—ഓരോന്നിങ്ങിനെ ചൊല്ലിനിൽക്കിലിനിമേൽ
കാൎയ്യം കണക്കല്ല ഭോ—
സ്സാരം പൂണ്ടൊരു പാൎത്ഥനോടിതറിയി—
ക്കട്ടെ നടക്കട്ടെ ഞാൻ. 73

(എന്നു പുറത്തിനടന്നിട്ടു്) ഇതാ അൎജ്ജുനനെ കാണുന്നു. എന്നുതന്നേയല്ല,

ഏറ്റം കൎണ്ണകഠോരമാകിയവിധം
ഗാണ്ഡീവചാപം കല—
ച്ചേറ്റംപൂണ്ടു വലിച്ചിടുന്നു വിജയൻ
വില്ലാളിവീരൻ പരൻ

(നാലുപുറത്തും നോക്കീട്ടു്)

തെറ്റന്നെന്തൊരു വിദ്യയാണിതിവിടെ—
സ്സൂൎയ്യപ്രഭാജാലവും
പാറന്നില്ല നിറഞ്ഞിടുന്നു നിരവേ
കൂരമ്പടങ്ങളിതേ. 74

ശരി—അൎജ്ജുനന്റെ വിദ്യയാണ.

അന്തകനുംകൂടിയിതി—
ന്നന്തികമതിലേക്കണഞ്ഞുവെന്നാകിൽ
ഹന്ത വിജയാസ്ത്രമേററ നി—
രന്തരമംഗം മുറിഞ്ഞു മൃതനാകും. 75

ഈ അർജ്ജുനനെത്തന്നെയാണ് പ്രസവകാലമായെന്നറിഞ്ഞിവിടെ വന്നത്. ഇദ്ദേഹത്തിന്നു ദിവ്യചക്ഷുസ്സുണ്ടോ? (വിചാരിച്ചിട്ട്) ശരി. ഞാൻ പറഞ്ഞിട്ടുതന്നെയാണ്.

നിത്യവും ഗൃഹിണിതൻ ചരിത്രമ-
പ്പാർത്ഥനോടു പറയാറുമുണ്ടു ഞാൻ;
പേർത്തു പത്തുദിനമായി; മൽഗൃഹേ
പാർത്തുപോന്നിട്ടുമുണ്ടു കാത്തിവൻ. 76

അതിപ്പരിഭ്രമത്തിൽ ഞാൻ അന്ധാളിച്ചു.

(അനന്തരം പറഞ്ഞപോലെ അർജ്ജുനൻ പ്രവേശിക്കുന്നു)

ബ്രാ—(അർജ്ജുനന്റെ അടുക്കെ ചെന്നിട്ട്)

വരട്ടേ ചൊല്ലട്ടേ വടിവൊടിതു ഞാൻ നന്ന കരുതാ-
ട്ടാരിഷ്ടം ചെയ്യേണം യമനെയുമയയ്ക്കൊല്ലിതിനകം;
ഗരിഷ്ഠന്മാർ കൂപ്പും ഗുണമുടയ വില്ലാളിനിരതൻ
വരിഷ്ഠൻ നീ മാനത്തൊടു സുകൃതവും നേടുക സഖേ!

അർജ്ജു—

ചൊല്ലേറുമേറിടുന്ന ദിഗധീശരുമാരുമിന്നു
നോക്കേണ്ട ചൊല്ലേഴുമെതിർശ്ശരപഞ്ജരത്തിൽ
ഉൾക്കൊണ്ടു നിൻതനയനുള്ളൊരു ജീവിതത്തെ-
ക്കയ്ക്കൊണ്ടിടാൻ പരമിവർക്കു മിടുക്കു പോരാ. 78

(അണിയറയിൽ)

അയ്യോ വപുസ്സു തളരുന്നിതിടയ്ക്കിടയ്ക്കു
മയ്യോ നമുക്കു പല നോവുകളും വന്നിടുന്നു;

ബ്രാ—ഒ! നല്ലവണ്ണം മനസ്സിരുത്തിയിരിക്കണേ.

(അണിയറയിൽ)

അസ്ഥിവിധം പിടയൊലാ കുടലേററമുണ്ടാം
പയ്യുന്ന ദുർഘടമതാമതുമോർമ്മവേണേ! 79

അർജ്ജു—(ശരപഞ്ജരത്തിന്റെ ഉള്ളിൽ ഒന്നുംകൂടി ശരപഞ്ജരം കെട്ടീട്ട്)

ബ്രഹ്മജ്ഞനായിട്ടുമിളാസുരനുള്ള പുത്ര-
ന്നമ്മാതിരിക്കൊരു കുഴക്കു ഭവിച്ചിടായ്വാൻ
ബ്രഹ്മാസ്ത്രമന്ത്രമതുകൊണ്ടിഹ കെട്ടിടട്ടേ
നിർമ്മായമിന്നപജയങ്ങളകന്നിടട്ടേ. 80

കേരള സാഹിത്യ അക്കാദമി

(എന്നു ധ്യാനം നടിക്കുന്നു)

ബ്രാ—(പരിഭ്രമിച്ചു വയറുതിരുമ്മിക്കൊണ്ട്)
എന്താണാവോ കഥ? അകത്തെന്തെല്ലാമാണാവോ?

(പിന്നയും അണിയറയിൽ)

നേരംനോക്കുകെ ബാലകനുടെ ശിരോ-
ഭാഗം പുറത്തായിയി-
ന്നേരം ഹന്ത പുറത്തുപോന്നിതു കിടാ-
വാണാണറിഞ്ഞേനഹം;

എന്ന്.

ബ്രാ—ഇനിയാണ് നല്ലവണ്ണം രക്ഷിക്കേണ്ടത്. താഴത്തു വീണാൽ ജീവനുണ്ടാവാറില്ല കുട്ടിക്ക്.

അർജ്ജു—ഒന്നുംകൂടി ശസ്ത്രബന്ധം ചെയ്യുന്നു.

(പിന്നെയുമണിയറയിൽ)

സൈരം നന്ന കരഞ്ഞിട്ടിന്നിതു കിടാവ്-

ബ്രാ—(സന്തോഷിക്കുന്നു)

(പിന്നയും അണിയറയിൽ)

അയ്യോ മഹാദുർഘട-

ക്കാരൻ നിർഘൃണനാണു ദൈവമുടലോ-

ടെകുട്ടി മേല്പോട്ടു പോയ. 81

ബ്രാ—അയ്യയ്യോ! എന്റെ അർജ്ജുന! രക്ഷിക്കണെ രക്ഷിക്കണെ.

അർജ്ജു—(ദ്വേഷ്യത്തോടുകൂടി) എടാ കള്ളാ! നില്ലുനില്ലു്.

സാക്ഷാൽ ശ്രീപരമേശ്വരൻ സകലലോ-

കേശൻ സുരാധീശ്വരൻ

ലക്ഷ്മീവല്ലഭനായ കണ്ണനമലൻ

ദ്രോണൻ കൃപൻ ഭീഷ്മർതാൻ

ദാക്ഷിണ്യത്തൊടിനിഞ്ഞു താനിവരു ത-

ന്നോരാമഹാസ്ത്രങ്ങളെ

യ്യൂഠംക്ഷോഭംപെടുമാറ നിന്നെയിവിടെ-

ത്താഴത്തു വീഴ്ത്തീടുവൻ. 82

എന്നു്-(സകലദിവ്യാസ്ത്രങ്ങളേയും പ്രയോഗിക്കുന്നു)

(അണിയറയിൽ)

കുതികുത്തിമറിഞ്ഞു ബാണജാലം

ധൃതിയോർത്തർജ്ജുനനെയ്തിടുന്നതെല്ലാം

അതിനിഷ്ഫലമായി ബാലരിലൊന്നാ-
ണ്ടിത പോയി വിധിതാനദൃശ്യ 83

അർജ്ജു—(വിഷാദത്തോടുകൂടീട്ട് വിചാരം

പരമേശ്വരനിന്ദ്രജനെൻ മുകുന്ദൻ
പരമീയെൻഗുരുനാഥർ തന്നതായി
ശരമുള്ളതു നിഷ്ഫലീകരിപ്പി-
ച്ചൊരു മാഹാത്മ്യമെഴുന്നതാരു പാരിൽ! 84

(നാലുപുറത്തും നോക്കീട്ട്) ആരേയും കാണാനില്ല; എന്തു കാട്ടാം.

സത്യം നിഷ്ഫലമായിടട്ടെ,യഭിമാനം
വേണ്ട പോട്ടേ, നമുക്കെ-
ത്താതുള്ളൊരു കാര്യമായ്വരികിലും
മറെറാന്നു കൊണ്ടിങ്ങൽ മേൽ
പൃത്ഥ്വീദേവനോടേററമേററ പറയു-
ന്നെൻ വാക്കുകേട്ടായവ-
നൽത്താരിങ്കലുദിച്ച മോദമഴലായ്
ത്തീർന്നെന്നു മാഴ്കുന്നു ഞാൻ. 85

ഇനി എന്താണ് വേണ്ടത്? ഇതുകൊണ്ടൊഴിക്കവയ്യാ.

സർവ്വലോകമരണത്തിനീശനായ-
സ്സർവ്വധർമ്മപതിയാകുമന്തകൻ
ചൊവ്വൊടൊത്തരുളിടുന്ന ദിക്കിലും
ദിവ്യശക്തിയൊടു പോയി നോക്കണം. 86

എന്നാൽ കാലൻ ജൃഢിമോശാലിനിസ്സായ്-
ത്തന്നീലിന്നീബ്ബാലനേയെന്നിരിക്കിൽ
വന്നാൽ വന്നു കാലകാലൻെറ ശിഷ്യൻ
കൊന്നേ പോരൂ കാലനേക്കമ്പമെന്ന്യേ. 87

അന്തകപുരിയതിലില്ലീ-
യന്തണനുടെ പുത്രനെന്നു യമഗീതി
ഞാനതിനമൊട്ടു കേട്ടെന്നാ-
ലെന്തിനു ജവമൊട്ടു തിരിക്കമെച്ചിടുന്നു. 88

ഇന്ദ്രലോകമൊട്ടു ചന്ദ്രലോകവും
പിന്നെയുള്ള സുരവയ്യലോകവും
ഒന്നുമിന്നിടവിടാതെ ഞാൻ തിര-
ഞ്ഞെന്നിയേ തിരിയെ വന്നിടാ ദൃഢം. 89

ബ്രാ—(അർജ്ജുനൻെറ നേരെ നോക്കീട്ട) എന്താവേണ്ടത്
അർജ്ജുനനു് അങ്ങു വിചാരിച്ചിട്ടും എൻെറ മക
നെ കൊണ്ടുതരാൻ കഴിഞ്ഞില്ല അല്ലേ.

അജ്ജു—(തൊഴുതുംകൊണ്ടു) കുറച്ചുനേരവുംകൂടെ അങ്ങു ക്ഷ
മിക്കണം.

ഉടനീയുലകാകവേ തിരഞ്ഞി-
പ്പൊട്ടുവേഗത്തൊട്ടു ദിവ്യവിദ്യകൊണ്ടു
സ്സുടമാശ്ശിശുവേത്തിരഞ്ഞെടുത്തൽ-
ക്കടവേഗം വരുവാനനുജ്ഞചെയ്ക. 90

ബ്രാ—എന്നാലങ്ങിനെയാട്ടെ. കിട്ടുമെന്നു തോന്നീല. അ

ത്രയുണ്ടെന്റെ തലയിലെഴുത്തിന്റെ ദോഷം. ഞാൻ ഭാര്യയെ ചെന്നു സമാധാനപ്പെടുത്തട്ടെ.

അർജ്ജു—ഞാനും വേഗം പോയി കൊണ്ടുവരട്ടെ.

(എന്ന് എല്ലാവരും പോയി)

നാലാമങ്കം

(അനന്തരം യമധർമ്മരാജാവും നാരദനും പ്രവേശിക്കുന്നു)

നാരദൻ—എന്നിട്ടോ.

യമൻ—ഇവിടെയില്ല മഹീസുരപുത്രനീ
വിവരമൊക്കെയുരച്ചു തിരിച്ചു ഞാൻ;
അവികലം പരിശോധനചെയ്യുവാൻ
ജവമൊടർജ്ജുനനേകിയനുജ്ഞയും. 91

പുണ്യംചെയ്യുവർ പാർത്തിടും പുരകളും
കോപിച്ചു പാപിഷ്ഠരിൽ
ദണ്ഡംചെയ്യുവരുന്ന വൻനരകവും
കാണിച്ചിതെല്ലാടവും
വിണ്ണോർനായകപുത്രനില്ലിവിടെയായ
ഭൂദേവനള്ളുണ്ണിയീ-
വണ്ണം തീർച്ചവരുത്തിവിട്ടു; വിജയൻ
പോയാൻ സുരേന്ദ്രാലയം. 92

സർവ്വസുരാലയമൊക്കെ
സുർവ്വരപുത്രൻ തിരഞ്ഞു, കണ്ടില്ല;

ചൊവ്വോടു ഭൂപാത്മാളവു-
മവ്യാജം പോയ്ത്തിരഞ്ഞിതവനത്രേ. 9

അവിടെയൊന്നും കാണാഞ്ഞിട്ടു തിരിച്ചുവന്നു ബ്രാഹ്മണന്റെ അടുക്കലേക്കു ചെന്നു എന്നാണ് അർജ്ജുനന്റെ കൂടെ അയച്ചിരുന്ന കിങ്കരന്മാർ പറഞ്ഞതു്.

നാരദൻ—എന്തൊരു വിദ്യയാണ്? നിങ്ങളുടെ ആരുടേയും അധീനത്തിലില്ലാതെകണ്ടു മരിച്ചു ആൾ വല്ലേടിക്കിലും പോകുമോ?

യമൻ—എനിക്കു തോന്നുന്നതു ഞങ്ങളെല്ലാം
ജനിക്കുവാൻ കാരണമാദിദേവൻ
അനല്പശീലൻ വിഭു വിഷ്ണു താനേ
നിനയ്ക്കിലല്ലാതിതു കിട്ടുകില്ല.

എന്നാണ്.

നാരദൻ—അങ്ങിനെ വരാം. ഭഗവാൻ തന്റെ ഒരു കലയായ അർജ്ജുനനു ഭൂലോകവാസംകൊണ്ടുണ്ടായ അഭിമാനാദിദോഷങ്ങളെ കളയുവാനും, കീർത്തി കളയുവാനുമായി ചെയ്ത കൌശലമായിരിക്കണം.

യമൻ—അങ്ങിനെതന്നെ വരാനേ സംഗതിയുള്ളു. അതുകൊണ്ടല്ലേ ഈ ബ്രാഹ്മണപുത്രന്മാർ മരിക്കുന്നതു കേട്ടിട്ട് ഒരു പരിഹാരംചെയ്യാതെ മായാമനുഷ്യനായ ഭഗവാൻ ശ്രീകൃഷ്ണൻ മിണ്ടാതെ ഇരുന്നതു്.

നാരദൻ—ഇനി അർജ്ജുനന് അഭിമാനാദിദോഷങ്ങളൊക്കെ തീർന്നു വളരെ ഗുണം വരുന്നതിന്ന് അ

നുകൂലമായ നിർവ്വേദം വരേണ്ട ദിക്കായി. അതിന്ന് ആ ബ്രാഹ്മണന്റെ കുറേ നിന്ദാവാക്കുകൾകൂടി കേട്ടാൽ അധ്യകം നന്നായിരിക്കും.

യമൻ—അതുവ്വ്.

നാരദൻ—എന്നാൽ ഞാൻ ബ്രാഹ്മണന്റെ ശകാരവും നത്തെ അർജ്ജുനന്റെ പ്രവൃത്തികളും ഒക്കെ കേൾപ്പാനും കാണ്മാനും പോകട്ടെ.

യമൻ—അങ്ങിനെതന്നെ.

(എന്നു പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം ബ്രാഹ്മണനും അർജ്ജുനനും പ്രവേശിക്കുന്നു)

അർജ്ജുനൻ—(ബുദ്ധിക്ഷയത്തോടുകൂടി)

ഇക്കാണും ഭുവനങ്ങളൊക്കെയഴകിൽ—
പ്പോയിത്തിരഞ്ഞേനഹം
ചൊൽക്കൊള്ളും തവ പുത്രനെ ദ്വിജമണേ!
കണ്ടീലൊരേടത്തിലും;
തൽക്കാലം യമനിന്ദ്രനെന്നു മുതലാം
ദേവാലയം ഭൂതലം
മുഖ്യപ്പെട്ടഹിരാജ്യമെന്നിവ തിര—
ഞ്ഞീടാതെയില്ലുത്തമേ. 95

ആത്മശക്തിസമമായ് ശ്രമിച്ചു ഞാൻ
ആത്മവിത്തമ! കിടച്ചതില്ല തേ

ആത്മജന്റെ കഥകൂടി; യഗ്നിയിൽ
സ്വാത്മനാശമതു ചെയ്യുന്നുണ്ടു ഞാൻ. 96

അ൪—(ദേഷ്യത്തോടുകൂടി)

മുമ്പേ ചൊല്ലീലയോ ഞാൻ മുരരിപുഭഗവാൻ
കയ്യൊഴിച്ചോരുദിക്കിൽ
താമ്പോറിക്കൂടിടേണ്ടെന്നതു? തവ ചെവിയിൽ
കേറിയില്ലപ്പൊഴൊട്ടും;
ഞാമ്പോരന്നോ ജയിപ്പാൻ ത്രിഭുവനമിതഹോ
കാണ്ക ഗാണ്ഡീവമെന്നും
വീമ്പോരോന്നൊന്നോടോതീട്ടൊരു ഫലമിവിടെ-
ക്കണ്ടതഗ്നിപ്രവേശം. 97

കയ്യൂക്കാ വില്ലുമായിശ്ശിവനുടെ തലയിൽ
കൂടിയാടീട്ടുമുണ്ടെൻ
കയ്യിൽ കാഴ്ചും തുടർന്നീടുകിലിതി പലതും
മേനി ചൊല്ലുന്നനേരം
അയ്യിക്കോമാളി വകപ്രഭുവിതി കരുതീ-
ലന്നു ഞാൻ കാലഭേദം;
തിയ്യിൽ കാണില്ല വീഴ്ചും തിറമൊടിനിയുടൻ
പട്ടടയ്ക്കായ് ശ്രമിക്കാം. 98

എന്തൊരു കഷ്ടമാണ്. എന്റെ വിഡ്ഢിത്തം വിചാരിച്ചുനോക്കൂ. ശ്രീകൃഷ്ണഭഗവാൻ വിചാരിച്ചാലും സാധിക്കാൻ കഴിയാത്തത്, താൻ സാധിപ്പിക്കുമെന്നു വിചാരിച്ചു ഭ്രമിച്ചുവല്ലോ.

ഞാനെന്റെ ഭാര്യയോടു ഫൽഗുനനിന്നിമേലിൽ
മാനത്തോടും തവ സുഖം തരുമെന്നിവണ്ണം
ദീനതാമതങ്ങൊഴിയുവാൻ പലതും പറഞ്ഞേൻ
ഹീനാർത്ഥനാം തവ പകിട്ടുകളിൽ ഭ്രമിച്ചു. 99

മേനിക്കണ്ടപ്പുറായിപ്പലരുമവനിയിൽ-
പ്പാർത്തുപോരുന്നതുണ്ടീ-
മാനംകെട്ടോരു കയ്യിൽപ്പണമുടയവരിൽ-
ത്തന്നെ ധാരാളമുണ്ടാം;
നൂനം ഭൂപാലരായീടുകിലിനിയുരചെ-
യ്യേണ്ടതുണ്ടോ നൃപാല-
സ്ഥാനം കേറുന്നതായാലറിവുടയവനും
മൌഢ്യമുണ്ടാകുമല്ലോ. 100

സത്യം ധർമ്മം ശൌര്യമെന്നുള്ളതെല്ലാം
നിത്യം പാർത്താൽ പാർത്ഥനിൽ സിദ്ധമല്ലേ?
മൃത്യുച്ഛേദത്തിന്നൊരുങ്ങുന്നരഞ്ഞോ
മൃത്യുച്ഛേദികളെല്ലാരാംശിഷ്യനാംപോൽ. 101

കാലാരാതിസുതാം പുരാരിഭഗവാൻ-
താനെങ്ങു? ഞാനെങ്ങെടോ?
ഫാലേക്ഷണനൊരു കണ്ണനെങ്ങു? പതിയു-
ള്ളങ്ങെങ്ങുതോല്ക്കാതെ ഞാൻ
ബാലന്തന്നുടെ രക്ഷണത്തു മതിയാ-
മിപ്പാർത്ഥനെന്നോർത്തതെൻ
കാലക്കേടിനിയാരു നിന്നിൽ നിയതം
വിശ്വാസ്യനായ് വന്നിടും? 102

ഇനിക്കിപ്പോൾ മുമ്പിലത്തേതിലധികം സങ്കടമൊന്നും ഇല്ലെന്നു പറയാം. ഇനിക്കു മക്കളുണ്ടായാൽ ഉടൻ മരിക്കുകയാണു് പതിവു്. എന്നാൽ ഈ കുട്ടി ജീവിച്ചുകിട്ടുമെന്നാശിച്ചുപോയതുകൊണ്ടു പതിവിൽ വളരെ അധികം വ്യസനിക്കേണ്ടിവന്നു. അതിലധികം താനൊന്നും ചെയ്യാൻ കഴിയില്ല അല്ലേ?

അർജ്ജുനൻ—(വിചാരം) ഓ! കർണ്ണകഠോരംതന്നെ വാക്കു്.

പ്രാണപ്രയത്നമൊടു ഞാൻ ദ്വിജബാലരക്ഷ-
യ്ക്കാണീ പ്രവൃത്തി മുഴുവൻ ബത ചെയ്തതെന്നാൽ
നാണിപ്പതിന്നുമിടയായ് ഫലമായിടാഞ്ഞു
കേണിപ്പൊഴഗ്നിനടുവിൽ ബത ചാടിടേണം. 103

ബ്രാ—എന്താ ഒന്നും മിണ്ടാത്തതു്? ഇപ്പോൾ തീയിൽ ചാടാൻ കുറച്ചു മടിയുണ്ടെന്നുണ്ടോ?

നിയ്യിച്ചലിച്ചു ദുഃഖ-
ത്തിയ്യിൽച്ചാടിച്ചു ഞങ്ങളെയതിന്നായു്
പൊയ്യായു് ചൊന്നതിനെരിയും
തിയ്യിൽ ചാടുക മടിച്ചു നിൽക്കേണ്ടാ. 104

അർജ്ജുനൻ—വിചാരം.

ബ്രഹ്മവിത്തമരതായിട്ടന്നൊരീ
ബ്രാഹ്മണക്കു ഗുണമൊക്കെയെങ്കിലും
മർമ്മമൊന്നു തുളയും ശകാരമാം
നർമ്മ,മിത്ഥമറിവുണ്ടു മുമ്പു മേ. 105

അല്ലെങ്കിൽ

ഞാൻ ചെയ്യേണ്ടുന്നതു ചെയ്യുവിക്ഷിതിസുര-
പ്രീതിക്കുതകുമാകിലും
ചാഞ്ചല്യം കലരുന്ന ധൈര്യധിയാൽ
കാര്യം ഫലിച്ചില്ലിതിൽ
എങ്ങൊരാരം കുടലും പറിച്ചുകളയും
ക്രൂരാക്ഷരങ്ങൾചൊല്ലിയും
താഞ്ചീറിട്ടൊരു കാര്യമെന്തു തിരിയെ-
ത്താൻകുട്ടിയെക്കിട്ടുമോ? 106

ഇത് ഇവരുടെ ദോഷമല്ല.

ശുദ്ധതാപമേറീട്ടുമിവർക്കടനപ്രിയത്താൽ
ക്രുദ്ധതാപമുള്ളിൽ വരുമേ വെളിവില്ല പിന്നെ
ഇത്തരമന്യോടറിയാതെ ജഗത്തിലോർത്താൽ
ബുദ്ധിത്തികച്ചിൽ കലരുന്നവരാരുമില്ല. 107

അതുകൊണ്ട് ഇതിനെക്കുറിച്ച് പരിഭവമൊന്നും നിരൂപിക്കാനില്ലല്ലോ. എന്തെങ്കിലും പറഞ്ഞോട്ടെ. എന്നല്ല, ഇദ്ദേഹം പറയുന്നതും കാര്യമാണല്ലോ.

കൂടീട്ടുമൃത്യുമമൊടാദ്വിജബാലനേ ഞാൻ
തേടീടിലും കരമതിൽ കിടയാത്തമൂലം
ആടീട്ടുമാശുപ്രതിരക്ഷയതിന്നു തീയിൽ
ചാടീടവേണമിതു നല്ലൊരു കാര്യമല്ലേ? 108

എരികനലിലുടൻ തന്നെ ചാടുന്നോരുനേര-
ത്തെരിയുമൊരു മണിക്കൂറെങ്കിലും പിന്നെ വേഗം

കരിയുമസ്സതമോടീമട്ടു ജീവിച്ചിരുന്നാൽ
പെരിയൊരഴലതാം തീയുള്ളു പൊള്ളിക്കുമെന്നും.

അതുകൊണ്ടു വേഗം അഗ്നിപ്രവേശം കഴിക്കതന്നെ.

ബ്രാ—സത്യസന്ധനായിരിക്കുന്ന അങ്ങേക്ക് അഗ്നിപ്രവേശത്തിൽ മടിവരാൻ പാടുണ്ടോ?

അർജ്ജുന—അങ്ങുന്നു പറയുന്നതു ശരിയാണു. അഗ്നിപ്രവേശം ചെയ്യേണ്ടതായിവന്നു ഇനിക്ക്. അതിന്നു മടിയില്ലതാനും.

മടികൊണ്ടുമരുന്നതല്ല ഞാൻ പ-
ട്ടടക്കുട്ടിത്തരുവാൻ തരത്തിലില്ലോർ
പടുവായൊരു മർത്ത്യനില്ലതാണൊ-
ട്ടിട നിൽക്കേണ്ടിവരുന്നതുന്നതാത്മൻ! 110

ബ്രാ—ഞാൻ പെട്ടട കൂട്ടിത്തരാമല്ലോ. ഒരാളുടെ സത്യം രക്ഷിപ്പാനാവുന്നേടത്തോളം സഹായിക്കേണ്ടതല്ലേ? (എന്നു പട്ടട കൂട്ടിക്കൊടുക്കുന്നു)

അർജ്ജുനൻ—(നോക്കീട്ട്)

മുമ്പിൽപ്പൊങ്ങിപ്പരന്നീടിന പുകയതിനാൽ
ദിക്കു കാണാതെയായീ,
വയ്മ്പായ്പ്പൊട്ടിത്തുടങ്ങീ വിറകുകളിടയിൽ
ജ്വാല കണ്ടും തുടങ്ങീ,
അമ്പമ്പാ ദൂരെ വാങ്ങീ പുക സകലജനം
കാണുമാറങ്ങു പൊങ്ങീ
ജൃംഭിച്ചീടും പ്രഭാസംഘമൊടുടനധികം
തിങ്ങുമാറിത്തുടങ്ങീ. 111

അതുകൊണ്ടു തീയ്യിൽ ചാടുകതന്നെ.

(എന്നു ഗാണ്ഡീവം കയ്യിൽ പിടിച്ചുംകൊണ്ടു അഗ്നിക്കു പ്രദക്ഷിണം വെക്കുന്നു)

ബ്രാ—(സംഭ്രമത്തോടുകൂടി വിചാരം) അയ്യോ! ഈ വിദ്വാൻ തീയ്യിൽ ചാടിക്കളയുമോ! അതു കഷ്ടംതന്നെ.

തനിക്കുതാനന്തപ്പെടിക്ക പാർത്ഥ-
നെനിക്കു ചെയ്യുന്നപകാരമെന്നാൽ
കനക്കുമാദ്ദൈവവിരോധശക്തി
ജനിക്കയാൽ പൊങ്ങിയതത്രെയുള്ളു. 112

ഇദ്ദേഹത്തിന്റെ ബുദ്ധിഗുണവും യഥാശക്തി ചെയ്യു ഉത്സാഹവും വിചാരിച്ചാൽ ഞാൻ വളരെ സന്തോഷിക്കേണ്ടതാണ്. അങ്ങിനെയിരിക്കുമ്പോൾ,

വാറൊട്ടു ചെവികളൊടുൾത്തളിർ
കീറിട്ടുമാററികഠോരവചനങ്ങൾ
കോരിച്ചൊരിഞ്ഞതിന്നെൻ-
ക്രൂരതാമതെന്നുതന്നെ പറയേണം. 113

(അർജ്ജുനനോട്)

ഹേ അർജ്ജുനാ! ഐ! തീയ്യിൽച്ചാടുകയും മററുമൊന്നും വേണ്ട. എന്നല്ല,

സത്യഭംഗമതുകൊണ്ടു വന്നൊരീ-
കൃത്യദോഷമതു ഞാൻ തപസ്സിനാൽ
തീർത്തിടാം തവ ഗുണം നിനക്കയാം,-
മാർത്തിയുണ്ടു തവ നാശമോർക്കിൽ മേ. 114

അർജ്ജു—(തൊഴുതുംകൊണ്ട്)

ഇവിടുത്തെ തപസ്സുകൊണ്ട് എന്റെ സത്യഭംഗദോഷത്തെ കളയാൻ ഇവിടെക്കു ശക്തിയുണ്ടെങ്കിലും ഒന്നു വിചാരിച്ചുനോക്കു. ദുശ്ശസ്സു കളയാൻ പററുമോ?

വിപ്രന്തന്നുടെ പുത്രനേ വിരവൊടും
രക്ഷിച്ചതില്ലെങ്കിലോ
ക്ഷിപ്രം കത്തിയെരിഞ്ഞിടുന്ന കനലിൽ
ചാടുന്നതുണ്ടിങ്ങിനെ
അപ്പോളർജ്ജുനനങ്ങു ചെയ്തു ശപഥം
തീച്ചുട്ടുപേടിച്ചു വി-
ട്ടിപ്പോൾ പാർത്തുവരുന്നവെന്നൊരയശ-
സ്സെൽക്കാതെനനിക്കാകുമോ? 115

ചാവുന്നതാണു ഗുണമീയയശസ്സു കേട്ടു
വേവുന്ന ചിത്തമൊടു വാണുവരുന്നതേക്കാൾ;
ഹേ വന്ദ്യവിപ്രവര! ഞാനതുകൊണ്ടു ചാടാൻ
പോവുന്ന തീയ്യതിലനുഗ്രഹമേകണം മേ. 116

ബ്രാ—എന്തോ കാട്ടുന്നത്? പറഞ്ഞാലൊന്നും ഫലിക്കില്ലെന്നാണ് തോന്നുന്നത്.

വാശിപിടിച്ചാലതിലൊരു
വീശമൊഴിക്കുന്നതല്ല ബഹളുരൻ
ശ്രീശിവശിഷ്യൻ പാർത്ഥൻ;
മോശത്തരമായി വാശികേറിയത്. 117

അർജ്ജു—

സത്യം ദൈവമതെന്നതന്നെ സതതം
വിശ്വാസമേറുന്ന ഞാൻ
നിത്യം കേവലചിൽപുമാന്റെ കൃപയാൽ
മാനത്തൊടിന്നവരെ
എന്നെപ്പോലെ പരോപകാരമയമാം
ധർമ്മത്തെയും സത്യവും
വൃത്യാ ചെയ്യിതു സത്യമോർത്തിനിയുടൻ
ചേരുന്നു ഘോരാഗ്നിയിൽ. 118

(എന്നു പോയി)

ബ്രാ—(ഭയത്തോടും സംഭ്രമത്തോടുംകൂടി)

അരുതരുതു സാഹസം ബഹു-
വിരുതുള്ളപടും പാർത്ഥ! വേണ്ട വേണ്ടിതെടോ;
(ഭഗവാനെ പ്രാർത്ഥിച്ചിട്ട്)
ഉരുതരകൃപയോടു വന്നി-
പ്പരിതാപം തീർത്തുകൊൾക ഗോവിന്ദ! 119

(നേരേ നോക്കീട്ട്)

കോടിക്ഷീണിച്ചുഴിഞ്ഞീടിന തിരുമുടിയും,
തെല്ലു ഭാഗം കിഴിഞ്ഞി-
ട്ടാടിത്താഴത്തിഴച്ചും കനകരുചിയെഴും
പട്ടുമായിട്ടിദാനീം
കോടക്കാർകൊമ്പുകത്തും കൊടിയ രുചിയെഴും
കണ്ണനെത്തീട്ടുടൻ ത-
ള്ളീട്ടുന്നു പാർത്ഥനെച്ചെന്നരുതരുതരുതെ-
ന്നഗ്നിയിൽനിന്നും. 120

ആവു. ഇനി ഭദ്രമായി ഭവനത്തിലേക്ക പോവുകതന്നെ.

(എന്ന് എല്ലാവരും പോയി)

അഞ്ചാമങ്കം

(അനന്തരം നന്ദനും സുദർശനനും പ്രവേശിക്കുന്നു)

നന്ദൻ—

അങ്ങേ ഞാനെത്രനാളായഖിലഋഷികളാ-
പൂർണ്ണനായിട്ടു കണ്ടി-
ട്ടിങ്ങെത്താനെന്തു ബാധാ പറക, യദുവരൻ
കൃഷ്ണനഭ്രമിച്ചിട്ടോ?
ചങ്ങാതിത്തം കലർന്നീടിന തവ മനകൊ-
ണ്ടല്ലയോ വാസുദേവൻ
മങ്ങാതെ കൊന്നൊടുക്കീ മദയുതശിശുപാ-
ലാദിഭൂപാലജാലം.

സുദർശനം—അങ്ങോ; ഞാനിത്രനാളും ദ്വാരകയിലായിരുന്നു. ഇപ്പോഴൊരു കാരണംകൊണ്ടിവിടെ വന്നു എന്നേ ഉള്ളൂ.

നന്ദൻ—എന്താ കാരണം?

സുദ—
കണ്ണൻതിരുവടിയെപ്പൊരു
തിണ്ണനപ്പാർത്ഥനോടുമൊരുമിച്ച്
അർണ്ണോജനേത്രനങ്ങൊരു
കണ്ണിഹ കാണ്മാൻ വരുത്തി വിരവോടെ. 122

നന്ദൻ—ഓ! ശരിതന്നെ. വരുത്താനായിട്ടുത്സാഹിച്ചിട്ടുണ്ടെന്നുള്ളതിനിക്കറിവുണ്ടല്ലോ. കൃഷ്ണാർജ്ജുനന്മാരെ ഇവിടെ വരുത്തുന്നതിന്നുവേണ്ടി ബ്രാഹ്മണപുത്രന്മാരെ പത്തുപേരേയും ഇവിടെ കൊണ്ടുവന്നിട്ടുണ്ടല്ലോ. അങ്ങേ കണ്ട പരിഭ്രമത്തിൽ ഞാനതോർത്തില്ലെന്നേയുള്ളൂ.

സുദർശനം—ശരിയാണത്.

ബന്ധുക്കളെക്കല്ലൊട്ടു കണ്ടിടുമ്പോ-
ളേന്തിക്കളർക്കും പ്രമദോദയത്താൽ
ചിന്തിക്കയില്ലാപ്രകൃതങ്ങളൊന്നു-
മെന്തൊക്കെയെന്നാശ്ശ്ലിവാംവരർക്കും. 123

നന്ദൻ—എങ്ങിനെയാണവർക്കിങ്ങോട്ടു വരാൻ സംഗതിവന്നത്. ബ്രാഹ്മണന്റെ ഇനിയുണ്ടാവുന്ന പുത്രനെ ഞാൻ രക്ഷിച്ചുതരാമെന്നർജ്ജുനൻ സത്യംചെയ്തു എന്നും ആ കുട്ടിയെ ഇങ്ങോട്ടു കൊണ്ടുവന്നതിന്റെ ശേഷം അർജ്ജുനൻ ഉത്സാഹശക്തികൊണ്ടു തന്നാൽതന്നെ വരികവയ്യാത്ത ഈ വൈകുണ്ഠമല്ലാതെ മറേറദിക്കുകളിലെല്ലാം അന്വേഷിച്ചിട്ടും കിട്ടിയില്ലെന്നും പിന്നെ സത്യഭംഗം വരാതിരിപ്പാൻവേണ്ടി അഗ്നിപ്രവേശം ചെയ്യാൻ ഭാവിക്കുന്നു എന്നും നാരദൻ വിഷ്ണുഭഗവാനെ അറിയിച്ചപ്പോൾ ഞാൻ കേട്ടു. പിന്നെ പറഞ്ഞാൽ മതി.

സുദർശനം—

തിയ്യിൽ ചാടുന്നനേരം തിറമൊട്ടു ഭഗവാൻ
വാസുദേവൻ 'സഖേ! നീ
ചെയ്യല്ലേ സാഹസം ചെററി'തി ധൃതിയൊടുടൻ
തിയ്യിൽനിന്നന്തിനീക്കി
കയ്യോടേ പാർത്ഥനോടും കളരുചി കലരും
കാഞ്ചനത്തേരിലേറി-
പ്പെട്ടും മോദാൽ പടിഞ്ഞാട്ടധികജവമൊടും
സൂതനായ്പ്പാച്ചടിച്ചാൻ. 127

ആകുലമില്ലേ തേരതി-
വേഗം പായിപ്പിച്ചിട്ടമ്പൊളൎജ്ജുനനും
മാഴ്കാതേവമമന്ദം
ലോകാലോകംവരക്കുമെത്തിച്ചു. 126

ലോകാലോകം കടന്നു, രവിയുടെ രുചിയ-
ദ്ദിക്കിലില്ലാതെയായി,
പാകംനോക്കിസ്ഫുടംവരുന്നൊരു കരിനിറമാ-
ൎന്നിരുൾക്കൂട്ടമായി,
ആകപ്പോടേ കുഴങ്ങീ കുതിരകളും, വിജയൻ
തെല്ലു സംഭ്രാന്തനായി,
ശ്രീകൃഷ്ണസ്വാമിയപ്പോൾ സ്മിതമൊടു സഖിയോ-
ടിപ്പോഴെന്തെന്നതായി.

അപ്പോൾ അൎജ്ജുനൻ,

അയ്യോ മഹാവിഷമമീപ്പെരുക്കൂരിരുട്ടിൽ
വയ്യൊന്നുമെന്തിനു മുകുന്ദ! പറഞ്ഞിടുന്നു
നിയ്യേ നമുക്കു ശരണം കരുണാകടാക്ഷ-
ക്കയ്യന്നിലാക്കുക ഭവന്മുഖമൊന്നു കാണ്മാൻ. 127

അപ്പോൾ പുഞ്ചിരിതൂകി-
ക്കൊണ്ടപ്പോടു ഭഗവാൻ മുരഘ്ന നമ്മോടായ്
കല്പിച്ചു കൂരിരുളോ-
ന്നിപ്പോൾ ചിന്തിച്ചുകത്തിവയ്ക്കാനായ്. 128

പിന്നെ നമ്മുടയ കാന്തി തെല്ലെട്ട-
ങ്ങൊന്നു കാട്ടി ശതകോടിഭാസ്കരൻ

വന്നുകൂടിയ കണ്ണകൾക്കു,യപ്പൊഴും
ഖിന്നനായി വിജയൻ പ്രമോദയാൽ. 129

അപ്പോൾ അർജ്ജുനൻ;

ഇപ്പൊഴുമില്ലൊരു ഫലം മമ കണ്ണുകൾക്കു
ചിൽപൂരുഷന്റെ തിരുമേനി തിരിച്ചു കാണ്മാൻ
കെല്പോടുമിത്തിരി മിഴിക്കുക വയ്യ പൊട്ടി-
പ്പൊള്ളുകമൊന്നിഹ കുറയ്ക്കുക കാന്തിചക്രം. 130

എന്നർജ്ജുനന്റെ മൊഴിയാൽ ഭഗവാന്റെ ദൃഷ്ടി-
യെന്നിജ്ജനത്തിൽ മൃദുവായി വരുന്നു കണ്ടു;
പിന്നെ പ്രഭാകരനെഴും പ്രഭപോലെയാക്കി
നന്ദിപ്പെടുത്തിയമൃതാംശുകലേന്ദ്രനെ ഞാൻ. 131

അങ്ങനെ കുറച്ചു പോന്നപ്പോൾ

ഗോവിന്ദസ്വാമിതൻനൽപ്പുകളോടു കിടയായ്-
ഭേരികല്ലോലജാല-
ശ്രീ വന്നീടുന്നൊരപ്പാൽക്കടൽ വെള്ളമെല്ലാ-
മ്പോടു കാണായി ദൂരേ;
ആവുന്നോരാദരത്താലവരതു വളരെ-
കണ്ടു കൊണ്ടാടി, മേലേ
പോവുന്നേരത്തു കാണായിതു കനകമഹാ-
ശോഭമാം ദ്വീപമഗ്രേ. 132

വൈകുണ്ഠദേശമതിലായവർ വന്നിറങ്ങി
ശ്രീകണ്ടു വന്നതുള്ളമീപ്പുരി കണ്ടു കണ്ടു

വൈകുണ്ഠവീഥിമയരാമിവർ പോന്നു താനും
കൂർമ്മകൊണ്ടു നിന്നെയിഹ കണ്ടരികത്തു വന്നേൻ. 133

എന്നാൽ അവരുടെ പിന്നാലെ നോക്കംപോവാം.

(എന്നു രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം ശ്രീകൃഷ്ണാർജ്ജുനന്മാർ തേരിൽ കേറി പ്രവേശിക്കുന്നു)

ശ്രീകൃഷ്ണൻ—

കണ്ടില്ലേ പാർത്ഥ! പാരം പുകൾപെരുകിടുമീ-
പ്പട്ടണം ശുദ്ധതങ്കം-
കൊണ്ടല്ലേ നോക്കു മണ്ണീസ്ഥലമതിലിടയിൽ
കല്ലു രത്നങ്ങളല്ലേ
വേണ്ടില്ലേ മറ്റു നോം കണ്ടവയിലിതുവിധം
ഭംഗിയെന്നല്ല ലേശം-
കൊണ്ടില്ല സാമ്യമോതാൻ സകലജഗതിയിൽ
സർവ്വവും നോക്കിയാലും. 134

അർജ്ജുനൻ—(നോക്കീട്ട്)

പാലാണിക്കടലത്രയല്ല കരയും
പൊന്നാണു രത്നവ്രജ-
ത്താലാണിങ്ങിഹ കല്ലുകൂടിയതിലും
പാർത്താലിതാണത്ഭുതം

മേലാണിവക വൃക്ഷജാലവുമഹോ
പൊന്നാണ് നൽകല്പകം-
പോലാണീ വഴികണ്ടതൊക്കവെ ഹിതം
നല്കുന്നതുണ്ടേവനം. 135

(രഥവേഗം നടിച്ചിട്ട്)

ഏ—ഏ—

ചിന്താമണിപ്പുരലുമുണ്ടിഹ കൊച്ചുമുത്താ-
ണെന്താണു ചൊൽവതു സഖേ! മണലുള്ളതെല്ലാം;
ചെന്താമരാക്ഷ! മതിലൊക്കവെ രത്നമാണു;
താന്താർത്തൃണം തല സുരാലയമിപ്പുരിക്കായ്. 136

അങ്ങനെ പറഞ്ഞാൽ പോരാ.

സ്വർഗ്ഗം ദൂരെയല്ലോ,മപ-
വർഗ്ഗം നല്കുന്നോരീപ്പുരി വരുമ്പോൾ;
ദുർഗ്ഗന്ധമെന്നതിന്നിഹ
മാർഗ്ഗങ്ങളിലല്ല നാട്ടിലേയില്ല. 137

(രഥവേഗം നടിച്ച്, നോക്കീട്ട്)

ഇതെന്തൊരു വകക്കാരാണ്?

സൌന്ദര്യമുണ്ടു സുരനാരികൾ തോററിടുംമ-
ട്ടെന്നാലിവർക്കു കനകച്ചിറകുണ്ടു താനും;
തോന്നുമ്പൊഴൊക്കെയഴകോടു പറന്നിടാമീ-
ത്തന്വംഗിമാർക്കു വരരുണ്ടൊരുപോലെതന്നെ. 138

ശ്രീകൃഷ്ണൻ—ഇവരൊക്കെ ഗരുഡന്റെ വംശത്തിലുള്ളാളുകളാണ്. എന്നാലിവർക്ക്,

കാമസുഖാദികളവരവർ
കാമംപോലേ നടത്തുമെന്നാലും
ശ്രീമുരനാശനകൃപയാൽ
ക്ഷേമം മോക്ഷത്തിനുള്ളമട്ടുണ്ട്. 139

സംസാരദുഃഖമൊന്നുമനുഭവിക്കേണ്ട.

(രഥവേഗം നടിച്ചിട്ട്)

ഇവരെ കണ്ടുവോ?

വെള്ളപ്പുള്ളുകളിനെതിരാം നിറമോടു നീല-
പ്പുള്ളിപ്പുള്ളപ്പുടവ നല്ലഴകോടുടുത്തു
ഉള്ളം തെളിഞ്ഞു നിജകാന്തരൊടൊത്തു പാടി-
പ്പുള്ളിക്കുരംഗമിഴിമാർ സുഖമാർന്നിടുന്നു. 140

അർജ്ജുനൻ—(നോക്കീട്ട്)

ഇവരുടെ ശിരസ്സിലൊക്കെ പടം കാണുന്നുണ്ട്.

എന്നുതന്നെയല്ല,

പാട്ടുപാടുന്നനേരത്തി-
ക്കൂട്ടർ കാണുന്നതില്ലഹോ
തിട്ടം കാതും കണ്ണുമൊന്നാ-
യിട്ടാവാമേവമായത. 141

ഇവരൊക്കെ അനന്തന്റെ വംശത്തിലുള്ളവരായിരിക്കും, അല്ലേ?

ശ്രീകൃഷ്ണൻ—അതേ.

സൂര്യരശ്മിയിവർ കൊള്ളുകില്ലഹോ
ശൌര്യമുള്ള വകയാണുകേവലം

ധൈര്യമോടരികിവക്കെഴം വിഷ്ഠ
വിഷ്ഠമുണ്ടുലകു ചുറ്റെരിക്കുവാൻ. 142

എന്നാലും ഇവർ പരോപദ്രവാദിദോഷം ഒന്നും ചെയ്കയില്ല. എന്നുതന്നെയല്ല വളരെ ജ്ഞാനമുള്ളവരുമാണ്. വിശേഷിച്ചും ശബ്ദശാസ്ത്രത്തിങ്കൽ വളരെ പണ്ഡിതന്മാരാണ്.

അർജ്ജുനൻ____അനന്തന്റെ വംശമല്ലേ?

(ഭാവഭേദം നടിച്ചിട്ട്)

കാർവണ്ണം കയ്യു നാലാക്കലതരകനകം
പോലെഴുമ്മേലൊരു വസ്ത്രം
കൈവന്നീടും കൃപപ്പൊൻകൊടി കുടിമതിയായ്—
പാർത്തിടും ദീർഘനേത്രം
ശ്രീവത്സം മാർവ്വിടത്തിൽ പലവിധമിയലും
ശംഖചക്രാദിചിഹ്നം
ഗോവിന്ദപരായയെന്നീവക കലരുമൊരീ—
ക്കൂട്ടരാരായിരിക്കാം? 143

ശ്രീകൃഷ്ണൻ—

വളരെ വളരെക്കാലം ഗോവിന്ദനെ—
ക്കരളിൻതാരിലായ്
തെളിവൊടു വിചാരിച്ചിട്ടുപരാനന്ദം
ഹരിരൂപരായ്
തെളിവിലമരുന്നോരാണിക്കണ്ട ലോ—
കരിവർക്കിനി—
ക്കളവു പറകല്ലെന്നും സംസാരസം—
ഗതിയില്ലെടോ. 144

അർജ്ജു—ഇവർക്കുപോലെ, ഇത്ര ഭാഗ്യവാന്മാരായിട്ടാരുമി
ല്ല. (എന്നു തൊഴുന്നു)

ശ്രീകൃഷ്ണൻ—(ഒരാളെ വിശേഷിച്ചു കാണിച്ചിട്ടു)
ഇദ്ദേഹമാരാണെന്നറിയുമോ?

ശ്രീകൃഷ്ണൻ—സാക്ഷാൽ പ്രഹ്ലാദനാണ്.

സാദംകൂടാതെ കൂട്ടം പടി ഭരിതയതാം
ഭക്തികൊണ്ടിട്ടു താതൻ
ഖേദമ്പാദി ചെയ്തീടിലുമകമിളകാ-
തന്നു ഗോവിന്ദപാദം
വാദംകൈവിട്ടുറപ്പിച്ചിട്ടുമതിസുകൃതി-
ക്കാതലാകുന്നൊരാപ്ര-
ഹ്ലാദൻതന്നോടുതുല്യം പറയുക മധുജിൽ-
ഭക്തരായാരു പാരിൽ? 145

ഇദ്ദേഹമിപ്പോൾ നമ്മളെ കണ്ടിട്ടെതിരേററു വരുന്നു.

അർജ്ജു—(നോക്കീട്ട്)

ധാടിപൂണ്ട ജടയും പെരുത്തൊരാ-
ത്താടിയും കരമതിങ്കൽ വീണയും
പാടിടും വടിവുമായി നാരദൻ
ചാടിയെത്തിടുവതുണ്ടു കണ്ടിതോ? 146

ശ്രീ—കൃ—(നോക്കി പുഞ്ചിരിക്കുന്നു.)

അർജ്ജു—ഈ വരുന്നവരൊക്കെ ആരാണ്? വിഷ്ണുവിനേപ്പോ
ലെതന്നെ ശംഖചക്രാദിചിഹ്നങ്ങളോടുകൂടിയിരിക്കുന്നു.

ശ്രീ—കൃ—നന്ദോപനന്ദാദികളായ പാരിഷദന്മാരാണ്.

(രണ്ടാളേ ചൂണ്ടിക്കാണിച്ചിട്ട്)

ഇവരെ രണ്ടാളെ അറിയുമോ?

അർജ്ജു—ഇല്ല.

പണ്ടുദംഭക്കൊണ്ടു ബലം കലർന്നൊരു ഹിര-
ണ്യാക്ഷാസുരാധീശനായ്
വീണ്ടും കേൾക്കുക കുംഭകർണ്ണരജനീ-
ചാരീന്ദ്രനായ്പിന്നെയും
കൊണ്ടാളും ബലി ദന്തവക്ത്രനൃപനായ്-
ത്താനും ജനിച്ചോരു വൈ-
കുണ്ഠശ്രീഗൃഹപാലനാം വിജയനാ-
ണെന്നങ്ങറിഞ്ഞീടണം. 147

അർജ്ജു—എന്നാലിദ്ദേഹം

ഹിരണ്യകശിപുത്വമോടമരവൈരിയായ്പ്പണ്ടുമാ-
ഹിരണ്യപുരലങ്കയിൽ ദശമുഖത്വമാർന്നും സഖേ!
വരേണ്യശിശുപാലനായ്പ്രഥിതചേദിയിൽ പാർത്തുമ-
ന്നിരുന്നൊരതിവീര്യനാം ജയനുമായി വന്നീടണം.

ശ്രീ-കൃ—അങ്ങിനെതന്നെയാണ്.

വിരവോടു നമ്മുടയോരാഗമം മനം-
നിറവോടു മോദമോടു കണ്ടുകൊണ്ടിവർ
ജവമോടുകൂടിയെതിരേററിടുന്നു നോ-
ക്കവിപന്നമോദമൊടടുത്തു ചെല്ലണം. 149

അർജ്ജുനൻ—(വിചാരം)

ചലിക്കുമാനന്ദജലങ്ങളേറെ-
യൊററാലിക്കുമാക്കണ്ണിണ ചിമ്മിടാതെ
കലക്കമററീടിന ഭക്തിയോടു-
ജ്ജ്വലിക്കുമീ മാന്യരടുത്തുവല്ലോ. 150

അടുത്തു ചെല്ലുകതന്നെ

(എന്നു രണ്ടാളും പോയി)

ആറാമങ്കം.

(അനന്തരം നാരദനും പ്രഹ്ലാദനും പ്രവേശിക്കുന്നു)

നാരദൻ—

കൊണ്ടൽവർണ്ണനൊടുമൊത്തു പാർത്ഥനെ-
ക്കൊണ്ടുവന്നു ഹരി കൗശലത്തിനാൽ
വീണ്ടുമായവരെയൊന്നു കാണുവാൻ-
വേണ്ടിയെന്നതിഹ വേണ്ടതെത്രയും. 151

പ്രഹ്ലാ—

പൂർണ്ണാവതാരമയനായ മുരാരിയേയും
കർണ്ണാരിയേയുമഴകോടു രമാമണാളൻ
കർണ്ണംകവിഞ്ഞ മിഴികൊണ്ടൊരു നോക്കു കാണ്മാൻ
തൂർണ്ണം വരുത്തിയതു നമ്മുടെ ഭാഗ്യമത്രേ. 152

സർവ്വകലാസമ്പൂർണ്ണനായ വിഷ്ണുഭഗവാനെ കാണാമ

ല്ലാ. ഇനിക്കു ശ്രീകൃഷ്ണനേയും അർജ്ജുനനേയും കാണു
മ്പോഴേ വിഷ്ണുഭഗവാനെ കാണുന്നതിനേക്കാൾ ഭക്തിയോ
വിശ്വാസമോ ഒന്നുമൊരു കുറവും തോന്നിയില്ല.

എന്നുതന്നെയല്ല,

ഇഷ്ടമോടുമിഹ കൃഷ്ണർ വന്നു ക-
ണ്ടിട്ടു മോദമുളവായിതെങ്കിലും
വിട്ടുപോയളവു കണ്ണു പോമളവാരോ-
മട്ടു തെല്ലിട മലച്ചുനിന്നു ഞാൻ. 153

ആട്ടെ, അവർ വിഷ്ണുഭഗവാനെ കാണാനായിട്ടു പോയോ?

നാര—സാക്ഷാൽ വിഷ്ണുഭഗവാന്റെ മന്ദിരത്തിനു പ്രദക്ഷിണമായിട്ട്, അകത്തേക്കു കടന്നു. അത്രത്തോളം ഞാൻ കൂടെ പോയിരുന്നു.

പ്രഹ്ലാ—ആട്ടെ, ഭഗവാനെ കാണുക കഴിഞ്ഞിട്ടവർ തിരിയേ വരുമല്ലോ. അപ്പോൾ ഒന്നുകൂടി കാണാം. നോക്ക് ആ വരവു നോക്കാൻ പോക.

(രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം ശ്രീകൃഷ്ണനും അർജ്ജുനനും പ്രവേശിക്കുന്നു)

ശ്രീകൃഷ്ണൻ—

അതിലസന്മണിവെച്ചു പതിച്ച പൊ-
ന്മതിലു കാണുക കണ്മണി ചിന്നിടും;

ഇത ലസിപ്പൂ ഗോപുരമങ്ങു നോ-
ക്കിതിലെ വേണമകത്തു കടക്കുവാൻ. 154

(ഗോപുരപ്രവേശം നടിച്ചിട്ട്, നോക്കീട്ടു)

ചാലേ കാണുന്നു സൌധോപരി നിരനിരവേ
നീലരത്നപ്രകാശ-
ത്താലേ മിന്നുന്ന ശോഭാവലി ശശിയിലെഴും
നൽകളങ്കാഭപോലെ
കാലേ കാണുന്നു കാന്ത്യാ കളതരകമനീ-
വക്ത്രപത്മങ്ങൾ മേലേ
ചേലേറും നൽകളങ്കേ വിലസുമമൃതബി-
ന്ദുക്കൾ മിന്നുന്നപോലെ. 155

അമൃതബിന്ദുവിൽ വണ്ടുകൾപോലെയി-
ക്കമനിമാർവദനേ നയനങ്ങളും
അമരനന്ദന! കാൺക ലസിപ്പതീ-
യമലമന്ദിരമെത്ര മനോഹരം. 156

ഈ ഭവനത്തിലാണ് വിഷ്ണുഭഗവാൻ എഴുന്നള്ളി ഇരിക്കുന്നത്. (ചുററി നടന്നിട്ട്) ഇതാ ഗരുഡൻ വരുന്നു.

(അനന്തരം ഗരുഡൻ വന്ന് ആചാരോപചാരങ്ങൾ ചെയ്യുന്നു)

കൃഷ്ണൻ—

അല്ലേ ഗരുഡ! ഭവാൻ പോയ്
ചൊല്ലേണം ദേവനോടിവിടെ ഞങ്ങൾ
ചൊല്ലേറും നാകമിഴി-
മത്തെല്ലേല്പാൻ കാത്തിട്ടുന്നുവെന്നായി. 157

ഗരുഡൻ—അങ്ങിനെതന്നെ. (എന്നു പോയി രണ്ടാമതും പ്രവേശിച്ചിട്ട്)

ഉടൻ നിനക്കുംപടി നിങ്ങൾ വന്നി-
ട്ടുടക്കൽ നില്ക്കുന്നതു വിഷ്ണുവോടായ്
ചെടിപ്പില്ലായിത്തിരുവുള്ളിലേറി-
ക്കിടക്കുമാറായറിയിച്ചു ഞാനും. 158

വന്നോട്ടേ ബഹുകാലമായിതവരെ-
ക്കാണ്മാൻ കൊതിക്കുന്നു ഞാ-
നിന്നോട്ടേ രസമായി നിർത്തരുതുടൻ
കൊണ്ടിങ്ങു വന്നീടണം;
എന്നോട്ടേറെയലിഞ്ഞിട്ടും തിരുമന-
സ്സോടങ്ങു കല്പിച്ചതേ
ചെന്നോട്ടേ ചിരമൊട്ടു ദേവനരുളും
മേടയ്ക്കകത്തേക്കിനി. 159

(എല്ലാവരും ചുററിനടക്കുന്നു)

(അനന്തരം ബ്രാഹ്മണശിശുക്കളോടും ശ്രീഭഗവതിയോടുംകൂടി അനന്തശയനത്തിന്മേൽ വിഷ്ണുഭഗവാൻ പ്രവേശിക്കുന്നു)

ശ്രീകൃഷ്ണനും അർജ്ജുനനും കണ്ടിട്ടു ഭക്തിയോടുകൂടി കാക്കൽ ചെന്നു വീഴുന്നു.

വിഷ്ണുഭഗവാൻ—(പിടിച്ചെണീപ്പിച്ചിട്ട്)

എന്നാലീ മമ വിശ്വമാകിയ ചോ-
ന്മാരാണു ഭൂമണ്ഡല-
ത്തിന്നാകെപ്പിടിപെട്ട ഭാരമതിനു-
ക്കിത്തീർത്തതെന്നാകിലും

നന്നായ് നിങ്ങടെ ദേഹമൊന്നു വെളിവിൽ
കണ്ടേ സുഖംകൂട്ടവെ-
ന്നെന്നാലോചനകൊണ്ടുപായവഴിയാൽ
പാറിച്ചിതാണിങ്ങിനെ. 160

അല്ലേ പാർത്ഥ! ഭവാനെഴും ഗുണഗണ-
ത്താലേ പ്രസാദിച്ചവ-
നല്ലേ നാം പറയേണ്ട മാധവ! ഭവാൻ
താനാണു ഞാനായതും;
ചൊല്ലേറും പുകൾകൊണ്ടു പുണ്യമിനിയും
ലോകക്കു നൽകും പടി-
ക്കല്ലേ നിങ്ങടെ യാത്ര മേലിലധികം
നിങ്ങൾക്കു നന്നായ്വരും. 161

കൃഷ്ണൻ—(തൊഴുതുംകൊണ്ട്)

സൃഷ്ടിച്ചും മൂന്നുലോകം പുനരതു വിധിയാ-
മ്മട്ടു രക്ഷിച്ചുമന്തേ
പൊട്ടിച്ചീടുന്ന കോപാനലവിഷമതിനാൽ
സർവ്വവും സംഹരിച്ചും
ഒട്ടിച്ചരക്കാസ്സൂളിളക്കുന്നൊരു തവ കളിയാ-
ണോർക്കിലിന്നൊക്കെയെന്നീ
മട്ടിൽ ചിന്തിച്ചിട്ടന്നോർക്കഗതിയൊരുവിധ-
ത്തിങ്കലും തങ്കുകില്ലാ. 162

അർജ്ജു—

കേതിപ്പൊൻപുരയിൽ പൊരുതാ വിഷയോ-
ന്മേഷക്കൊത്തുകൂട്ടവും
നീക്കിപ്പങ്കജനേത്ര! പത്ഥ്യമിയലും
വൈരാഗ്യമോടൊത്തഹോ

യുക്തിപ്പെട്ട വിചാരമാമമൃതു സേവി-
ച്ചാദരത്താൽ ഭവൽ-
ഭക്തിപ്പെൺകൊടിയൊത്തൊഴുന്നൊരു മഹാ-
ന്മാർക്കായ് നമിക്കുന്നു ഞാൻ. 163

വിഷ്ണു—(പുഞ്ചിരിയിടുന്നു)

ശ്രീഭഗവതി—(ചെറിയ കുട്ടിയെ എടുത്തിട്ട്)

അമ്മയ്ക്കു നിന്റെ ചിറികാണ്മതിന്നേറെ മോഹ-
മമ്മിഞ്ഞി നൽകിടുവനൊന്നു ചിരിയ്ക്കുകുഞ്ഞേ;
കാണ്മിക്ക തെല്ലു ചില പല്ലുകൾ വന്നതുച്ച-
യ്ക്കമ്മയ്ക്കു കാട്ടു മകനേ മുഖമൊന്നുയർത്തി. 164

(കുട്ടിയെ ഉമ്മവെച്ചു മുലകൊടുക്കുന്നു)

വിഷ്ണു—(ബ്രാഹ്മണപുത്രരോട്)

കേൾക്കേണമേ പ്രിയമെഴുന്ന കിടാങ്ങളേ! കൺ-
നോക്കേണ്ണാമചരനുമഹോ ജനനിയ്ക്കുമെന്നാൽ
ഇക്കണ്ടൊരാളുകളതിന്നിഹ നിങ്ങളെത്താൻ
കൊണ്ടുപോവതിനു വന്നിതു പോകയല്ലീ? 165

കുട്ടികൾ—

അച്ഛനുമമ്മയുമുണ്ടോ
മെച്ചമൊടിഹ നിങ്ങൾ വിട്ടു ഞങ്ങൾക്ക്
തീർച്ചയിവിടുന്നു പോകെ-
ന്നായ് ചൊല്ലരുതേ വിഷാദമാണതഹോ. 166

വേണ്ടാ വിഷാദമിഹ നിങ്ങടെ താതനേറെ-
ക്കൊണ്ടാടിടും ജനനിയൊത്തിഹ ഞങ്ങൾപോലെ

ഉണ്ടാകയില്ലുഴലൊരിക്കലുമിന്നിയെന്നു
വേണ്ടാ ഇണ്ടങ്ങൾ വരുമൊക്കവെ മേല്ക്കുമേലെ.

കുട്ടികൾ—ഇവിടുന്നു പറഞ്ഞതൊക്കെ ഞങ്ങൾക്കു സന്തോഷം. അല്ലാതെന്താ കാട്ടണേ.

ഗരുഡൻ—(വിചാരം)

ഉണ്ണിയെ വിഷ്ണുവെട്ടത്തി-
ക്കണ്ണന തൽകുന്നു കണ്ണനർജ്ജുനനും;
തിണ്ണന്നേവമിവക്കാ-
യെണ്ണിപ്പണ്ണും കൊടുത്തു മധുവൈരി. 168

കുട്ടികൾക്കു വിട്ടുപോവാൻ വളരെ സങ്കടമുണ്ടെങ്കിലും ശ്രീകൃഷ്ണന്റെയും അർജ്ജുനന്റെയുംകൂടെ പോവാനും രസമുണ്ടെന്നു തോന്നുമവരുടെ മുഖംകണ്ടാൽ.

വിഷ്ണു—ഇങ്ങിനെ നിങ്ങളെയുള്ളിൽ-
തിങ്ങിന മോദത്തോടൊന്നു കണ്ടിടുവാൻ
ഭംഗിയിൽ നേടിയ ബാലരെ-
യങ്ങിഹ തന്നേനന്നൊഴിഞ്ഞു മമ ഭാരം. 169

കൃഷ്ണൻ—

ഉള്ള പാരിടമടച്ചു കാക്കവാ-
നള്ള ഭാരമിവിടേയ്ക്കിരിയ്ക്കവേ
കള്ളവായ്മൊഴികളേവമോതിയാൽ
കൊള്ളുമോ മനസി നാഥ! ഞങ്ങടെ? 170

അർജ്ജു —

ഇനിക്കു ഞാൻ നല്ലൊരു കേമനെന്നും
നിനച്ചിച്ചില്ലെന്നൊരു വീരരെന്നും
കനക്കമഗ്ഗർവ്വു വളർന്നതെല്ലാ-
മിനിക്കിടയ്ക്കില്ല നശിച്ചുപോയീ. 171

(വിഷ്ണുവും കൃഷ്ണനും പുഞ്ചിരിയിടുന്നു)

ഗരുഡൻ —(വിചാരം) ഇതുംകൂടിയുണ്ടല്ലേ കുട്ടികളെ കൊണ്ടുവരുമ്പോഴ് ഭഗവാന്റെ ഉള്ളിൽ.

ശുദ്ധവങ്കത പെട്ടം നമുക്കമീ-
ബുദ്ധി ലേശവുമുദിച്ചതില്ലഹോ!
ഇത്രയെന്തിതിനൊരത്ഭുതം ജഗൽ-
ക്കർത്തൃമായയറിയുന്നതാരഹോ. 172

കൃഷ്ണൻ —

പിരിഞ്ഞുപോയ് ഞങ്ങളതെന്നിരിക്കിലും
പരം ജഗന്നായക! നിങ്കഴൽക്കളേ
നിറഞ്ഞിട്ടും നൽകൃപകൊണ്ടിടക്കിടെ-
ക്കുറഞ്ഞൊരോർമ്മയ്ക്കൊരപേക്ഷയുണ്ടു മേ. 173

വിഷ്ണു — അങ്ങിനെതന്നെ.

ശ്രീഭഗവതി —

വൈദർഭിയെന്നു വെളിവായൊരു പേരുവച്ചു
ഭേദപ്പെടുത്തിയൊരു നമ്മുടെ ശക്തിയേയും
സാദം വെടിഞ്ഞു യദുപുംഗവ! കാണുവാനായ്-
മോദം നമുക്ക കലരാതമരുന്നതല്ല. 174

പക്ഷെ അങ്ങിനെയൊക്കെ കൊണ്ടുവരാൻ ബുദ്ധിമുട്ടല്ലേ എന്നുവിചാരിച്ചുസാഹിപ്പാതിരിക്കേ.

അർജ്ജു—

ദിവ്യമതാകും മിഴിയാൽ
സർവ്വം കാണുന്ന നിങ്ങളീവണ്ണം
ഭവ്യതയൊടുമരുളുന്നതു-
മിവ്യാജക്കളിയിലുള്ള വകഭേദം. 175

വിഷ്ണു—എന്നാലങ്ങിനെയാകട്ടെ. താമസംകൂടാതിനി നിങ്ങളെ തിരിയെ വന്നുകാണ്മാൻ കാത്തിരിക്കുന്നു.

മാനുഷവേഷം പൂണ്ടതി-
മാനുഷമാം കീർത്തിതീർത്ത നിങ്ങളിനി
താനേ നമ്മോടു ചേരുവൊ-
ളാനന്ദം വഴിയെ ഞാൻ വരുത്തീടാം. 176

എന്നാൽ ചെല്ലു.

(പ്രദക്ഷിണംവെച്ചു നമസ്കരിച്ചു ശ്രീകൃഷ്ണാർജ്ജുനന്മാർ പോയി)

വിഷ്ണു—ഇവരെക്കാണ്മാൻ കൊതി മമ
കവിയുന്നു മനസ്സിലായതുനിമിത്തം
ജവമോടനുയാത്രയെന്നൊരു
കബെളത്തോടൊന്നുകൂടി നോക്കട്ടെ. 177

(എന്നു ശ്രീയോടും ഗരുഡനോടുംകൂടിപോയി)

ആറാമങ്കം കഴിഞ്ഞു.

ഏഴാമങ്കം.

(അണിയറയിൽ)

തന്മക്കളെത്തരമൊടൊക്കവെയും രഥത്തിൽ
ചെമ്മേ കരേററി വിജയൻ ഹരിയോട്ടുകൂടി
ഉന്മോദമോടിഹ വരുന്നുവതെന്നു കേട്ടി_
ട്ടുന്മോഹമോടിത വരുന്നു ധരാസുരേന്ദ്രൻ.

(അനന്തരം ബ്രാഹ്മണൻ പ്രവേശിക്കുന്നു)

ബ്രാ—ഇതെന്തൊരത്ഭുതമാണു്? മക്കളെയൊക്കെക്കൊണ്ട ർജ്ജുനൻ വരുന്നുവെന്നു കേട്ടിട്ടും ഇങ്ങിനെ ഇളിച്ചിരിയ്ക്കാണു്. വേഗം വരരുതേ.

ഭാര്യ—(പ്രവേശിച്ചിട്ടു്)

പാരം പെരുത്തു പതറുന്ന രസംനിമിത്തം
ചേരുന്നൊരശ്രുപൊഴിച്ചായ്മിഴി കാണ്മതില്ല;
നേരേ നടക്ക വിഷമം മമ ചെന്നു ദിക്കിൽ
ചേരട്ടെയെന്നു കരുതീട്ടു നടക്കതന്നെ. 179

(എന്നു ചുററിനടന്നു ഭർത്താവിൻെറ മേൽമുട്ടുന്നു)

ബ്രാ—അല്ലേ അർജ്ജുന! നന്നായ്വരും.

(എന്നു ഭാര്യയെ അനുഗ്രഹിക്കുന്നു)

(അനന്തരം അർജ്ജുനനും ശ്രീകൃഷ്ണനും കുട്ടികളും പ്രവേശിക്കുന്നു)

ബ്രാ—(സന്തോഷാശ്രു തുടച്ചുനോക്കീട്ടു)

സന്തോഷം സഹിക്കവയ്യാതെ മോഹാലസ്യപ്പെട്ടു വീഴുന്നു.

അർജ്ജുനൻ—(ചെന്നു പിടിച്ചുതാങ്ങീട്ട്)

അല്ലേ തപോമയനിധേ! തവ പുത്രനേത്ത-
ന്നില്ലെങ്കിലഗ്നിയതിൽ വീഴുവനെന്നുറച്ചു
ചെല്ലുമ്പൊഴീ ഹരി തടുത്തഥ വിഷ്ണുലോക-
ത്തുല്ലാസമോടനുനയിച്ചു നയിച്ചു നമ്മെ. 180

അവിടെ വിഷ്ണുഭഗവാന്റെ അടുക്കൽ ശ്രീഭഗവതി-
യും ഭഗവാനും ലാളിച്ചുകൊണ്ടീകുട്ടികളെ കണ്ടു.

ഹരിതാൻ കൃപകൊണ്ടിനിക്കു തന്നാൻ
വിരുതോടും തവ പുത്രമിങ്ങു പത്തും;
തരമോടിതു ഞാൻ ഭവാനു തന്നേൻ
പരമാശ്വാസമൊടൊത്തു വാങ്ങിയാലും. 181

ബ്രാ—(സന്തോഷംകൊണ്ടിടനെഞ്ചു പൊട്ടിക്കൊണ്ട്)
അങ്ങിനെതന്നെ (എന്നു പാതിയോളം പറഞ്ഞു കണ്ണു കാട്ടുന്നു)

കൃഷ്ണൻ—(വിചാരം)

ഒന്നാമനായ മകനേ വിജയൻ പിടിച്ചു
നന്നായെടുത്തവനിദേവനു നൽകിടുമ്പോൾ
നന്ദ്യാ ഭവാനു ഗുണമാമിനി മേലിലെന്നു-
മെന്നായ് ദ്വിജൻ തലപിടിച്ചു പറഞ്ഞിടുന്നു. 182

ബ്രാഹ്മണൻ ഭാര്യയുടെ കയ്യിൽ കൊടുക്കുന്നു. ഇവർ രണ്ടാളുടേയും സന്തോഷമെന്തു പറയേണ്ടു.

രണ്ടാമത്തെസ്സുതനെ-
ക്കൊണ്ടാപ്പാർത്ഥൻ കൊടുത്തിടുന്നേരം
കൊണ്ടാടി ദ്വിജനൊന്നും
മിണ്ടാതെ രസിച്ചുതന്നെ നില്ക്കുന്നു. 183

പിന്നെ മേടിച്ചു കുറച്ചുകഴിഞ്ഞിട്ടു ഭാര്യയുടെ കയ്യിൽ കൊടുക്കുന്നു.

മൂന്നാമനെശ്ശശികുലേന്ദ്രസുതനായ പാർത്ഥ-
നാർന്നാണ്ടിടും രസമറിഞ്ഞു കൊടുത്തിടുമ്പോൾ
നന്നായ് ച്ചിരിച്ചു കുളുർകുമ്പ കുലുക്കിടുന്ന
ധന്യാശയൻ ധരണിപാനവനാദരിച്ചു. 184

പിന്നെ ഭാര്യയുടെ കയ്യിൽ കൊടുക്കുന്നു.

നാലാമത്തെസ്സുതനെ
കോലാഹലമൊടു കളിച്ചുനില്ക്കുമ്പോൾ
ചാലേ പാർത്ഥനഭീഷ്ടം-
പോലേ നല്കുന്നു മന്നിൽവാനവനായ്. 185

ഏ! ഏ!! ഈ വിദ്വാൻ സന്തോഷത്തിന്റെ ശക്തികൊണ്ടു കുട്ടി കയ്യിൽനിന്നു താഴത്തു വീണതറിഞ്ഞില്ല. ആട്ടെ; ഭാര്യ അപ്പോഴേക്കും പിടിച്ചു.

അഞ്ചാമനാകും മകനെപ്പിടിച്ചു
താഞ്ചാലവേ കയ്യിലെടുത്തു പാർത്ഥൻ
അഞ്ചാതെ വിപ്രന്നു കൊടുത്തിടുന്നു,
സഞ്ചാരമായ്പ്പിന്നു മോദശക്ത്യാ. 186

എന്നല്ല, (സ്പഷ്ടം)

ചെമ്മേ മകനെയെടുത്തിവ-
നമ്മാനക്കളി കളിച്ചിടുന്നല്ലോ;
സമ്മാനമേകിടണമി-
സ്സന്മാനസനാമിവന്നു പാർത്ഥ! ഭവാൻ. 187

അർജ്ജു.—അങ്ങിനേതന്നെ. എന്നു് ആറാമത്തെ പുത്രനെ കൊടുക്കുന്നു.

കൃഷ്ണൻ—(വിചാരം)

ആറാമനാം പുത്രനെയങ്ങെടുത്തു
ക്കൂറോടു വിപ്രൻ കുളുർകുമ്പചേർത്തു
സ്വൈരം കളിപ്പിച്ചു കൊടുത്തിടുന്നു
ദാരങ്ങൾക്കയ്യിൽ ദളിതപ്രമോദം. 188

(ഭാര്യ സന്തോഷത്തോടുകൂടി മേടിക്കുന്നു)

ഏഴാമനായ മകനെപ്പരിചോടു പാർത്ഥ-
നൂഴീസുരന്റെ കരതാരിലണച്ചിടുമ്പോൾ
പാഴായ്ച്ചിരിച്ചിഹ ചിരിച്ചു കിതച്ചു നന്നെ-
ക്കേഴുന്നു മോദമതിനാലവനീസുരേന്ദ്രൻ. 190

എട്ടാമത്തെപ്പുത്രനെദ്ദേവരാജ-
ന്നിഷ്ടംകൂട്ടും നന്ദനൻ നൽകിടുമ്പോൾ
സ്പഷ്ടം തുള്ളിത്തുള്ളി നന്നായ്ച്ചിരിച്ചു-
മട്ടിൽ താഴത്തൊന്നിരിക്കുന്നു വിപ്രൻ. 198

എന്നുതന്നേയല്ല,

എടുത്തു മേല്പോട്ടു കുതിച്ചുചാടി-
ക്കൂട്ടത്തൊരാപ്രീതിപൊറാതെകണ്ടു
കുടസ്ഥനിക്കായ് മുല നൽകുവാനാ-
യ്യോടുത്തിടുന്നുണ്ടു തിരിഞ്ഞുനിന്നു. 191

ഈ കുട്ടിയുടെ മുലകുടി മാറി എന്നുള്ളതൊന്നും ഈ വിദ്വാനറിയുന്നില്ല. ഭാര്യയും ഈ വിദ്വാനു ചേർന്നതുതന്നെ. മുല കൊടുത്തുനോക്കുന്നുണ്ട്. പക്ഷെ കുട്ടി കുടിക്കുന്നില്ലെന്നേയുള്ളൂ.

ആദ്യം താൻ യദുനാഥനുള്ള സഭയിൽ
പാത്തിട്ടുകണ്ടെത്തിയ-
പ്പൃത്ഥ്വീവാനവബാലനെക്കുതുകമോ-
ടൊത്തൊന്നെടുത്തർജ്ജുനൻ
മുത്തിപ്പുഞ്ചിരിയിത്തിരിക്കു ചൊരിയി-
പ്പിച്ചിട്ടു വിപ്രേന്ദ്രനായ്-
പ്രീത്യാ വാങ്ങിട്ടുകൊമ്പതാംമകനെയ-
ന്നേകുന്നു പാകാരിജൻ. 193

ബ്രാഹ്മണനവനേ വാങ്ങി
ബ്രഹ്മാനന്ദം ലഭിച്ച രസമോടേ
നമ്മുടെയരികേ ചേർത്തി-
ട്ടുന്മേഷത്തോടു വിളിച്ചുകാട്ടുന്നു.

(സ്പഷ്ടം)

ഇപ്പുത്രനാണൊരിക പത്തു കിടാങ്ങളും തേ
കല്ഹാരവാണൊരുവിധം നിരൂപിക്കിൽ മൂലം;
ഇപ്പാർത്ഥനിശ്ശിശുവിനെബ്ഭൃത ചത്തുകണ്ടേ-
ന്നൽപ്പൃവിൽ വന്ന കൃപകാരണമാകയാലേ. 194

ബ്രാ—(ചിരിച്ചിട്ട) ശരി, ശരി: ഇങ്ങിനെ ഒരു ഗുണംകൂടി യുണ്ടീമകന്. നല്ല ജാതകമാണെന്നാണ് തോന്നുന്നത്.

കൃഷ്ണൻ—(വിചാരം) ഈ കുട്ടിയെ എടുത്ത് അർജ്ജുനന്റെ കയ്യിൽ കൊടുക്കതന്നെ എന്ന് എടുത്തുകൊടുക്കുന്നു.

അർജ്ജു—(മേടിച്ചിട്ട്)

ചിരിക്കുവാൻ വേണ്ട വലിപ്പമില്ലീ-
ച്ചെറുകിടാവിന്നുടനെങ്കിലും കേൾ
സ്ഫുരിച്ചിടുന്നൂ രസമാനനത്തിൽ
കുറച്ചൊരീച്ചുണ്ടു വിടുക്കമൂലം. 195

എന്നു പറഞ്ഞു ബ്രാഹ്മണന്റെ കയ്യിൽ കൊടുക്കുന്നു.

ബ്രാ—ചിരിച്ചു സന്തോഷം സഹിക്കവെയ്യാഞ്ഞിട്ടു താഴത്തു വീഴുന്നു.

കൃഷ്ണൻ—(വിചാരം) ആവൂ! കുട്ടിക്കൊന്നും തരക്കേടു പററില്ല ഇയ്യാളുടെ വയിററത്തു പററിക്കിടക്കകൊണ്ടു്.

കാന്തൻ രസിച്ചു നൽകും
സന്തോഷാൽ കുട്ടിയേയതെന്നാലും
താന്താൻ പതി കിടാവിനെ-
യേന്തും സംഭ്രാന്തിയോടെടുക്കുന്നു. 196

ബ്രാഹ്മണൻ സന്തോഷംകൊണ്ടതറിയുന്നില്ല.

കുറച്ചാശ്വസിച്ചിട്ട കുട്ടിയെ കാണാഞ്ഞിട്ട് അയ്യോ എന്റെ കുട്ടനെവിടെപ്പോയി എന്നു ഭാര്യയുടെ കയ്യിൽ നോക്കീട്ട് ആവൂ. ഞാൻ കുറേ പേടിച്ചു.

ഭാര്യ—(ബ്രാഹ്മണനോട് സ്വകാര്യമായിട്ട്)

ഇത്രയൊക്കെ ഉപകാരം ചെയ്ത അർജ്ജുനനോടും ഭഗവാനോടും ഇവിടുന്നെന്താ സന്തോഷവാക്കൊന്നും പറയാഞ്ഞത്?

ബ്രാ—

അല്ലേ തരുണി! നമുക്കീ-
വല്ലാതുള്ളൊരു വലിയ സന്തോഷാൽ
ചൊല്ലാവല്ലിദമെന്തെ-
ന്നില്ലാ തന്റെടമായതറിവില്ലേ? 197

ആകട്ടെ, ഇനി ഒക്കെ പറഞ്ഞുകളയാം.

അർജ്ജുനന്റെ അടുക്കൽ ചെന്നിട്ട ശിരസ്സിലനുഗ്രഹിച്ചുംകൊണ്ട്

ഭവൽപ്രസാദം കലരുന്ന സാക്ഷാൽ
ഭവൽപ്രഭാവത്തിനൊരറ്റമുണ്ടോ!
തവ പ്രഭോ! കീർത്തികളിന്നിമേലിൽ
കവിപ്രവീരർക്കു സ്തുതിക്കു കൊള്ളാം. 198

എന്നുതന്നെയല്ല, ഈ മഹാസന്തോഷത്തോടുകൂടി ഞാനങ്ങു ഒന്നനുഗ്രഹിക്കുന്നു.

അങ്ങയുടെ നാമമെല്ലാം
മംഗളമെന്നായ്‌ ഭവിച്ചീടുമവൎക്കു
ഇങ്ങിനെയനവധി സന്തതി
തിങ്ങിന രസമൊടു വളൎന്നു വരുമെന്നും. 199

(ശ്രീകൃഷ്ണന്റെ നേരെ തിരിഞ്ഞിട്ടു്)

ഗോവിന്ദ! നിൻകരുണ കേവലമൊന്നുകൊണ്ടാ-
ണീവന്നതൊക്കെയറിവുണ്ടതിനിക്കു മുമ്പേ;
ശ്രീവന്ദ്യനാകിയ ഭവാനിനി മേല്ക്കുമേലെ
ശ്രീവന്നിടും,
(വിചാരിച്ചിട്ടു്)
മമ വചസ്സിതിനെന്തിനെന്നാൽ.

സജ്ജനപാലനമീവിധ-
മൎജ്ജുനസഖനാം ഭവാൻ കഴിച്ചെന്നാൽ
ഇജ്ജനമൊന്നേ കഴിയൂ
വൎജ്ജനമെന്യേ പുകഴ്ത്തി വാഴ്ത്തീടാം. 201

കൃഷ്ണ—നിങ്ങളെപ്പോലെയുള്ള മഹാബ്രാഹ്മണർ സ്തുതിക്കുന്നതമൃതും, ശകാരിക്കുന്നതു വിഷവുമാണല്ലോ. അതുകൊണ്ടു്,

മഹാന്മാൎക്കു നന്നെന്നു തോന്നുന്നതിന്നായ-
മഹാമോദമോടും തുനിഞ്ഞീടുവൻ ഞാൻ,
മഹീദേവമൌലേ! ഭവാൻപോലെയുള്ളോ-
ൎക്കഹീനപ്രസാദം ജനിക്കുംവിധത്തിൽ. 202

ബ്രാ—(മക്കളെ ഒക്കെ നോക്കീട്ട്)

(ഒമ്പതാമത്തെ മകനെ എടുത്തിട്ടു ഭാൎയ്യയെ കാണിച്ചുംകൊണ്ടു്)

കുഞ്ഞിക്കുട്ടാ! കുട്ട! നീയാണിവണ്ണം
രഞ്ജിപ്പോടും കാൎയ്യമൊപ്പിച്ചതെല്ലാം;
മഞ്ജുശ്രീമൽകീൎത്തിയോടും വിവേകം
ഭഞ്ജിക്കാതേ മംഗളം വന്നിടും തേ. 203

(എന്നനുഗ്രഹിക്കുന്നു)

കൃഷ്ണൻ—(അൎജ്ജുനനോടു്) ഇനി ഞാനെന്താണു് അങ്ങേക്കൊരു സഹായം ചെയ്യേണ്ടതു്?

ചിന്തും ശശാങ്കകുലവംശമണേ! ഭവാൻ
സന്തോഷമാമൊരുവിധം സകലം ശ്രമിപ്പാൻ,
സന്താപമില്ലയി സദാപി സഹായിയെന്നോ-
ടെന്തെങ്കിലും പറക ഞാനതു നേരെയാക്കാം. 204

അൎജ്ജു—വിപ്രേന്ദ്രനാത്മജരെയൻപൊടു കിട്ടി; ഞാനും
ക്ഷിപ്രം കഴിച്ച ശപഥം ബത നേരെയായി;
ഇപ്പോൾ ഭവാനൊരുവിധം കൃപചെയ്കമൂല-
മൊപ്പിച്ചു മാധവ വിഭോ! പരിപൂൎണ്ണമായി.

ഇനിയും വല്ല വിപത്തും
തനിയേ വന്നാലതൊന്നൊഴിച്ചിടുവാൻ
കനിയുംപടിയങ്ങേററിത്തു
സുനയനിധേ! വേണ്ടതില്ലൊന്നും. 206

എന്നാലുമിതിരിക്കട്ടെ

ഭരതവാക്യം.

സജ്ജനമിഹ സൽക്കഥകൊ_
ണ്ടർജ്ജുനമാം കീർത്തി ചേർത്തു വാഴട്ടെ;
ദുർജ്ജനമൊഴിയട്ടേ ഭുവി
മജ്ജനനീഗൌരി ദേവി കനിയട്ടെ.

(എല്ലാവരും പോയി)

ഏഴാമങ്കം കഴിഞ്ഞു.

൧൦൬൩ — തുലാം ൩-൦൯- കാലത്ത് ൮॥ മണിക്കു തുടങ്ങി രാത്രി ൮॥ മണിക്ക് അവസാനിപ്പിച്ചു.

ദ്വിതീയാക്ഷരപ്രാസം

രണ്ടാംവർണ്ണം പ്രാസം
കൊണ്ടാടി പ്രൌഢികാട്ടുമൊരു ധർമ്മം
കുണ്ടാമണ്ടിയിലാക്കി-
ക്കൊണ്ടാക്ഷേപിച്ചിടുന്നു പുതിയ ചിലർ. 1

'ഇതു മാററിവെച്ചുവെന്നാൽ-
പ്പുതുമാതിരിയർത്ഥപുഷ്ടിയുണ്ടാക്കാം'
കുതുകത്തൊടിപ്രകാരം
ചതുരന്മാരർത്ഥലുബ്ധർ പറയുന്നു. 2

'അർത്ഥത്തിനെന്തു ദോഷ,മ-
നർത്ഥം പ്രാസത്തിനാലെ വരുമെന്നോ?
വ്യർത്ഥവിചാരമിതെ'ന്നു സ-
മർത്ഥന്മാരായതിന്നെതിർക്കുന്നു. 3

പലതും ദൃഷ്ടാന്തപ്പടി
സലക്ഷണം പ്രാസമൂലദോഷങ്ങൾ
സുലഭം കാണിക്കുന്നു
സുലളിതകൃതി കണ്ട പൂർവ്വപക്ഷക്കാർ. 4

'പ്രാസത്തിനല്ല ദോഷം
പ്രാസത്തിൽ കൈപ്പഴക്കമില്ലാതേ
വാസന പിഴച്ചവർക്കു ദു-
രാസദമായെങ്കിലാർക്കതിൽക്കുററം? 5

തഞ്ചമറിഞ്ഞ കവീശ്വരർ
കുഞ്ചൻ, തുഞ്ചൻ തുടങ്ങിയ മഹാന്മാർ

നെഞ്ചലിവുംപടി തീർത്തു
കിഞ്ചന ദോഷപ്പെടുന്നതു ചുരുങ്ങും. 6

ദുഷ്കവികൾക്കീപ്രാസം
നിഷ്കർഷിയ്ക്കാതിരുന്നുവെന്നാലും
ശുഷ്കനിരർത്ഥകപദവഴി
ദുഷ്കരദോഷങ്ങൾ പരമതിസുലഭം.’ 7

എന്നുണ്ടുത്തരപക്ഷ-
ത്തിന്നു പുറപ്പെട്ട കൂട്ടർ പറയുന്നു;
ഒന്നുണ്ടിവരുടെ വാദ-
ത്തിന്നു കലാശംവരാൻ ബഹുതെരക്കം. 8

‘ക്ലേശകരം പ്രാസ’മിതാ-
ക്കേശവമതു;മിതിനെതിർത്തു വിപരീതം
‘ക്ലേശതയിതിനില്ലെ’ന്നാ-
പ്പേശലപരമേശപാർശ്വസിദ്ധാന്തം. 9

രണ്ടും കേട്ടിഹ സൂക്ഷ്മം
കണ്ടുംകൊണ്ടൊന്നു ഞാനുരചെയ്യാം;
വീണ്ടും ഗുണമുള്ളേടം
വേണ്ടും പ്രാസം ത്യജിയ്ക്കിലതു ദോഷം. 10

പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും
പ്രാസസൌഭാഗ്യമുണ്ടെ-
ന്നായേ ലോകം രസിയ്ക്കുള്ള കവിതയി,ലതിനാൽ-
ദ്ദ്വിപക്ഷത്തെ നോക്കി
പ്രായേണെ നമ്മളൊട്ട,തിനിടയിൽ വെറും
വാശിവാദം തുടങ്ങി-
ല്ലേ:യേച്ചാൽക്കാസ്യമുണ്ടോ? കവിതകളെഴുതി-
ള്ളൂട്ടിൻ കൂട്ടുകാരേ! 11

ഉദയസിംഹൻ

പല മന്നവരുള്ള രാജപുത്ര-
സ്ഥലമാകുന്ന പരന്ന പാരിടത്തിൽ
ബലമേറിന സാംഗരാമസിംഹൻ
നില 'മീവാറി'നയത്ത്രമാറു വാണു. 1

ഗതികെട്ട കുലത്തിലുത്ഭവിച്ചാ-
ക്ഷിതിഭൃത്തിൻഗൃഹദാസനായൊരുത്തൻ
പ്രതിപത്തിവഴിക്കു കിട്ടുമഭ്യു-
ന്നതി സാധിച്ചിതു സാധു ബാണവീരൻ. 2

പണവും, പടുഭാവവും, പലർക്കും
പ്രണയംതോന്നുമവസ്ഥയും, നടപ്പും
ക്ഷണമായവനൊത്തു; രാജസേവാ-
ഗുണമെന്തൊക്കെയൊരാൾക്കു ചെയ്കയില്ല. 3

പരമുദ്യമശാലി കൃത്യനിഷ്ഠാ-
പരനായ നിന്നു മുറയ്ക്കു ബാണവീരൻ
നരനാഥന തൃപ്തിനേടിനേടി-
സ്ഥിരമാം മന്ത്രിപദത്തിലോളമെത്തി. 4

സചിവോത്തമനായിനിന്നുമായാൾ
ശുചിയാംമട്ടധികാരവും നടത്തി;
പ്രചിതപ്രണയം നൃപന്റെ ചേതാ-
സ്സുചിതംപോലെ ഹരിച്ചു പാട്ടിൽവെച്ചു. 5

ഹൃദയപ്രിയയായ പത്നിപൊയ്പോയ
സദയസ്നേഹനിധാനമക്കലത്തിൽ
'ഉദയൻ' നൃപനുണ്ടൊരുണ്ണി നാട്ടാ-
ർക്കുദയത്തിന്നുയരുന്ന ബാലചന്ദ്രൻ. 6

അവനിൽക്കനിവാലു,മിങ്ങു ഥീവാ-
ഠവനിക്കാരുടെ ഭാഗ്യശക്തിയാലും,
അവനീപതി ജീവിതം വെറുത്തു-
ള്ളവനീ നാട്ടിലിരുന്നിതൊട്ടുകാലം. 7

മകനെസ്സചിവൻറെപക്കലേല്പി-
ച്ചകമേ ദൈവവിചാരമോടൊടുക്കം
സകലത്തിലുമാശ വിട്ടു നമ്മൾ-
ക്കകലത്താം പദമാർന്നു പാർത്ഥിവേന്ദ്രൻ. 8

അഴലാണ്ടൊരു നാട്ടുകാരെ മുന്ന-
ട്ടുഴലാതുള്ളവിധം ഭരിച്ചു മന്ത്രി
അഴകേറിടുമക്കുമാരനേയും
പഴമക്കാരി വളർത്തി പാന്നയമ്മ. 9

ഒരു ബാലകനുണ്ടവൾക്കുമുണ്ണി-
ത്തിരുമേനിക്കു സമാനമാം വയസ്സിൽ
ഇരുപേരെയുമൊന്നുപോലെ നോക്കി-
ഒപ്പുരുമാറി സമവൃത്തിയായ ധാത്രി. 10

പതിവാണിതു ബാണവീരനർവ്വാ-
പതിബാലൻറെയടുത്തു ചെന്നു കാണും;

അതിവത്സലഭാവമോടു വേണ്ടു-
ന്നതിനെല്ലാമൊരു ദൃഷ്ടിവെച്ചുപോരും. 11

ഒരുനാൾ നരനാഥബാലനെക്ക-
ണ്ടുരുവാത്സല്യമിയന്നിരുന്ന മന്ത്രി
വരുമപ്പോൾ വിശാലമാകുമാശ-
ത്തെരുവിൽക്കൂടി മനോരഥം നടത്തി. 12

'അരചന്റെ ദയോദയത്തിൽ മേന്മേ-
ലരമുദ്യോഗമിയന്നുയർന്നൊരീ ഞാൻ
ചിരമൂഴി ഭരിച്ചുവന്നു; ദൈവം
നരയത്താത്തിനു കീഴടങ്ങിനിന്നു. 13

ഇനിയിങ്ങിനെയെത്രകാലമുണ്ടോ
തനിയേ നമ്മുടെയായ രാജ്യഭാരം;
കനിയേണ്ടൊരു തമ്പുരാൻ മുതിർന്നാൽ-
ക്കനിയേണം തലയെന്നു തീർച്ചതന്നെ. 14

ഇരുനാലുവയസ്സുചെന്നിതുണ്ണി-
ത്തിരുമേനിക്കിനിയെട്ടുകൂടിയായാൽ
ഒരു മാററമുദിക്കുമെന്റെ ഭാഗ്യ-
പ്പെരുമാളെങ്ങിനെയായിരിക്കുമാവോ? 15

കരുതേണമെനിക്കു മാർഗ്ഗമൊന്നു,-
ണ്ടരുതേ ദുഷ്ടവിചാരമെന്മനസ്സേ!
പൊരുതേണമടഞ്ഞ ദൈവമായി-
ട്ടുരുതേജസ്സോടു പൌരുഷം ജയിക്കും'. 16

പലതിങ്ങിനെ ചിന്തചെയ്തു വേഗം
നിലകാണാഞ്ഞൊടുവിൽക്കഠോരകർമ്മം
ചലമോടു നടത്തുവാനുറച്ചു
ഫലമാത്മാവിനു പാറുമാറു മന്ത്രി. 17

ഒരുവൻ ബഹുശുദ്ധമെന്നു കാര്യം
നിരുപിച്ചീടിലുമേതുശക്തികൊണ്ടോ
പെരുമാറുമതിന്നു മുമ്പുകൂട്ടി-
ക്കരുതിക്കൊണ്ടറിയുന്നു മറ്റൊരുത്തൻ. 18

നരനാഥഗൃഹത്തിൽ വേലചെയ്യും
ക്ഷുരകൻ കൂറുപെരുത്തിട്ടുന്നൊരുത്തൻ
തരമോടഥ പാന്നയമ്മയെച്ചെ-
ന്നിരവാംപോതു വിളിച്ചുരച്ചു മെല്ലേ:— 19

'ഭയമേ ഭയ'മെന്റെ തമ്പുരാനെ-
സ്വയമേ കാക്കണമെന്റെ പാന്നയമ്മേ!
നയമോറമകന്ന ഹിംസയുണ്ടാം,
ജയമേതെങ്കിലുമിങ്ങു നേടണം നീ. 20

പടുമന്ത്രി കൃതഘ്നനായിവന്നാൽ-
പ്പെട്ടുമാപത്തു നൃപന്നതിപ്പൊളെത്തും;
കടുസാഹസമായവൻ നടത്തും;
വിടുതിക്കുള്ള വഴിക്കു നോക്കുകമ്മേ!' 21

അതുലം ഹൃദി രാജഭക്തിയോടൊ-
ന്നിതുശുദ്ധം ക്ഷുരകൻ പറഞ്ഞനേരം

ഇതു മുമ്പു നിനച്ചുവെച്ചിരുന്നാ-
ച്ചതുരസ്ത്രീമണിയായ പന്ന ചൊന്നാൾ:— 22

‘ഒരു ജീവി ജനിച്ചിലന്നു ദൈവം
കരുതീട്ടുണ്ടവനുള്ള മൃത്യുകാലം;
ഒരു ലേശമിതൊന്നു മാറ്റിവെച്ചാ-
നരുതാർക്കും, വിഫലം മനുഷ്യയത്നം. 23

അതിനീ ബനമാത്യനേകനുണ്ടോ
ക്ഷിതിഭൃൽബാലവധം നടത്തിടുന്നു?
അതിനിന്നു തരംവരില്ല ഞാനി-
ച്ചതിപാറാത്തവിധം തിരിച്ചുവെക്കും. 24

നൃപബാലകനില്ല ജാതകംകൊ-
ണ്ടപമൃത്യുഭയമെന്നു കണ്ടിരിപ്പൂ;
അപരന്നിതു പറ്റിയാലുമുണ്ണി-
ക്കപരാധക്രിയ ചെയ്കിലേൽക്കയില്ലാ. 25

സ്വയമേ നിജപുത്രനെക്കെടുത്തി-
ട്ടുഭയമേതെങ്കിലുമിന്നു ഞാനൊഴിപ്പൂൻ;
നയമേറിന രാജപുത്രർ, ചത്തും
മയമേറുംപടി രാജഭക്തികാട്ടും. 26

നവധാർമ്മികനാർഹഷാവണിക്കിൻ-
ഭവനത്തിൽ ക്ഷിതിപാലബാലനേ നീ
ജവമോടൊളിവായണഞ്ഞു നില്ക്ക-
ണവനംചെയ്തിടുമായവൻ സുശീലൻ. 27

ഉടനിയ്യോരു കൊട്ടയിൽച്ചവററിൻ-
പടലംകൊണ്ടു മറച്ചു കൊണ്ടുപോയ്യോൾ
നടയിൽച്ചില കാവലാളർ നില്ക്കു-
ന്നിടയിൽക്കൂടി നടന്നു നിർവ്വിശങ്കം. 28

നരനാഥകുമാരകൻ കിടക്കും
പരമപ്പട്ടു വിരിച്ച മെത്തയിന്മേൽ
തര,മെന്റെ കിടാവിനെക്കിടത്താം,
മരണം പാറുകിലായവൻ കൃതാർത്ഥൻ. 29

ഇഹ രാജകുലത്തിൽനിന്നു ചോറെൻ-
ഗൃഹജന്മാർ പതിവായ്ബ്ഭുജിച്ചിരുന്നു;
മഹനീയമഹീശജീവനിന്നെൻ-
മഹനീജ്ജീവിതനാശമാണു യുക്തം?. 30

ഇതി ധൈര്യമിയന്നു പാന്ന ചൊല്ലു-
ന്നതിനേക്കേട്ടു ചെരയ്ക്കുവോൻ പകച്ചു;
'മതി, നിൽക്കരുതെ'ന്നു പാന്ന ശാസി-
ച്ചതിവേഗം നൃപബാലനെക്കടത്തി. 31

അതു ചെയ്തുടനാത്മപുത്രനെത്താൻ
പുതുമെത്തപ്പുറമായതിൽക്കിടത്തി;
മൃദുദുഷ്ടനമാത്യകാലനെത്തു-
ന്നതു കാത്തങ്ങിനെ ധന്യയാൾ കിടന്നു. 32

ചരമഘാതകനങ്ങു കൂരിരുട്ടാം
നരകം കാട്ടിടുമർദ്ധരാത്രിയായി

വിരസം വിലസും വിളക്കു മങ്ങി
മരണക്കാഴ്ച മറച്ചിടും പ്രകാരം. 33

ചടുലം പദപാതശബ്ദമെന്യേ
കടുകട്ടാരമെടുത്ത ദുഷ്ടമന്ത്രി
നെടുവാതിൽ തുറന്നകത്തു കേറി;
നെടുവീർപ്പപ്പോളടക്കി നോക്കി പാന്നു. 34

ശിശുവിന്നുടെ നെഞ്ചു നോക്കിയുംകൊ-
ണ്ടശുഭക്കാരനിറക്കിയായുധത്തെ;—
പിശുനക്കിതിനുള്ളിലീഷലുണ്ടോ—
പശുമാരം ശിശുമാരണം നടത്തി. 35

അവളേററമടക്കി നോക്കിയാലും
നവദുഃഖത്താലുയർന്നിതാർത്തനാദം;
അവനാനാലയിൽപ്പരിഭ്രമിച്ചു
ജവമോടോടിയൊളിച്ചു കൂരിരുട്ടിൽ. 36

കരയററഴലാഴിയാണ്ടുറക്കെ-
ക്കരയും ധാത്രി മുഴക്കമൊച്ചകേൾക്കേ
തിരമാലകൾപോലെ വന്നടിഞ്ഞു
തരസാ രാജഗൃഹത്തിലേക്കു ലോകർ. 37

ഒഴുകും രുധിരം പുരണ്ടതെല്ലാം
കഴുകിത്തേച്ചുകളഞ്ഞു മന്ത്രിതാനും
മുഴുകുന്ന പരിഭ്രമത്തൊടല്പം
വഴുകിച്ചെന്നു ജനത്തിരക്കിനുള്ളിൽ. 38

മൃതബാലകനെജ്ജനങ്ങൾ നോക്കി-
ക്കുതഹാഹാരവമൊത്തു തിങ്ങിനില്ക്കേ
കിതയുള്ളൊരു പാന്നയോടു മെല്ലെ-
ക്കിതവൻ മന്ത്രി മുറയ്ക്കു ചെയ്തു ചോദ്യം. 39

അവളുള്ളവിധം മറച്ചൊരല്പം
കവളം ചൊല്ലി: 'കരത്തിരുണ്ട കൂററൻ
ജവമോടു കടന്നു കുട്ടിയെക്കൊ-
ന്നവശം പാഞ്ഞുമറഞ്ഞു കൂരിരുട്ടിൽ'. 40

ഇതു കേട്ടു ജനങ്ങൾ വീണ്ടുമാർത്തു
ചതുരന്മാർ ചിലർ പാഞ്ഞിതാളെ നോക്കാൻ;
അതുപോലപരക്രിയയ്ക്കു വേണ്ടു-
ന്നതു ചെയ്യിച്ചു മുറയ്ക്കു മന്ത്രിവർഗ്ഗം. 41

അഥ നാട്ടു ഭരിച്ചു വേണ്ടമട്ടിൽ
പ്രഥമാനപ്രഭുഭാവമോടു മന്ത്രി;
വ്യഥപൂണ്ടൊരു പാന്ന രാജധാനീ-
കഥ മാററി പരമാർഹഷാഗൃഹത്തിൽ. 42

ഇതുമാതിരി വർത്തകന്റെ വീട്ടിൽ-
പ്പുതുവീരോദയസിംഹരാജരത്നം
ചതുരാംഗന കാപ്പതേ ധരിച്ചീ-
ലതുലാശാവശവത്തി ബാണവീരൻ. 43

ധരണീപതി സാംഗരാമസിംഹൻ
ഭരമോതുംപടിയന്നു കാത്ത രാജ്യം
പരമസ്സചിവൻ നരേന്ദ്രമട്ടിൽ-
ത്തരസാ കാപ്പതിനെത്രയും കുഴങ്ങി. 44

ദുരമൂത്തൊരു മന്ത്രി മന്നനായി,
കരമേററി, നിലവിട്ടു കോഴവാങ്ങി,
നരപാലർ നടത്തിവന്ന ധർമ്മം
നിരസിച്ചു ബത! നിരസിച്ചു ലോകം. 45

ഇതി കേവലമെട്ടുവത്സരംകൊ-
ണ്ടതിദൌസ്ഥ്യം പ്രജകൾക്കു പററിയേററം;

ക്ഷിതിപാലകബാലകൻ വളർന്നു
പ്രതിപക്ഷക്ഷതി പാൎത്തു കാത്തിരുന്നു. 46

അവളായുധവിദ്യ, നീതിശാസ്ത്രം,
നവരാജ്യസ്ഥിതി, നാട്ടുകാർക്കിണക്കം,
ഇവ രാജകുമാരനിൽപ്പുകർത്തി-
ട്ടവനെക്കൊണ്ടു മുതിർന്നു നാടുനേടാൻ. 47

ഒരുനാൾ സചിവൻ നൃപാസനത്തിൽ-
പ്പുരുധാടിപ്പടി കേറി വാണിടുമ്പോൾ
ഒരു ബാലയുവാവു ചെന്നു കേറി-
ട്ടുരുധീരധ്വനിയോടിവണ്ണമോതി:— 48

'നൃപധാടി കൊതിച്ചു മന്ത്രിയാം നീ
കപടംകൊണ്ടു വധിച്ചു ബാലനീഞ്ഞാൻ
സ്വപദത്തിലിതാ കടന്നുവന്നു;
വിപദന്തം തവ ഭാഗ്യമിന്നു തീർന്നു. 49

എന്നോതിനിന്നുദയസിംഹനൃപാലബാല-
നൊന്നോങ്ങിയുക്കിലുടവാളുടവോടു വീശി;
അന്നോളമേയിതറിയാത്തൊരു ബാണവീരൻ
ചെന്നോർമ്മകെട്ടു നരകക്കുഴിയിൽപ്പതിച്ചു. 50

പണ്ടേ താതന്റെ മന്ത്രിപ്പണി പഴകിയൊര-
ബ്ബാണവീരൻ ചതിക്കെ-
ക്കൊണ്ടേവം ഹിംസചെയ്യുന്നിനെ തനതുവശം
വെച്ചുപോരുന്ന രാജ്യം
കണ്ടേററാ രാജപുത്രൻ നിജപിതൃനിധനം
ചെയ്തു പാൎന്നാസഹായം-
കൊണ്ടേ സിംഹാസനത്തിൽക്കയറിയരുളിനാൻ
ധർമ്മരക്ഷാധികാരം.

ഭദ്രകാളീസ്തവം

(അഷ്ടകം)

തീക്കട്ടക്കൺചുകന്നാപ്പുരമഥനകടു-
ക്രോധരക്തത്തുടുപ്പോ-
ടുള്ളിൽച്ചാടിപ്പുറത്തെത്തിയ ഹരതനയേ!
രക്തചാമുണ്ഡി തായേ!
ദീർഘാപാംഗം ചലിപ്പിച്ചടിയനുടെ മഹാ-
ഘോരസംസാരമായാ-
ദുഃഖാവേശം മുടിയ്ക്കു കനിവൊടു 'പതിയേ-
ട'ത്തെഴും ഭദ്രകാളി! 1

കാതിൽ ചാർത്തും ചലൽക്കുണ്ഡലനിലയിലുല-
ഞ്ഞാനസിംഹങ്ങളോരേ-
ജാതിയ്ക്കൊള്ളുച്ചമൊന്നിച്ചലറിയിടപെടും
തന്റെ രൌദ്രാട്ടഹാസം
ഭീതിപ്പെട്ടിട്ടു പെട്ടെന്നസുരപരിഷയിൽ
പ്രേതബോധാർത്തിക്കൂട്ടാൻ
നീതിക്കൊത്തോരമ്മേ! കനിയുക പതിയേ-
ടത്തെഴും ഭദ്രകാളി! 2

ദുഷ്ടന്മാരെക്കെടുക്കാംപടി ദുരിതഭരം
ദൂരദൂരം കെടുത്തും,
ശിഷ്ടന്മാരെപ്പുലർത്താംപടി ശിശിരദൃശാ
പുണ്യപൂരം വളർത്തും,

പുഷ്ടപ്രൌഢപ്രഭാവം പ്രകടമുലകിടം
കാത്തുകൊള്ളുന്ന തായേ!
സ്പഷ്ടം നോക്കി പ്രസാദിച്ചരുളുക പുതിയേ-
ടത്തെഴും ഭദ്രകാളി! ൩

നായന്മാർ ത്തൂക്കകാലിൽ കയറിലിരുകൊള-
ത്തിന്മേലായ് ത്തൂങ്ങിനിന്നി-
ട്ടായംമാറാതെ വാളും പരിചയുമടവി-
ന്നൊത്തിളക്കിക്കളിച്ചും
സ്വായത്തം ഘോര ഘോഷം നരബലി വഴിവാ-
ടെന്നു ഭാവിച്ചു കൂപ്പും
തായത്തിൽ ത്തുള്ളുമമ്മേ! കനിയുക പുതിയേ-
ടത്തെഴും ഭദ്രകാളി! ൪

ലോകക്കാപത്തുപോക്കിപ്പലപടി പുലരു-
മ്മാറു സമ്പത്തിണക്കി-
പ്പോകത്തിൽ ഭക്തിക്കൂട്ടിപ്പരമസുഖഗതി-
ക്കുള്ള മാർഗ്ഗങ്ങൾ കാട്ടി,
ലോകത്രാണം യഥാർത്ഥസ്ഥിതിയിലിഹ നട-
ത്തുന്ന മായേ! പ്രസന്നാ-
ലോകംകൊണ്ടെന്നെ രക്ഷിച്ചരുളുക പുതിയേ-
ടത്തെഴും ഭദ്രകാളി! 5

പ്രത്യക്ഷം ദേവകൾക്കും പ്രകടമൊരു മറ-
വുള്ള മായത്തിനാല-
പ്രത്യക്ഷം ദാനവർക്കും പരമഗതി കൊടു-
ക്കുന്ന കാരുണ്യശീലേ!

സത്യം നീയമ്മയല്ലോ സകലരുടെയുമം-
ജ്ജീവനിർമ്മാണവിത്തേ!
നിത്യം ശ്രേയസ്കമെന്നിൽ കനിയുക പുതിയേ-
ടത്തെഴും ഭദ്രകാളി! 6

യുക്തിക്കൊത്താമസം രാജസമതു വിധമേ
സാത്വികം മൂന്നുമട്ടാം-
സക്തിയേറ്റാക്കുന്ന പൂജാവിധി പലർ പലതും
ചെയ്യിലിങ്ങൊന്നുപോലെ
ഭക്തിയൊന്നേ കണ്ടു നന്ദിച്ചുപരിഗതി കൊടു-
ക്കുന്ന നാനാസ്വരൂപേ!
മുക്തിക്കുൾക്കൂട്ടിയെന്നിൽ കനിയുക പുതിയേ-
ടത്തെഴും ഭദ്രകാളി! 7

എല്ലാമെൻ മക്കളാണീയുലകിലുഴലുമീ-
ജ്ജീവജാലങ്ങളെന്നോ-
ത്തുല്ലാസം കൂട്ടുമാറങ്ങിനെ കരളിൽ വളർ-
ന്നുള്ള വാത്സല്യമോടേ
എല്ലാർക്കും സ്വാത്മബോധത്തിനു പലവഴിയായ്
പാട്ടപെട്ടീടുമമ്മേ!
നല്ലാനന്ദത്തിനെന്നിൽ കനിയുക പുതിയേ-
ടത്തെഴും ഭദ്രകാളി! 8

ഞങ്ങളുടെ സ്വന്തം പുസ്തകങ്ങൾ

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ

കൃതികൾ

ഈ പുസ്തകപരമ്പരയിൽ ഓരോ പുസ്തകത്തിലും പ ന്ധകാവ്യങ്ങളും, പാന, വഞ്ചിപ്പാട്ട്, തുള്ളൽ, കുറത്തി മു തലായ ഗാഥാകൃതികളും, സംസ്കൃതഭാഷയിലുള്ള വ്യായോഗാ ദികളും, ഭാഷാനാടകം ഭാണം മുതലായവയും, കത്തുകളും, അഷ്ടകങ്ങൾ മുതലായി പലവിധത്തിലുള്ള സ്തവങ്ങളും, ഒ ററശ്ലോകങ്ങളും തുടർച്ചയായി പ്രസിദ്ധപ്പെടുത്തിവരുന്നു.

1-ാംപുസ്തകം—വിസ്തരിച്ചുള്ള ജീവചരിത്രം, ഛായ ലായതുള്ളത്. വില 1 0

2. രണ്ടാംപുസ്തകം—ഉള്ളൂർ എസ്. പരമേശ്വരയ്യര കൾ എഴുതിയ ആമുഖോപന്യാസം ഛായ മുതലാ തുള്ളത്. വില 1 4

3. മൂന്നാംപുസ്തകം—കെ. സി. വീരരായൻരാജാ ബി. ഏ., എൽ. ടി. അവർകളുടെ മുഖവുരയും മററു ള്ളത്. വില 1 0

4.	കാദംബരീകഥാസാരം	ടിയാൻ	വില	1	0
5.	ശങ്കരാചാര്യചരിതം	ടി	,,	0	8
6.	കംസൻ	ടി	,,	0	4
7.	തുപ്പൽകോളാമ്പി	ടി	,,	0	4

മാനേജർ,

ലക്ഷ്മീസഹായം പുസ്തകശാല

കോട്ടക്കൽ

തെക്കേമലയാളം.

കേരള സാഹിത്യ
അക്കാദമി